REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

മലയാളരാജ്യം
ചിത്രവാരിക

11th VRISCHIGOM 1110 26th NOVEMBER 1934.



ജാർജ്ജ് രാജകുമാരനും മരിനാരാജകുമാരിയും.
(ഇവർ തമ്മിലുള്ള വിവാഹം ഈ വ്യാഴാഴ്ച ആഘോഷിക്കപ്പെടുന്നതാണ്.)
Universal.

VOL. VII. No. 12


Price As. 2. വില ൨ ണ

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ വൃശ്ചികം ൧൧-ാംനു- തിങ്കളാഴ്ച. | ലക്കം ൧൨

ജാർജ്ജരാജകുമാരനും മെരിനാരാജകുമാരിയും.



രാജകുമാരിയുടെ മാതാപിതാക്കന്മാർ (ഗ്രീസ്സിലെ രാജാവും രാജ്ഞിയും) സഹിതം ബാൽമോറലിൽ നിന്നു ലണ്ടനിലെത്തിയ അവസരത്തിൽ 'കിംഗ്സ്ക്രാസ്' എന്ന സ്ഥലത്തുവച്ചു ഈ ഭാവിദമ്പതികളെ അഭിവാദ്യം ചെയ്യുവാൻ ഒരു വലിയജനാവലി തിങ്ങിക്കൂടിയിരുന്നു. പ്രതിശ്രുതവധൂവരന്മാർ കാറിലിരിക്കുന്നതാണു് ചിത്രം

U. P. S.

നിർദ്ധനനായ ഒരു വീരൻ.

എസ്സ്. ശങ്കരവാര്യർ ബി. ഏ ബി. എൽ.

അററ്ലാൻറിക് മഹാസമുദ്രത്തിൻെറ അപ്പുറത്ത് ഒരു ഭൂഖണ്ഡം ഉണ്ടെന്ന അതുവരെ ആരും മനസ്സിലാക്കിയിരുന്നില്ല. "ലോകം ചെറുതാണ്, അതു പരന്നുകിടക്കുന്നു; അതിൻെറ പടിഞ്ഞാറേഅററത്തെ അതിർത്തി ബ്രിട്ടീഷ്ദ്വീപുകളാണ്." എന്നെല്ലാമായിരുന്നു ജനങ്ങൾ വിശ്വസിച്ചിരുന്നത്. യൂറോപ്പ്, ഏഷ്യാ, വടക്കേ ആഫ്രിക്കാ ഇവയായിരുന്നു അവർ അറിഞ്ഞിട്ടുള്ള ഭൂഖണ്ഡങ്ങൾ. അവരെ ഈ അജ്ഞതയിൽനിന്നു കരകയററിയതു കൊളംബസ്സായിരുന്നു.

ജിനോവാ നഗരത്തിലാണു കൊളംബസ് ജനിച്ചത്. അദ്ദേഹം സാഗരതസ്കരന്മാരോടു പോരാടി. വെനിസ്സിൽനിന്നു അനർഘപദാർത്ഥങ്ങൾ കയററി പുറപ്പെട്ട പല കച്ചവടക്കപ്പലുകളും പിടിച്ചെടുക്കുന്നതിൽ അദ്ദേഹം തൻെറ രാജ്യത്തെ രാജാവിനെ സഹായിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹത്തിൻെറ കപ്പലിനു തീപിടിച്ചു. അപ്പോൾ അദ്ദേഹം കടലിൽ ചാടി ഒരു പങ്കായത്തിൻെറ അവലംബനത്തോടുകൂടി ആറുനാഴികദൂരം നീന്തി കരപററി അസ്തമനസൂര്യന് അഭിമുഖമായി കപ്പലോടിച്ചുപോയാൽ ഒരു പുതിയ ഭൂഖണ്ഡം കണ്ടുപിടിക്കാൻ കഴിയുമെന്നുള്ള ബോധം അദ്ദേഹത്തിനു ഉദിച്ചതു് ഐസ്ലൻഡിൽവച്ചായിരിക്കണം.

അദ്ദേഹം ലിസ്ബണിലുള്ള തൻെറ ഗൃഹത്തിൽ മടങ്ങിവന്നു. ഇററലിക്കാരനായ ഒരു കപ്പലോട്ടക്കാരൻെറ നീലവിലോചനയായ പുത്രിയെ അദ്ദേഹം വിവാഹംചെയ്തു. അററ്ലാൻറിക്മഹാസാഗരത്തിൻെറ അപ്പുറത്തു എന്തായിരിക്കും ഉള്ളതു് എന്നു അദ്ദേഹം ഗാഢമായി ആലോചിക്കാൻ തുടങ്ങി. വിചിത്രമായ ശില്പവേലകൾ ചെയ്തിട്ടുള്ള മരക്കഷണങ്ങൾ, അദൃഷ്ടപൂർവമായ വൃക്ഷശാഖകൾ, അപരിചിതവർഗ്ഗത്തിൽപ്പെട്ട മനുഷ്യരുടെ ശവങ്ങൾ—ഇവയെല്ലാം കണ്ടിട്ടുള്ളതായി നാവികന്മാരിൽനിന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു.

ദിനാന്തസൂര്യൻെറ ദിക്കിലുള്ള ഒരു കരയിൽനിന്നായിരിക്കണം ഈ വസ്തുക്കളെല്ലാം കടൽവഴി കപ്പൽക്കാർക്കു കിട്ടിയിട്ടുള്ളത്. ഒരു കപ്പൽ വാങ്ങണമെന്ന് അദ്ദേഹം തീരുമാനിച്ചു. പോർട്ടുഗലിലെ രാജാവ് അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ ചെവിക്കൊണ്ടു.

ഒരു നൂതനഭൂഖണ്ഡം കണ്ടുപിടിക്കാൻ കൊളംബസ്സ് സന്നദ്ധനായിരിക്കുന്ന കഥ ആ രാജാവ് അദ്ദേഹത്തിൻെറ സചിവന്മാരെ അറിയിച്ചു. കൊളംബസ്സിൻെറ ഉദ്യമത്തെ അവർ വെറും ഭ്രാന്താണെന്നു പറഞ്ഞു പരിഹസിച്ചു. ഒരു കൗശലക്കാരനായ പാതിരി രാജാവിനോട് ഇങ്ങനെ ഉപദേശിച്ചു: "അങ്ങ് കൊളംബസ്സിനെ വെറുപ്പിച്ചയയ്ക്കരുത്. അയാളുടെ കയ്യിൽ സമുദ്രയാത്രയ്ക്കു സഹായിക്കുന്ന പല പ്രമാണങ്ങളും വിവരങ്ങളും ഉണ്ട്. അവ കൈക്കലാക്കി അങ്ങു കുറെ ആളുകളെ പടിഞ്ഞാട്ടു അയച്ചുനോക്കണം. അവരുടെ യാത്ര ഫലപ്രദമാകുന്നെങ്കിൽ അങ്ങയുടെ ഭാഗ്യം. കൊളംബസ്സിനു ഒന്നും കൊടുക്കാതെകഴിക്കാം. അദ്ദേഹത്തിന്റെ കീർത്തിയും സമ്പത്തും കരസ്ഥമാകും." ഈ ഉപദേശം രാജാവിനു വളരെ രുചിച്ചു. അതിൻപ്രകാരം രാജാവ് കുറെ ആളുകളെ കപ്പൽവഴി പശ്ചിമദിക്കിലേക്കു അയച്ചു. കുറെ പടിഞ്ഞാട്ടുചെന്നപ്പോൾ വെള്ളത്തിൽക്കൂടി കപ്പൽ നീങ്ങാതെയായി എന്നും അവിടത്തെ വായു ശ്വസിക്കാൻ വയ്യാതെയായി എന്നും ഉള്ള വ്യാജകഥകളോടെ അവർ തിരിച്ചുവന്നു. രാജാവു തന്നെ ചതിക്കയായിരുന്നു എന്നറിഞ്ഞപ്പോൾ കൊളംബസ്സ് കോപംകൊണ്ടു തുള്ളിയുറഞ്ഞു; ഇനി ഒരുനിമിഷംപോലും താൻ പോർട്ടുഗലിൽ താമസിക്കുന്നില്ല എന്നു തീർച്ചപ്പെടുത്തി അദ്ദേഹം സ്പെയിനിലേക്കു പുറപ്പെട്ടു. ഇതിനിടയ്ക്കു അദ്ദേഹത്തിൻെറ പ്രേയസി മരിച്ചുപോയി. തൻെറ ചെറിയ മകനെയും നടത്തിക്കൊണ്ടു ആ പ്രിയാവിരഹിതൻ കാൽനടയായി യാത്രചെയ്തു. അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ മുഷിഞ്ഞും കീറിയും ഇരുന്നു. വിശപ്പു സഹിക്കാൻ വയ്യാതെ അദ്ദേഹം ഒരു പാതിരിമന്ദിരത്തിൽ ഭിക്ഷുവായി കയറി. ക്ഷീണനും മലിനനും ആയ ആ മഹനീയപുരുഷനെക്കണ്ടു പാതിരിമാർക്കു അനുകമ്പ തോന്നി. പിതാവും പുത്രനും ഭക്ഷണം കഴിച്ചു തീർന്നപ്പോൾ അവർ ആ രണ്ടുപേരെയും അവരുടെ മേലാവിൻെറ മുമ്പിൽ കൊണ്ടുപോയി. അത്ഭുതാവഹമായ ഒരു ഭാഗ്യവിലാസത്താൽ ആ പാതിരിക്കു കൊളംബസ്സിനെ സഹായിക്കാനുള്ള ശേഷിയുണ്ടായിരുന്നു. സ്പെയിനിലെ ഇസബെല്ലാറാണിയുടെ പാതിരിയായിരുന്നു ആ മന്ദിരത്തിലെ അദ്ധ്യക്ഷൻ. കൊളംബസ്സിൻെറ വിവരങ്ങൾ ഗ്രഹിച്ചപ്പോൾ അദ്ദേഹത്തെ പ്രശംസിച്ചു പാതിരിനാഥൻ റാണിക്കു ഒരു ശുപാർശക്കത്ത് എഴുതി അദ്ദേഹത്തെ ഏൽപിച്ചു. പ്രാംശുവും അരോഗദൃഢവും ആഭിജാത്യാഢ്യവും ആയ ശരീരം, വിശാലോന്നതമായ ലലാടം, നിഷ്കളങ്കമായ മുഖം, ചിന്താമഗ്നമായ വീക്ഷണം ഇപ്രകാരമായിരുന്നു കൊളംബസ്സിൻെറ അപ്പോഴത്തെ ആകൃതി. സമുദ്രത്തിൻെറയും സൂര്യാതപത്തിൻെറയും സംഗമത്താൽ കനകവർണ്ണമായിരുന്ന അദ്ദേഹത്തിൻെറ മുഖം പട്ടിണിയും ദാരിദ്ര്യവും നിമിത്തം ഏതാണ്ടു പാണ്ഡുരമായിത്തീർന്നിരുന്നു. അദ്ദേഹത്തിൻെറ ശബ്ദം ഉച്ചവും നിശിതവും പൌരുഷംനിറഞ്ഞതും അഗാധചിന്തയെ സൂചിപ്പിക്കുന്നതും ആയിരുന്നു. അദ്ദേഹം വിനയപുരസ്സരം എല്ലാവരോടും പെരുമാറി ഒരു മനുഷ്യൻെറ മുമ്പിൽ ഈശ്വരസന്നിധിയിലെന്നപോലെ അദ്ദേഹം വണക്കം കാണിച്ചു.

രാജാവും രാജ്ഞിയും അദ്ദേഹത്തിൻെറ വചനങ്ങൾ ശ്രദ്ധിച്ചുകേട്ടു; ഒരുദ്യോഗസ്ഥനെപ്പോലെ അദ്ദേഹത്തെ ബഹുമാനിച്ചു, അദ്ദേഹത്തിൻെറ ചെലവിനുവേണ്ടതെല്ലാം ഉദാരമായി സംഭാവനചെയ്തു. "ഇന്ത്യയും ചൈനയും മാക്കോപോളോ വർണ്ണിച്ചിട്ടുള്ള ജപ്പാനും ഞാൻ കണ്ടുപിടിച്ചുതരാം. അക്രൈസ്തവരുടെ കൈവശത്തിൽനിന്നു വിശുദ്ധകരിശു വീണ്ടെടുക്കാൻ വേണ്ടിടത്തോളം വലിയ ഒരു സൈന്യത്തെ സജ്ജമാക്കാൻമാത്രം സമ്പത്തു ഞാൻ ഉണ്ടാക്കിത്തരാം. പൌരസ്ത്യദേശങ്ങളിലേക്കു കടക്കാനുള്ള വാതലിൻെറ താക്കോൽ തീർത്തുതരാം. ലോകം ഇതേവരെ സ്വപ്നംകണ്ടിട്ടുപോലും ഇല്ലാത്തവിധം വിപുലമായ വാണിജ്യത്തിനും വഴിയുണ്ടാക്കിത്തരാം" എന്നുള്ള കൊളംബസ്സിൻെറ വാഗ്ദാനം വാസ്തവത്തിൽ മഹനീയമായിരുന്നു. എന്നാൽ 'സാരസ'ന്മാരുമായിട്ടുള്ള ദീർഘസമരത്തിൻെറ ഫലമായി സ്പെയിൻദാരിദ്ര്യത്തിൻെറ ചുവ അനുഭവിച്ചുകൊണ്ടിരുന്ന ഒരു സമയമായിരുന്നു അത്. അതുകൊണ്ടു ഈ പുതിയപ്രസ്ഥാനത്തിനായി വീണ്ടും പണം ചെലവിടാൻ രാജതന്ത്രജ്ഞന്മാർ വിസമ്മതം പ്രകടിപ്പിച്ചു. വിജ്ഞന്മാരായ ആ പ്രതിദ്വന്ദികളാൽ കൊളംബസ്സ് പരാജിതനായി. ഏതാണ്ടു കപടവും ഏതാണ്ടു ഭ്രാന്തും കലർന്ന ഒരു കോലമായിട്ടു അവർ കൊളംബസ്സിനെ കണക്കാക്കി. കുഞ്ഞുങ്ങൾപോലും അദ്ദേഹത്തെ അപഹസിച്ചു. കൊളംബസ്സിൻെറ ആശകൾ തകർന്നു. അദ്ദേഹം ജിനോവായിലും ഫ്രാൻസിലും ഇംഗ്ലണ്ടിലെ രാജാവായ ഹെൻറി ഏഴാമൻെറ അടുക്കലും നിവേദനങ്ങൾ സമർപ്പിച്ചു. ഇംഗ്ലീഷ് രാജാവു കൊളംബസ്സിനെ ക്ഷണിച്ചുകൊണ്ടുപോകുവാൻ ഒരു ദൂതനെ അയയ്ക്കുമെന്നായിക്കായി. അപ്പോഴേയ്ക്കു കൊളംബസ്സിൻെറ ആത്മാർത്ഥതയിലും പ്രതിഭാശക്തിയിലും വിശ്വാസം ജനിച്ച ഇസബെല്ലാരാജ്ഞി അദ്ദേഹത്തിനു കപ്പൽ നിർമ്മിക്കാനുള്ള പണത്തിനുവേണ്ടി സ്വന്തം ആഭരണങ്ങൾ പണയംവയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ മൂന്നുചെറുകപ്പലുകൾ പണിയപ്പെട്ടു. "സാൻറാമേരിയാ" എന്ന ഒരു കപ്പലിനു മാത്രമേ മേൽത്തട്ടുണ്ടായിരുന്നുള്ളു. അവയിൽ കയറി സഞ്ചരിക്കയില്ലെന്നു നാവികന്മാർ ശാഠ്യം പിടിച്ചു. ലോകോത്തരമായ സമ്പത്തിൻെറ ഉറപ്പിടമാകാൻ ആഗ്രഹിക്കുന്ന സ്പെയിൻരാജ്യം ആ സമ്പത്തിൻെറ സമ്പാദനത്തിനുള്ള മാർഗ്ഗമായ കപ്പലോട്ടത്തിനു സഹായിക്കാൻ നൽകിയതു ജയിൽപ്പുള്ളികളെയാണ്! നാവികന്മാർ ആകെ എൺപത്തിയെട്ടുപേരുണ്ടായിരുന്നു. ൧൪൯൨ ആഗസ്ററു ൩-ാംനു- പ്രഭാതത്തിൽ പാലോസിൽനിന്നു കൊളംബസ്സ് കപ്പൽയാത്ര ആരം

ഭിച്ചു ഒരു യാചകനായി തൻ ഭിക്ഷയിരന്ന പാതിരിമന്ദിരത്തിൻ സമീപത്തായിരുന്നു പാലോസ്.

കാനറി ദ്വീപുകൾ കഴിഞ്ഞപ്പോൾമുതൽ യാത്രക്കാർക്കു കഷ്ടതകൾ നേരിടാൻതുടങ്ങി. ടെനറിഫ് എന്ന അഗ്നിപർവ്വതം അവരെ ഭയപരവശരാക്കി. പിശാചുകളെയും രാക്ഷസന്മാരെയും ആളുകൾ ഭയപ്പെട്ടിരുന്ന ഒരുകാലത്താണല്ലോ അവർ ജീവിച്ചിരുന്നതു്. കരയുടെ ഛായപോലും കാണാൻവയ്യാത്ത ദൂരത്തിൽ അവർ എത്തിയപ്പോൾ, അതായതു അററ്ലാൻറിക് സമുദ്രത്തിൻെറ നടുക്കു അവർ അകപ്പെട്ടപ്പോൾ, കേവലം ശിശുക്കളെപ്പോലെ അവർ ഏങ്ങിയേങ്ങിക്കരഞ്ഞു. ഈശ്വരകോപത്തിനെ തങ്ങൾ വലിച്ചു തലയിൽ വയ്ക്കുകയാണെന്നും അജ്ഞാതമായ പശ്ചിമദിക്കിലേക്കു കടക്കുമ്പോൾ കുടിച്ചു ചാവുന്നതിനെക്കാൾ ഭയങ്കരമായ ഏതോ മരണത്തിനു തങ്ങൾ ഇരയാകാൻപോകുകയാണെന്നും അവർ വിശ്വസിച്ചു. ഈ സംയാത്രയുടെ ഫലം ആപത്തിൻെറ നിഴൽപോലും ഏശാത്തതായിരിക്കുമെന്നു പറഞ്ഞു കൊളംബസ്സ് അവരെ സമാധാനിപ്പിച്ചു. ആ നൂതനഭ്രുവഭാഗത്തിൽ എത്തിക്കഴിഞ്ഞാൽ അവരിൽ ഓരോരുത്തനും ഒരു കുബേരനാകാമെന്നുള്ള മഹിതമായ പ്രതിഫലവും അദ്ദേഹം അവർക്കു വാഗ്ദാനം ചെയ്തു. എന്നാൽ ദിവസംപ്രതി അവർ എത്രനാഴിക കപ്പലോടിച്ചു എന്നുള്ള പരമാർത്ഥം അദ്ദേഹം ബുദ്ധിപൂർവ്വം അവരിൽനിന്നു ഒളിച്ചുവച്ചു. സഞ്ചാരദൂരത്തിനു വാസ്തവികവും അവാസ്തവികവുമായ രണ്ടു കണക്കുകൾ അദ്ദേഹം സൂക്ഷിച്ചു. വാസ്തവികമായ കണക്കു അദ്ദേഹം മററാരെയും കാണിച്ചില്ല. അവാസ്തവികമായ കണക്കിൽ അസംഖ്യംനാഴിക കുറച്ചുമാത്രമേ ദൈനംദിനസഞ്ചാരദൂരം രേഖപ്പെടുത്തിയിരുന്നുള്ളൂ. ഇക്കണക്കാണു അദ്ദേഹം പരസ്യമായിവെച്ചിരുന്നതു്. താൻ കയറിയിരുന്ന കപ്പലുമായി വേർപിരിയാൻ ഇടയാകുന്നപക്ഷം നേരേ പടിഞ്ഞാട്ടു രണ്ടായിരത്തിഎഴുനൂറുമൈൽ സഞ്ചരിച്ചിട്ടു അർദ്ധരാത്രിമുതൽ മധ്യാഹ്നംവരെ കാത്തുകിടക്കണമെന്നും ആ ദൂരത്തിൽനിന്നു നിശ്ചയമായും കരകാണാൻ കഴിയുന്നതാണെന്നും കൊളംബസ്സ് മററുരണ്ടുകപ്പൽക്കാരോടും ആജ്ഞാപിച്ചിരുന്നു.

അനന്തരം മറെറാരു അനിഷ്ടസംഭവം ഉണ്ടായി. വടക്കുനോക്കിയന്ത്രത്തിലെ സൂചി നേരേവടക്കോട്ടുതന്നെ നില്ക്കാതെയായി. "വടക്കുനോക്കിയന്ത്രത്തിനുപോലും ഈ സ്ഥലത്തു നേരെനില്ക്കാൻ സാധിക്കയില്ലെങ്കിൽ നാം എങ്ങനെയാണു ഇവിടെ കഴിച്ചുകൂട്ടാൻപോകുന്നതു്? നമുക്കെന്തൊരുസഹായമാണുള്ളതു്?" എന്നു യാത്രക്കാർ ചോദ്യംചെയ്തു. ഉത്തരധ്രുവത്തിൻെറ ചുററിനും ഉത്തരനക്ഷത്രം ദിവസംപ്രതി കറങ്ങുന്നതിൻെറ ഫലമായിട്ടാണു വടക്കുനോക്കിയന്ത്രത്തിനു ഈമാററം ഭവിച്ചിരിക്കുന്നതു് എന്നായിരുന്നു കൊളംബസ്സിൻെറ ഉത്തരം. ഈ ഉത്തരംകൊണ്ടു അവർ കുറെനേരത്തേക്കു തൃപ്തിപ്പെട്ടു. എന്നാൽ അസംഖ്യം ഉദയാസ്തമനങ്ങൾ കഴിഞ്ഞിട്ടും ഒരു കരകാണാതെയിരുന്നതുകൊണ്ടു അവരുടെ ഭീതിവർദ്ധിച്ചു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരുമാതിരി നീച്ചെടികളുടെ ഇടയ്ക്കു കപ്പലകപ്പെട്ടപ്പോൾ ആളുകൾ സംഭ്രാന്തരായി. ആ സ്ഥലത്തിനു "സർഗാസ്സോസമുദ്രം" എന്നു കൊളംബസ്സ് പേരുനൾകി. അദ്ദേഹം ഒരുകണക്കിൽ നീച്ചെടിപ്പടപ്പിനിടയിൽനിന്നു തൻെറ കപ്പൽ വെളിയിൽകൊണ്ടുവന്നു. അപ്പോൾ കപ്പൽക്കാററുകൾ അടിക്കാൻതുടങ്ങി. അവയുടെ സഹായത്തോടുകൂടി അദ്ദേഹം യാത്രതുടർന്നു. "കാററുകൾ എപ്പോഴും അതേവഴിയ്ക്കു അടിച്ചുകൊണ്ടിരിക്കയാണെങ്കിൽ നാം എങ്ങനെ തിരിച്ചുപോരും?" എന്നു യാത്രക്കാർക്കു സംശയം തോന്നി. ഒരു ലഹളയുടെ കോൾ കൊണ്ടുകഴിഞ്ഞിരുന്നു ഒടുവിൽ ആളുകൾ പരസ്യമായി കൊളംബസ്സിനോടു ശണ്ഠകൂടി തങ്ങളുടെയെല്ലാം ജീവനെ ബലികഴിച്ചിട്ടു കീർത്തിനേടാൻ സന്നദ്ധനായ ഒരു ഭ്രാന്തനാണു തങ്ങളെ നയിക്കുന്നതെന്നു അവർ പ്രസ്താവിച്ചു. കൊളംബസ്സിനെ പിടിച്ചെടുത്തു കടലിൽ എറിയാമെന്നും അദ്ദേഹം വെള്ളത്തിൽവീണുമരിച്ചുപോയി എന്നു സ്പെയിനിൽചെന്നു പറയാമെന്നും അവർ നിശ്ചയിച്ചു എന്നാൽ അവരോടെല്ലാം കിടനില്ക്കത്തക്ക ഒരാളയിരുന്നു കൊളംബസ്സ്. അദ്ദേഹം ചിലരെ പറഞ്ഞിണക്കി; ചില അത്യാഗ്രഹികൾക്കു കൂടുതൽ പ്രതിഫലങ്ങൾ വാഗ്ദാനംചെയ്തു; ശിക്ഷിക്കുമെന്നു പറഞ്ഞു ചില ഭീരുക്കളെ ഭയപ്പെടുത്തി.

ഇതിനിടയ്ക്കു ഉദ്ദേശം രണ്ടുമാസക്കാലം കഴിഞ്ഞിരുന്നു. അദ്ദേഹം 2700 മൈൽ സഞ്ചരിച്ചു. ജപ്പാൻെറതീരത്തു എത്തേണ്ടകാലമായി എന്നു അദ്ദേഹം ഊഹിച്ചു. പക്ഷെ താൻ വളരെ വടക്കോട്ടു നീങ്ങിയായിരിക്കാം യാത്രചെയ്തതു് എന്നു വിചാരിച്ചു അദ്ദേഹം തെക്കോട്ടു യാത്ര ആരംഭിച്ചു. നാവികന്മാർ അസംതൃപ്തി കുറേശ്ശെ വെളിപ്പെടുത്തുന്നുണ്ടായിരുന്നു.

തദനന്തരം ഒരു വിചിത്രമായ കാഴ്ച അവർ കണ്ടു. അതു ഒക്ടോബർമാസത്തിലെ ഒരു പ്രഭാതത്തിലായിരുന്നു കൊത്തുപണിചെയ്തിട്ടുള്ള ഒരു പലക തിരമാലകളിൽ തൊട്ടിയാടിക്കളിക്കുന്നതായിരുന്നു അക്കാഴ്ച. അടുത്തദിവസം പഴക്കുലകളുള്ള ഒരു മരക്കൊമ്പു അവർക്കു ലഭിച്ചു പിന്നീടു ഒരു വൃക്ഷശാഖയും അവർ കാണുകയുണ്ടായി. ആ ശാഖയിൽ ഒരു കിളിക്കൂടുണ്ടായിരുന്നു. കൂട്ടിൽ തള്ളപ്പക്ഷി മുട്ടകളുടെമീതെ അടയിരിക്കയായിരുന്നു.

ഇതു ഒരു ആശ്ചര്യമായിട്ടു കൊളംബസ്സ് വിചാരിച്ചതിൽ നമുക്കു പക്ഷാന്തരത്തിനു വകയുണ്ടോ? അദ്ദേഹം വിദൂരത്തിലുള്ള ചക്രവാളത്തിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ടിരുന്നു അന്നുരാത്രിതന്നെ ഒരു ദ്വീപം കണ്ടുവെന്നു അദ്ദേഹത്തിനു തോന്നി. വിശ്വസ്തരായ രണ്ടു സഹചരന്മാരെ വിളിച്ചു അവർ എന്താണു കാണുന്നതെന്നു അദ്ദേഹം ചോദിച്ചു. അവർ രണ്ടുപേരും ആ വിളക്കു കണ്ടു. മനുഷ്യനേത്രങ്ങൾ കണ്ടിട്ടുള്ള സർവ്വദീപങ്ങളിലുംവെച്ചു ഏററവും സ്വാഗതാർഹമായിട്ടുള്ളതു് നിശ്ചയമായിട്ടും ആ ദീപംതന്നെയാണു്. അതു ഒരു അത്ഭുതംപോലെയായിരുന്നു. ആ ദീപം നീങ്ങുന്നതുപോലെയും ഇടയ്ക്കിടയ്ക്കു അപ്രത്യക്ഷമാകുന്നതുപോലെയും തോന്നിയതിനാൽ അതു രണ്ടിലൊന്നായിരിക്കാനേ തരമുള്ളു എന്നു അവർ തീർച്ചപ്പെടുത്തി. അതു ഒന്നുകിൽ തിരമാലകളിൽ ഉഴിഞ്ഞാലാടുന്ന ഒരു ചെറുവഞ്ചിയിൽ നിക്ഷേപിക്കപ്പെട്ട ഒരു പന്തക്കുററിയായിരിക്കണം; അല്ലെങ്കിൽ ഏതോ അടുപ്പിലെ തീയായിരിക്കണം; വീചികൾ ഉയരുകയും താഴുകയും ചെയ്യുന്നതിനിടയ്ക്കു ചിലപ്പോൾ അപ്രത്യക്ഷമാകുകയുമായിരിക്കണം.

നേരം പ്രഭാതമായപ്പോൾ സകല സംശയങ്ങളുംതീർന്നു. "കര, കര" എന്നുള്ള നിലവിളി ആകാശത്തിൽ മാറെറാലിക്കൊണ്ടു. അവർ പുതിയ ഭൂഖണ്ഡം കണ്ടുപിടിച്ചു. അതു വെസ്റ്റ്ഇൻഡീസ് എന്ന ദ്വീപമാലയിലുള്ള ഒരു മനോഹരമായ തുരുത്തായിരുന്നു. വൃക്ഷലതാദികളാൽ ഹരിതവും അസംഖ്യം തരംഗിണികളിൽ സൂര്യപ്രകാശം തട്ടുകയാൽ പ്രസന്നോജ്ജ്വലവുമായ ആ ദ്വീപ് അവരുടെ നയനങ്ങളിൽ അമൃതവർഷംചെയ്തു. തങ്ങളുടെ നേതാവിനു ഈശ്വരൻെറ പ്രചോദനംലഭിച്ചിട്ടുണ്ടു് എന്നുള്ള വിശ്വാസത്താൽ നാവികന്മാർ അദ്ദേഹത്തെ ഭയഭക്തിവിവശരായി വീക്ഷിച്ചുകൊണ്ടുനിന്നു. കപ്പലിൽനിന്നു ഒരു ബോട്ടു കടലിലിറക്കുവാനും അതിൽ ആളുകളെ കയററുവാനും ആയുധങ്ങൾ തയാറാക്കാനും കൊളംബസ്സ അനുയായികൾക്കു ആജ്ഞനൽകി. പാമരത്തിൻെറ അഗ്രത്തിൽ സ്പെയിൻപതാക പാറിച്ചുകൊണ്ടും ഏററവും വിശിഷ്ടമായ പട്ടാംബരങ്ങൾ ധരിച്ചുകൊണ്ടും കൊളംബസ്സ് ബോട്ടിൽക്കയറി കരയ്ക്കിറങ്ങി. ബോട്ടിൽനിന്നു കാൽ കരയ്ക്കുകുത്തിയ ഉടനെ അദ്ദേഹം മുട്ടുകുത്തിക്കിടന്നുകൊണ്ടു ഭൂദേവിയുടെ വക്ഷസ്സിൽ ചുംബനംചെയ്തു. ഈശ്വരനോടു നന്ദിപ്രകടിപ്പിക്കുന്നതായ ഒരു പ്രാർത്ഥന ചെയ്തതോടുകൂടി അദ്ദേഹത്തിൻെറ ഇരുകണ്ണുകളിൽനിന്നും ആനന്ദബാഷ്പം കുടുകുടെ പ്രവഹിച്ചു. സ്പെയിനിൻെറ നാമധേയത്തിൽ അദ്ദേഹം ആ ദ്വീപിനെ കൈവശപ്പെടുത്തി; അതിനു സൻസാൽവഡോർ എന്നു പേരിട്ടു.

താൻ അമേരിക്കയുടെ സമീപത്താണു എത്തിയിരിക്കുന്നതെന്നു അദ്ദേഹം അറിഞ്ഞില്ല. ഏഷ്യയുടെ കിഴക്കേവക്കത്തു ജപ്പാനിൽനിന്നു അകലെയുള്ള ഒരു ദ്വീപിലാണു താൻ നിൽക്കുന്നതെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. കിഴക്കൻരാജ്യങ്ങളിലെ സമ്പൽപ്രൌഢിയോ മനോഹരതയോ അവിടെ കാണപ്പെട്ടില്ല. അമൂല്യവസ്ത്രങ്ങൾ ധരിച്ചിട്ടുള്ള ജപ്പാൻകാരെ കാണേണ്ടതിനുപകരം നഗ്നരായ നാട്ടുകാർ വിചിത്രാകൃതികളിൽ ചായമണിഞ്ഞു സഞ്ചരിക്കുന്നതാണു അദ്ദേഹം കണ്ടതു്. ഇന്ത്യയിൽ അധിവസിക്കുന്ന ഒരുവർഗ്ഗം നാട്ടുകാരാണു അവർ എന്നു അദ്ദേഹം തീർച്ചപ്പെടുത്തി, അവരെ ഇൻഡ്യാക്കാരെന്നു വിളിച്ചു. അന്നുതുടങ്ങി ഇന്നുവരെ ആ സ്ഥലത്തുള്ള ദ്വീപസഞ്ചയത്തെ വെസ്റ്റ്ഇൻഡീസെന്നു ജനങ്ങൾ വിളിച്ചുവരുന്നു

നാട്ടുകാർ അത്യന്തം ഭയപ്പെട്ടു. പുതുതായി വന്നിറങ്ങിയ ആളുകൾ അപ്സരസ്സുകളാണെന്നും മാന്ത്രികനൌകകളിൽകയറി അവരെയെല്ലാം നശിപ്പിക്കാനായി കരയ്ക്കി

റങ്ങിയിരിക്കയാണെന്നും നാട്ടുകാർ വിചാരിച്ചു. അവരിൽ ചിലർ സ്വർണ്ണാഭരണങ്ങൾ ധരിച്ചിരിക്കുന്നതുകണ്ടു് സ്വർണ്ണം എവിടെനിന്നു ലഭിച്ചു എന്നു കൊളംബസ്സ് ആംഗ്യഭാഷയിൽ അവരോടു ചോദിച്ചു. അവർ തെക്കോട്ടു ചൂണ്ടിക്കാണിച്ചു. കൊളംബസ്സും കൂട്ടരും വീണ്ടും കപ്പൽകയറി തെക്കോട്ടു സഞ്ചരിച്ചു രണ്ടു ദ്വീപുകൾ കണ്ടുപിടിച്ചു. അവയെ ഇപ്പോൾ ക്യൂബാ എന്നും ഹൈററിഎന്നും നാം വിളിക്കുന്നു. ഹൈററിയിൽവച്ചു സാൻറാമേറിയാഉടഞ്ഞുപോയി. ആ കപ്പലിൻെറ പലകകൊണ്ടു അദ്ദേഹം അവിടെ ഒരു കോട്ട ഉണ്ടാക്കി. അവിടെ ആദ്യത്തെ കുടിപാർപ്പുകാരാകാൻഇച്ഛിച്ച ചില സ്പെയിൻകാർക്കായിട്ടാണു അദ്ദേഹം കോട്ടകെട്ടിക്കൊടുത്തതു്. അനന്തരം അദ്ദേഹം നൈസായിൽകയറി സഞ്ചരിച്ചു. പിൻറായെന്ന ചെറുകപ്പലും അദ്ദേഹത്തെ അനുഗമിച്ചു. പാലോസിൽനിന്നു യാത്രപുറപ്പെട്ടശേഷം എട്ടുമാസംകഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും അവിടെ മടങ്ങിയെത്തി

അതു പ്രധാനപ്പെട്ട ഒരു പ്രത്യാഗമനമായിരുന്നു. ഒരു വിജേതാവിനെയെന്നപോലെ അദ്ദേഹത്തെ ബഹുമാനിച്ചാണു രാജാവു് സ്വീകരിച്ചതു്. അദൃഷ്ടപൂർവ്വങ്ങളായ വിഹംഗങ്ങൾ വൃക്ഷാംകുരങ്ങൾമുതലായി അദ്ദേഹം കൊണ്ടുവന്ന സാമാനങ്ങൾ കണ്ടു് ജനങ്ങൾ അത്ഭുതപ്പെട്ടു. അദ്ദേഹത്തോടുകൂടിവന്നിരുന്ന ആറു വിദേശ്യന്മാരാണു ജനങ്ങളെ ഏററവും ആകർഷിച്ചതു്.

ഇക്കുറി പതിനേഴു കപ്പലുകൾ സജ്ജീകൃതങ്ങളായി. "അഡ്മിറൽ ആഫ്ദിസീ" ആയി കൊളംബസ്സ് പാശ്ചാത്യദിക്കിലേക്കു യാത്രചെയ്തു. ഡൊമിനിക്കാ, സാൻറാക്രൂസുഎന്ന ദ്വീപുകളിൽ അദ്ദേഹം ഇറങ്ങി. താൻ ഹൈററിദ്വീപിൽ ആദ്യയാത്രയിൽ സ്ഥാപിച്ചിരുന്ന കുടിപാർപ്പുസ്ഥലത്തെപ്പററി അന്വേഷിച്ചതിൽ അദ്ദേഹത്തിനുഒരു തുമ്പും കിട്ടിയില്ല. ആ കുടിപാർപ്പുകാരുടെ പൊടിപോലും അവിടെയെങ്ങും കാണാനില്ലായിരുന്നു. അദ്ദേഹം ഒരു പുതിയ കുടിപാർപ്പുസ്ഥലം നിർമ്മിച്ചു; അവിടെ ആളുകളെ പാർപ്പിച്ചു. അദ്ദേഹം ചില സ്വർണ്ണഖനികൾ കണ്ടുപിടിച്ചു, അസംഖ്യം ദ്വീപുകളിൽ പര്യടനംചെയ്തു. പൌരസ്ത്യദേശങ്ങളിലെ ആഡംബരാതിരേകത്തെയും സമ്പൽപ്രഭാവത്തെയും അദ്ദേഹം ആ ദ്വീപുകളിലെല്ലാം ആരാഞ്ഞു, പക്ഷേ അവ അവിടെങ്ങും ഉണ്ടായിരുന്നില്ല.

അദ്ദേഹത്തിൻെറ നാവികന്മാർ അദ്ദേഹത്തിൻെറ ശ്രേയസ്സിൽ അസഹിഷ്ണുക്കളായിരുന്നു. അവർ നാട്ടുകാരോടു നിഷ്ഠുരമായി പെരുമാറി. കൊളംബസ്സിനുരോഗം പിടിപെട്ടു അസ്വസ്ഥമാനസനായി അദ്ദേഹം സ്വദേശത്തേക്കു മടങ്ങിവന്നു. രണ്ടു വർഷത്തിനുശേഷം അദ്ദേഹം മൂന്നാമതൊരു കടൽയാത്രചെയ്തു. ആ യാത്രയിൽ അദ്ദേഹം ട്രിനിഡാഡ്ദ്വീപു കണ്ടുപിടിച്ചു. തെക്കേഅമേരിക്കായിൽ ആദ്യമായി കാൽവെച്ച യൂറോപ്യനെന്ന മഹിതബഹുമതിക്കും അദ്ദേഹം പാത്രമായി.

അത്യന്തഖലന്മാരായ സ്പെയിൻകാർ കൂട്ടംകൂട്ടമായി ഈ നൂതനഭൂഖണ്ഡത്തിൽ കുടിപാർക്കാൻ വന്നു. നാട്ടുകാരെ അടിമക്കുച്ചുവടംചെയ്യുക, അവരെ പലതരത്തിൽ ഹിംസിക്കുക മുതലായ മൃഗീയപ്രവൃത്തികളാണു് അവിടെ പിന്നീടു നടന്നതു്. ഈ ദുഷ്പ്രവൃത്തികളെ കൊളംബസ്സ് ശക്തിപൂർവ്വം തടയുവാൻ ശ്രമിച്ചു. ബോബഡില്ലാ എന്നു പേരുള്ള ഒരു ദുരാത്മാവായിരുന്നു ഹൈററിയിലെ ഗവർണ്ണർ. അയാൾ സാധുജനാനുകമ്പിയായ കൊളംബസ്സിനെ അറസ്ററുചെയ്തു, ശൃംഖലകൾകൊണ്ടു ബന്ധിച്ചു ഒരു കപ്പലിൽ കേററി സ്പെയിനിലേക്കു അയച്ചു. അദ്ദേഹത്തിൻെറ ദേഹത്തിൽനിന്നു ചങ്ങല വേർപെടുത്താമെന്നു കപ്പിത്താൻ സ്വാഭിലാഷം പ്രകടിപ്പിച്ചു. രാജാവു കൽപിക്കുന്നതുവരെ തൻെറ ദേഹത്തിൽനിന്നു ശൃംഖലകൾ അഴിക്കരുതെന്നു കൊളംബസ്സ് പറഞ്ഞു. അദ്ദേഹം സ്പെയിനിൽ എത്തി. ആ വീരപുരുഷനെ ശൃംഖലിതനായി കണ്ടപ്പോൾ രാജാവും രാജ്യവാസികളെല്ലാവരും ആ നിഷ്ഠുരമായ പ്രവൃത്തിയെപ്പററി അത്യന്തം രോഷാകുലരായി. ആ ദുഷ്ക്രിയയ്ക്കു പൂർണ്ണപരിഹാരം അവരുണ്ടാക്കി. തൻെറ ജീവിതത്തിലെ തിക്തമായ ഈ അദ്ധ്യായം കൊളംബസ്സ് ഒരിക്കലും വിസ്മരിച്ചില്ല പൊതുനന്മയ്ക്കു വേണ്ടി താൻ ചെയ്തിട്ടുള്ള പ്രയത്നങ്ങളുടെ പ്രതിഫലമാണെന്നു പറഞ്ഞു് അദ്ദേഹം ആ ചങ്ങലകൾ സൂക്ഷിച്ചുവച്ചു

തൻെറ കണ്ടുപിടിത്തങ്ങളെ തുടരുവാൻ അദ്ദേഹം ഒരു യാത്രകൂടി ചെയ്തു. അദ്ദേഹം അമേരിക്കായിൽ പര്യടനംചെയ്തു. മാർക്കോപോളോ വർണ്ണിച്ചിട്ടുള്ള ചൈനായിലാണു താൻ സഞ്ചരിക്കുന്നതെന്നായിരുന്നു അപ്പോഴും അദ്ദേഹം വിശ്വസിച്ചതു്; മരണംവരെയും അദ്ദേഹത്തിനു ആ വിശ്വാസംതന്നെയായിരുന്നു ഉണ്ടായിരുന്നതു് അദ്ദേഹം മരിച്ചുകഴിഞ്ഞതിൽപിന്നെയാണു് അദ്ദേഹം ഒരു പുതിയ ഭൂഖണ്ഡം വിപുലമായ അമേരിക്കാ—കണ്ടുപിടിച്ചുവെന്നു ആളുകൾ ഗ്രഹിച്ചതു്. ആ ഭൂഖണ്ഡത്തിനു അദ്ദേഹത്തിൻെറ പേരുപോലും ഇല്ലാതെപോയി.

അദ്ദേഹത്തിൻെറ മാഹാത്മ്യത്തിൽ വിശ്വാസം ഉണ്ടായിരുന്ന ഇസബെല്ലാരാജ്ഞി അദ്ദേഹത്തിൻെറ പ്രത്യാഗമനവർഷത്തിൽ ദിവംഗതയായി അദ്ദേഹം ആർക്കായി ഒരു ഭൂഖണ്ഡം സമ്പാദിച്ചുകൊടുത്തുവോ ആ ഫെർഡിനാൻഡുരാജാവു് അദ്ദേഹത്തെ ഉപേക്ഷിച്ചുകളഞ്ഞു അങ്ങനെ കൊളംബസ്സ് നിരാലംബനായി. 1506-ൽ ഒരുദിവസം വല്ലഡോലിഡ്ഡിൽവെച്ചു് ദാരിദ്ര്യത്തിലും അവജ്ഞയിലും അദ്ദേഹം മരിച്ചു. ഒരു നിർദ്ധനൻെറ ശയ്യയിൽ കിടന്നുകൊണ്ടു് അദ്ദേഹം സ്വന്തം ഒസ്യത്തെഴുതി. സമുദ്രങ്ങളും ദ്വീപുകളും രാജ്യങ്ങളും തൻെറ കൈവശമായിരുന്നാലെന്നപോലെ അദ്ദേഹം സ്വകുടുംബത്തിനായി ഒസ്യത്തിൽ ദാനംചെയ്തു അനന്തരം അതിമനോഹരമായ മനുഷ്യസ്വഭാവപ്രതീതിയോടുകൂടി അദ്ദേഹം ഇപ്രകാരം എഴുതി. "ലിസ്ബണിൽ ജൂതത്തെരുവിൻെറ പ്രവേശനദ്വാരത്തിനടുത്തു താമസക്കാരനായ ജൂതനായി ഞാൻ ഒരു വെള്ളിനാണയം നൽകുന്നു"

സ്വന്തം ഭാര്യയ്ക്കും മക്കൾക്കും ഒന്നും സമ്പാദിച്ചുകൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല വിദേശത്തുള്ള ആളുകളെ ഉദ്ധരിക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചു, പ്രവർത്തിച്ചു; പക്ഷേ ആ പ്രവൃത്തിയുടെ ഫലം അവരെ അടിമത്വത്തിലേക്കു ഉന്തിവീഴ്ത്തുകയായിരുന്നു വീരന്മാരുടെ ചരിത്രത്തിൽ ഇത്ര ശോകകലുഷമായ ഒരദ്ധ്യായം കാണുകയില്ല

എന്നാൽ മരണശേഷം അദ്ദേഹത്തിനു നല്ലകാലം വന്നു ദരിദ്രനായ കൊളംബസ്സിനു അനശ്വരമായ യശസ്സു ലഭിച്ചു. അദ്ദേഹത്തിൻേറതിനേക്കാൾ ഉത്തമമായ ഒരു യശഃശരീരത്വം നേടാമെന്നു ഇന്നു ജീവിച്ചിരിക്കുന്നവരിൽ ആർക്കുംതന്നെ ആശിക്കാൻ തരമില്ല.

എവിടുന്നു കിട്ടി?

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

(കേക)

ഓമലാൾക്കെഴും വർണ്ണം ശ്യാമമാണെന്നാലെന്താ?
കോമളാംഗമെൻമിഴിക്കഞ്ജനദ്രവമത്രെ!
ഉള്ളിലെക്കറുപ്പിനെ മൂടുവാൻ സ്മിതപ്പാലാൽ
വെള്ള പൂശിയു കൊണ്ടു വർത്തിക്കും മിത്രമ്മന്യർ—
ഓതുമാറുണ്ടാം ദോഷദൃക്കുകൾ ചില – 'രിയാൾ-
ക്കേതു വൻകാട്ടിൽനിന്നീക്കാക്കക്കുഞ്ഞിനെക്കിട്ടി?'
പൂതചാരിത്രത്തിൻെറ പൊന്മയക്കൂട്ടിൽനിന്നു,
ഭൂതകാരുണ്യത്തിൻെറ പാൽക്കടൽക്കുള്ളിൽനിന്നു,
നിഷ്കളങ്കതയ്ക്കുള്ള നിർമ്മലാകാശത്തിന്നു,
നിസ്വാർത്ഥപ്രേമത്തിൻെറ നിമ്നഗാംബുവിൽനിന്നു,
പറയട്ടെ ഞാൻ – പൂർവ്വവാസനാ മലർ തിങ്ങി
പെരുകും വനത്തിന്നി ജ്ജീവിതാർത്ഥത്തെക്കിട്ടി!
ആ വനം തന്നിലാരും കാണാതെ നിജകാന്തി
തൂവിനിന്നൊരു കൊച്ചുപൂനിലാവെന്നോമലാൾ—
ശ്രീലസൌന്ദര്യത്തിൻെറ ഭൂഷണമെനിക്കില്ല,
ശീലസദ്ഗുണത്തിൻെറ വെണ്മയുമിവനില്ല,
ഞാനിടയ്ക്കോർത്തോർത്തേററ മത്ഭുതപ്പെടാറുണ്ടീ-
ത്തൂനിലാവെൻകൈകളിലെങ്ങനെയൊതുങ്ങിപ്പോയ്?

ദൃഗ്ഗണിതത്തിന്റെ തൽക്കാലസ്ഥിതി.

(ജ്യോത്സ്യൻ, കെ. എൻ. കൃഷ്ണപിള്ള, കൊല്ലം.)

ആർഷകാലാനന്തരമുള്ള ജ്യൗതിഷികൾ ബ്രാഹ്മം, സൌരം, വാസിഷ്ഠം, രൗമശം, പൗലിശം എന്നീപഞ്ചസിദ്ധാന്തങ്ങളെ ആശ്രയിച്ച് ജ്യോതിശ്ശാസ്ത്രത്തിന്റെ അസ്ഥിവാരമായ ഗണിതവിഭാഗത്തെ ഗ്രഹിക്കുകയും, തദനുസരണം ഗണിക്കുകയും ചെയ്തുവന്ന ആ ഗണിതപദ്ധതിയെ അനേക വർഷങ്ങൾക്കുശേഷം ആര്യഭടാചാര്യൻ തത്കാലാനുസൃതമായുള്ള പല പരീക്ഷകൾ നടത്തി ഗണിതം, കാലക്രിയ, ഗോളം ഇങ്ങനെ മൂന്നായി വിഭജിച്ച് ആര്യഭട്ടീയമെന്നഗ്രന്ഥം നിർമ്മിച്ചു ആര്യഭട്ടീയത്തിന്റെ ഉത്ഭവകാലത്തെക്കുറിച്ചു അദ്ദേഹം ഇങ്ങനെ പറയുന്നു

"ഷഷ്ട്യബ്ദാനാംഷഷ്ടി-
ര്യദാവ്യതീതാസ്ത്രയശ്ചയുഗപാദാഃ
ത്ര്യധികാവിംശതിരബ്ദാ
സ്തദേഹമമജന്മനോതീതാ:"

ഈ പദ്യമനുസരിച്ച് കലിവർഷം 3600-ൽ തന്റെ 23-ാമത്തെ വയസ്സിൽ ആയിരുന്നു ആര്യഭട്ടീയം നിർമ്മിച്ചതെന്നും, ആര്യഭടന്റെ ജനനകാലം 3577-ൽ ആയിരുന്നുവെന്നും കാണാൻ കഴിയുന്നുണ്ട്. ഈ ആര്യഭടപദ്ധതിയ്ക്ക് അന്നു പ്രചുരപ്രചാരം സിദ്ധിയ്ക്കുകയും തദനുസരണമായുള്ള ഫലചിന്തകൾ സൂക്ഷ്മമായിരിക്കുകയും ചെയ്തു.

കുറച്ചുകാലംകഴിഞ്ഞപ്പോൾ ആര്യഭടഗണിതപ്രകാരമുള്ള ഫലങ്ങൾക്കു അല്പാല്പ വ്യത്യാസങ്ങൾ കണ്ടുതുടങ്ങുകയാൽ താൽക്കാലികന്മാരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഈ വ്യത്യാസങ്ങളെക്കുറിച്ചു ബുദ്ധിപൂർവ്വം ചിന്തിച്ച് പരീക്ഷിച്ചതിന്റെ ഫലമായിട്ട് ആര്യഭടഗണിതത്തിൽ കാലാനുസരമായ ചില ഭേദങ്ങൾ വരുത്തി. ഈ ഗണിതസമ്പ്രദായം അന്യജൗതിഷികൾ സമ്മതിച്ചു സ്വീകരിച്ചുപോരികയും ചെയ്തു. ഇതത്രെ പ്രസിദ്ധമായ പരഹിതഗണിതം

"പരേഷാംഗണിതംയച്ച
ഹിതം പരഹിതംതുതൽ"

ആര്യഭടഗണിതത്തിന്റെ ആവിർഭാവശേഷം 185 വർഷങ്ങൾകഴിഞ്ഞു കലിവർഷം 3785-ലാണു ഈ പരഹിതഗണിതം സ്ഥാപിതമായതു്. ഭാരതത്തിലുണ്ടായിരുന്ന ജ്യോതിശ്ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായിരുന്ന ആര്യഭടാചാര്യന്റെ ഗണിതവിധിയിൽ കാലാനുസൃതമായ വ്യത്യാസം വരുത്തി അനുഭവസൂക്ഷ്മമാക്കിയപ്പോൾ ആ ഗണിതവിധിയെ—പരഹിതത്തെ -ഭാരതത്തിലുള്ള സർവ്വജ്യൗതിഷികളും ഒന്നുപോലെ ആദരിച്ചു.

ഈവിധത്തിൽ സുസമ്മതമായിത്തീർന്ന പരഹിതഗണിതത്തിനു് ഏഴിൽചില്വാനം ശതാബ്ദം ചെന്നപ്പോൾ ചില അസൂക്ഷ്മതകൾ കണ്ടുതുടങ്ങി. കേരളത്തിൽ ജ്യോതിശ്ശാസ്ത്രപ്രവീണന്മാരായ പല കേരളബ്രാഹ്മണരും ജീവിച്ചിരുന്ന ഒരു കാലമായിരുന്നു അതു്. അവരിൽ ആലത്തൂർഗ്രാമവാസിയെന്നു വിശ്വസിയ്ക്കേണ്ട ഒരു പരമേശ്വരൻനംപൂതിരി ഈ അസൂക്ഷ്മതകളെക്കുറിച്ച് ഗാഢമായി ചിന്തിയ്ക്കുകയും പരീക്ഷിയ്ക്കുകയുംചെയ്തു. ഏകദേശം 53-വർഷത്തെ പരീക്ഷണങ്ങളുടെ ഫലമായിട്ട് അദ്ദേഹം ഈ അസൂക്ഷ്മതകളുടെ കാരണത്തെ വേണ്ടവണ്ണം മനസ്സിലാക്കി തൽക്കാലാനുസരണമായിട്ടുള്ള ഒരു സൂക്ഷ്മമായ നവീനഗണിതപദ്ധതി കണ്ടുപിടിച്ചു. ഈ സംഭവം പരഹിതഗണിതമുണ്ടായി 747 വർഷങ്ങൾകഴിഞ്ഞു കല്യബ്ദം 4532-ലാണെന്നുള്ളതിനു രേഖയുണ്ട്. അനുഭവത്തിൽ സൂക്ഷ്മമായിരുന്ന ഈ നവീനഗണിതപദ്ധതിയ്ക്കു "പ്രായോഭവതിദൃക്സമം"എന്നുള്ളതുകൊണ്ട് 'ദൃക്'എന്ന നാമധേയം സിദ്ധിച്ചു. വളരെ പരീക്ഷണങ്ങൾകൊണ്ടു കണ്ടുപിടിച്ച ഈ നവീനഗണിതപദ്ധതിയെ നിഷ്പ്രയാസം സ്ഥാപിയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. പരഹിതഗണിത സൂക്ഷ്മമാണെന്നും ദൃഗ്ഗണിതം അസാധുവാണെന്നുമുള്ള അഭിപ്രായത്തോടുകൂടി പല ജ്യോതിശ്ശാസ്ത്രജ്ഞന്മാരും അതിനെ എതിർത്തു ആ കൂട്ടത്തിൽ കൂടല്ലൂർ വിദ്വാൻ നംപൂതിരിപ്പാട് ഒരു പ്രധാനി ആയിരുന്നു. ജ്യോതിഷപണ്ഡിതാഗ്രേസരനായിരുന്ന ഇദ്ദേഹവും ദൃഗ്ഗണിതകർത്താവുമായി ഇതുസംബന്ധിച്ചു കുറച്ചുകാലം ഗംഭീരമായ വാദപ്രതിവാദം നടന്നു. ഒടുവിൽ പരഹിതംകൊണ്ടും ദൃക്കൊണ്ടും ഒരേഫലത്തെക്കുറിച്ച് ചിന്തിച്ചിട്ടു ദൃക്സിദ്ധമായ ഫലം അനുഭവത്തിൽ സൂക്ഷ്മമെന്നുകാണിച്ചുകൊടുത്തു. ഈവിധത്തിലുള്ള പല സംഭവങ്ങളുടെ ഫലമായിട്ട് കൂടല്ലൂർ നംപൂതിരിപ്പാട് ദൃഗ്ഗണിതത്തെ വിശ്വസിച്ചു. അതോടുകൂടി അന്യജ്യൗതിഷികളും അതിനെ സ്വീകരിച്ചു. അക്കാലംമുതൽ കേരളത്തിൽ ജാതകപ്രശ്നങ്ങൾക്കു ദൃഗ്ഗണിതം സ്വീകരിക്കുകയും പരഹിതം നിശ്ശേഷം നശിക്കാതിരിപ്പാനായി മുഹൂർത്തകാര്യങ്ങൾക്കെല്ലാം അതു സ്വീകരിയ്ക്കുകയുംചെയ്തു. എന്നാൽ ദൃഗ്ഗണിതത്തിനു് കേരളത്തിൽ ഇത്രയും പ്രാധാന്യം സിദ്ധിച്ചെങ്കിലും പരദേശങ്ങളിൽ യാതൊരുപ്രാമാണ്യവും ലഭിച്ചില്ല. ഇന്നും പരഹിതം തന്നെയാണു് പരദേശങ്ങളിൽ സ്വീകരിയ്ക്കുന്നതു്. ഈ അടുത്തകാലങ്ങളിൽ അന്യദേശങ്ങളിൽ ചിലയിടത്തു ദൃഗ്ഗണിതം വിശ്വസിയ്ക്കുന്നതായി അറിയുന്നുണ്ട്.

ഇപ്രകാരം സർവ്വജനവിശ്വസനിയമായിതീർന്ന ഈ ദൃഗ്ഗണിതത്തിനു ഇപ്പോൾ 500ൽപരം വർഷത്തെ പഴക്കമുണ്ടായിരിയ്ക്കുന്നു. ഇതിനെ ആധാരമാക്കിയുള്ള ഫലചിന്തകളിലും സൂക്ഷ്മവ്യത്യാസങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഗണിതംമുഖേന കണ്ടുപിടിയ്ക്കുന്ന ഗോളവിഷയങ്ങളിൽ ദർശനംകൊണ്ടു സൂക്ഷ്മമായി അറിയാവുന്നതു് ഗ്രഹണമാണല്ലൊ. ഇന്നത്തെ ദൃഗ്ഗണിതംകൊണ്ടു കിട്ടുന്ന ഗ്രഹണസമയവും അനുഭവത്തിൽ കാണുന്ന സൂക്ഷ്മസമയവുമായി 5 മിനിട്ടുമുതൽ ഇരുപതു മിനിട്ടുവരെ ഗണിതപ്രകാരം കിട്ടുന്ന സമയത്തിനുമുൻപേ ഗ്രഹണം തുടങ്ങുന്നുവെന്നാണു തുടരെ ഉള്ള ആറുവർഷത്തെ ഗ്രഹണങ്ങൾ പരിശോധിച്ചറിഞ്ഞ ഒരു പ്രശസ്തജ്യൗതിഷി അഭിപ്രായപ്പെടുന്നതു്. മുൻകാലങ്ങളിൽ ഗണിതമനുസരിച്ചറിയുന്ന സമയവുമായി യാതൊരു ഭേദവുമില്ലാതിരുന്ന ഈ വിഷയത്തിനു ഇപ്പോൾ ഇത്രയും വ്യത്യാസംവന്നിരിക്കുന്നതു് അഗണ്യമായി വിചാരിക്കാൻ പാടുള്ളതല്ല. ഏററവും സൂക്ഷ്മമായി ക്രിയചെയ്തറിയുന്ന ഗ്രഹണത്തിനു ഇത്രയും വ്യത്യാസംകാണുന്നസ്ഥിതിയ്ക്കു അത്രത്തോളം സൂക്ഷ്മമല്ലാതെ ക്രിയചെയ്തുവരുത്തുന്ന ഗ്രഹസ്ഥിതികളെക്കൊണ്ടു നിർണ്ണയിയ്ക്കുന്ന ജാതകപ്രശ്നാദികളുടെഫലത്തിനു സൂക്ഷ്മതയാൽ വ്യത്യാസംവരുന്നതിൽ അതിശയിപ്പാനുണ്ടോ. ഇന്നത്തെ ജൗതിഷികൾ പറയുന്ന ജാതകാദിഫലങ്ങളിൽ ചില അസൂക്ഷ്മതകൾ സംഭവിക്കുന്നതിനുള്ള കാരണം പരമാർത്ഥത്തിൽ മറെറാന്നുമല്ല. ജനങ്ങൾ ഈ സംഗതി ഗ്രഹിയ്ക്കാതെയാണു ജ്യോതിഷത്തെയും ജൗതിഷികളെയും അപവദിയ്ക്കുന്നതു്.

ആർഷകാലംമുതലുള്ള ഗണിതഭേദങ്ങൾ പരിശോധിച്ചാൽ കുറേവർഷങ്ങൾചെല്ലുമ്പോൾ അന്നന്നുള്ള ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധന്മാർ അതതുകാലങ്ങളിലേയ്ക്കു ഗണിതപരിഷ്കരണം ചെയ്തിട്ടുള്ളതായി മേൽക്കാണിച്ച പ്രസ്താവനകൊണ്ടറിയാവുന്നതാണു്. ഇങ്ങനെ വ്യത്യസ്തപ്പെടുത്തിക്കൊള്ളണമെന്നും ആദ്യജ്യൗതിഷികൾ രേഖപ്പെടുത്തിയിട്ടുണ്ട്. 500-വർഷം പഴക്കമുള്ള ഇന്നത്തെ ഗണിതം ആധുനികകാലത്തിനു തക്കവണ്ണം പരിഷ്കരിയ്ക്കേണ്ടകാലം അതിക്രമിച്ചിരിയ്ക്കുന്നു. ഈ വസ്തുത നല്ലതുപോലെ ധരിച്ചിട്ടുള്ള കേരളത്തിലെ ആധുനികജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഈവിഷയത്തിൽ പരിശ്രമിയ്ക്കാത്തതു കഷ്ടംതന്നെ. ഭാരതഖണ്ഡത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ജ്യോതിശ്ശാസ്ത്രവിഷയത്തിൽ അനേകം അത്ഭുതപുരുഷന്മാരുടെ ജന്മഭൂമിയായ കേരളത്തിനു്, കാലാനുസരണമായുള്ള ഗണിതപരിഷ്കരണവിഷയത്തിൽ പരാജയംസംഭവിയ്ക്കുകയാണെങ്കിൽ അതു വലിയ ഒരു കുറവുതന്നെയാണു്.

കാക്ക.

(ഭാരതീഭൂഷണൻ)

ഒരേമാതിരിയിൽ രണ്ടുപറവകളെ നാന്മുഖൻ സൃഷ്ടിച്ചു. എന്നിട്ട് അവയെ മുൻനിറുത്തി പ്രത്യേകം ചൂണ്ടിക്കൊണ്ട് പിതാമഹൻ അരുളിച്ചെയ്തു:—"നീ കാകനാകുന്നു; നിന്റെപേർ കോഴിയെന്നാണ്; ദീർഘായുസ്സും സൌന്ദര്യവും നിങ്ങളിലോരോരുത്തർക്കും തരണമെന്ന് നാം നിശ്ചയിച്ചിരിക്കുന്നു; ആർക്ക് ഏതുവേണമോ അതാവശ്യപ്പെടുക, രണ്ടുംകൂടിത്തരാൻ തരമില്ലതാനും."

കോഴി വേഗത്തിൽ പറഞ്ഞു:—"എനിക്ക് സൌന്ദര്യം വേണം" കാക്ക സസന്തോഷം ആവശ്യപ്പെട്ടു: "എനിക്ക് ദീർഘായുസ്സുതന്നെവേണം." വിശ്വശില്പി ആ വിധം രണ്ടുപറവയേയും തൃപ്തിപ്പെടുത്തി അവയെ പ്രപഞ്ചത്തിലേയ്ക്കു അയച്ചു.

ആദ്യത്തെ കാക്ക തന്റെ വംശപരമ്പരയ്ക്കു് ഇങ്ങനെ സുചിരായുസ്സുനേടി സുഖം പൂണ്ടുവത്രേ! എന്നാൽ, ആ പൂർവ്വസമ്പാദ്യം അനന്തിരവർക്ക് അനുഭവത്തിൽ അത്ര പിടിക്കാതെയായിത്തീർന്നു. പക്ഷേ, ഫലമെന്തു്? ആയുസ്സ് കുറെയധികം സമ്പാദിച്ചതുകൊണ്ടുമാത്രമുണ്ടോ ലോകം ബഹുമാനിക്കുന്നു! അതിന്റെ കറുകറുത്ത നിറവും കാതിനെത്തുളയ്ക്കുന്ന ശബ്ദവും അതിനെ തീരെ നികൃഷ്ടമാക്കി. ഒരാളും കാക്കയെ കാണാനോ അതിന്റെ 'കാകാ'വിളികേൾക്കാനോ കൊതിക്കാറില്ല. സുഖമായാലും ദുഃഖമായാലും, സമ്പത്തായാലും, വിപത്തായാലും, വസന്തമായാലും വർഷമായാലും കാക്കയ്ക്കൊരു 'നിറംമാററ'വുമില്ല. കാലത്തിന്റെ ഗുണദോഷങ്ങളെപ്പററി അതിനൊരു 'തുമ്പുംവാലു'മില്ല. അത്രമാത്രമോ? കാക്കയുടെ ദുസ്സഹമായ ശബ്ദം കേൾക്കുമ്പോൾ:—ആനന്ദമായ വിചാരധാരപെട്ടെന്നു നിലച്ചുപോകുന്നു; കവികളുടെ അനർഗ്ഗളമായ സങ്കല്പപരമ്പര വിച്ഛിന്നമാകുന്നു; മംഗളകാര്യങ്ങൾക്കായി ഇറങ്ങിപ്പുറപ്പെട്ടുപോൾ അശുഭാശങ്കയെ ഉളവാക്കുന്നു. ഇങ്ങനെ എങ്ങും പിഴച്ച ഒരു 'ജന്തു'വിനെ ആർക്ക് കാണണം! എല്ലാവരുടേയും വെറുപ്പിനും വിരോധത്തിനും അതെങ്ങനെ പാത്രമല്ലാതാകും! കാക്ക എന്തിനിങ്ങനെകൊള്ളരുതാത്ത ഒരു വരം വാങ്ങി! ബ്രഹ്മാവ് കാക്കയെ മനഃപൂർവ്വം കളിപ്പിച്ചുകളഞ്ഞു.

കാക്കയ്ക്കു പററിയ ഒരു കൂട്ടാളിയെ കിട്ടി; അതു് കുയിലാണു്. കാക്ക കറുത്തിരിക്കുന്നു; കുയിലും കറുത്തതുതന്നേ; നാദപ്രസാരണം രണ്ടുകൂട്ടർക്കുമറിയാം; രണ്ടുപേരും നല്ലപാട്ടുകാരുമാണ്. എന്നാൽ, കുയിലിൽ എല്ലാവർക്കുമുണ്ട് ഒരാദരം; കാക്കയേയോ, ലോകമത്രയും നിന്ദിക്കുന്നു. എന്താണതു്, പറയാം: 'കുയിൽ പാടുന്നു; 'കാക്ക കരയുകയും', എല്ലാവരും ഇങ്ങനെതന്നെ പറഞ്ഞുവരുന്നു. അതുമല്ല; കുയിലിനു് തഞ്ചം നോക്കി പാടാൻ പാടവമുണ്ടു്, കാക്കയ്ക്കു ആ വകതിരിവു് തരിമ്പുമില്ല നയനരമണീയമായ മധുമാസമാവിർഭവിച്ചാൽ, തൈത്തെന്നലാൽ ചാഞ്ചാടിക്കപ്പെടുന്ന തേന്മാന്തളിരിന്റെ അരികെച്ചെന്നിരുന്നു് നിലാവൊളികൊണ്ടു ഉലകെങ്ങും മിന്നിത്തിളങ്ങുമ്പോൾ പുംസ്കോകിലം മധുരഗാനത്തിനാരംഭിക്കയായി; അപ്പോൾ അതിന്റെ നാദാമൃതം ലോകത്തെ ആനന്ദവിവശമാക്കുന്നു. ചൈത്രമാസത്തിലെ മന്ദമാരുതനാൽ ആന്ദോളിതവും, പല്ലവിതവും പുഷ്പിതവും ആയ ബകുളശാഖിയുടെ കിസലയങ്ങൾക്കിടയിൽ തന്റെ കാർമ്മേനിയെ മറച്ചു മദ്ധ്യമത്തിലും, പിന്നെ പഞ്ചമത്തിലും പാടി കുയിൽ സ്വരത്തെ ആരോഹാവസ്ഥയിലെത്തിക്കുമ്പോൾ, സംസക്തരായ ദമ്പതിമാർ ആനന്ദാമൃതസിന്ധുവിൽ ആറാടുന്നു; കവികളുടെ രമണീയമായ സങ്കല്പശക്തി ഉദ്ദീപിക്കുന്നു; സുകാവ്യങ്ങളിൽ അനിമിഷങ്ങളായ ദൃഷ്ടികളെ സംക്രമിപ്പിച്ചുകൊണ്ടു് സഹൃദയന്മാർ സന്തോഷനിലീനരാകുന്നു. കാക്കയ്ക്കു തന്റെ സാമർത്ഥ്യത്തെ കാലംകണ്ടുപ്രകടിപ്പിക്കാനറിഞ്ഞുകൂടാ. സ്വരത്തിന്റെ ആരോഹാവരോഹക്രമംകൊണ്ടു ലോകവശീകരണംചെയ്വാൻ അതിനു വശമില്ല മഞ്ഞുകാലത്തും മധുവിലാസത്തിലു, വേനലിലും വർഷത്തിലും, എന്നും അതിനു ഒരേ ഒരുസ്വരമുണ്ടു്. ഹൃദയത്തെ ആനന്ദനര്‍ത്തിതമാക്കുന്നോ കാല്യവേലയിലും, ചുട്ടവെയിൽകൊണ്ടു എരിപൊരികൊള്ളിക്കുന്ന നട്ടുച്ചനേരത്തും മാങ്കൊമ്പിന്മേൽ ചെന്നിരുന്നു് താളമോ ലയമോ കൂടാതെ "കാകാ" എന്നു കരയുകതന്നെ അതിന്റെ ജോലി. ആ ക്രോശാത്മകമായ ആ പിഴച്ച 'പല്ലവി'യെ അതിനു വശമുള്ളു. അതാണു്, കാക്കയെപ്പററി ആർക്കുമൊരുക്കൂറില്ലാത്തതു്; എല്ലാവർക്കുമൊരുവെറുപ്പു്, കഠിനമായ വിരോധം. കാക്കയുടെ ഗാനതത്വത്തെക്കണ്ടറിയാൻ ആരും കിണയാറില്ല, അതിനെ ആരും ഗൗനിക്കാറുമില്ല. ചോറുകൊടുത്തു കാക്കയാൽവളർത്തപ്പെട്ട കുയിൽ, കാലമറിഞ്ഞു ചെയ്വാൻപഠിച്ചിട്ടുള്ളതിന്റെ ഫലമായി ലോകത്തെ ജയിച്ചു. കാലാകാലങ്ങളെ കണ്ടറിയാൻ കെല്പില്ലാത്ത കാക്കയാകട്ടേ, ലോകത്തിൽനിന്നു് കുപ്ഷ്ഠിച്ചുകിടക്കുന്നു.

വാസ്തവത്തിൽ മനുഷ്യരുടെ ഇടയിലും അസംഖ്യം കുയിലുകളും കാക്കകളുമുണ്ടു്. പികസ്വഭാവക്കാർ വളരെക്കൂട്ടം. വ്യവഹാരികൾ, കച്ചവടക്കാർ, വാഗ്മികൾ, പണ്ഡിതന്മാർ എന്നിങ്ങനെ വാക്കുമിടുക്കുകൊണ്ടു ഉപജീവനത്തിനു നിർബന്ധിതരായ എല്ലാരും പികപ്രായന്മാർതന്നെ. അവരെല്ലാം, അന്യൻതേടിയ മുതൽകൊണ്ടു ഉപജീവിച്ചു് കീർത്തിനേടുന്ന വർഗ്ഗക്കാരാണു്. കോകിജാതിക്കാർക്കുമാത്രമേ ലോകത്തിൽ അഭിവൃദ്ധിയുള്ളു കാക്ക ഒരേ സ്വരം എത്ര മനസ്സിരുത്തി എത്രകാലംതന്നെ അഭ്യസിച്ചാലും അതിനു് കുയിലിനെ ജയിക്കാൻ സാദ്ധ്യമല്ല. ലോകമത്രയും ജയിക്കുന്നതിനു് വാചാലതയേയും വശ്യത്തേയും കാക്ക ആശിക്കുന്നുവെങ്കിൽ അതു സത്യാസത്യങ്ങളിൽ കണ്ണിടാതെ തഞ്ചവുംതരവുംപോലെ തന്റേടം തട്ടിമൂളിക്കാൻ പഠിച്ചേ പററു. പാരമ്പര്യത്തെ പരിത്യജിച്ചു പുത്തൻകൂററിൽ അതു മനസ്സിരുത്തണം. എന്നാലതു്, ഒരുകാക്കയ്ക്കും അതിന്റെ ആയുഷ്കാലത്തിലൊരിക്കലും കഴിയാവുന്ന കാര്യമല്ല. എന്തെന്നാൽ, കാക്ക എന്നും കാക്കതന്നെ, അതു കുയിലല്ല.

കാക്ക കുയിലാകരുതു്, ഞാനതാണു് എന്നും പ്രാർത്ഥിക്കുന്നതു്. എന്റെ ഹൃദയം യഥാർത്ഥത്തിൽ കാക്കയെ സ്നേഹിക്കുന്നു ഞാനതിന്റെ രൂപത്തേയോ ശബ്ദത്തേയോ പരിഗണിക്കുന്നില്ല; അതിന്റെ ഗുണഗരിമയോടാണു എനിക്കു പ്രണയം. ഒരു വെറും 'സുഖിയനാ'ണു' കുയിൽ, കാക്കയോ സുഖദുഃഖങ്ങളിൽ സമചിത്തനാണു്. വസന്തരാത്രിയിൽ, ഇളംകാററുവീയുമ്പോൾ, നല്ലനിലാവത്തു് കുയിൽ പൂന്തോപ്പിൽ, ചമ്പകമരക്കൊമ്പിൽ സുഖമായിച്ചെന്നിരുന്നു് രാഗാലാപംചെയ്യുന്നു, കരിങ്കാർനിര വാനത്തിൽനിരന്നുകൂടുമ്പോൾ തുള്ളിക്കുടമെന്നവണ്ണം പേമാരി തല്ലിച്ചൊരിയുമ്പോൾ, മുകിൽമാലക്കിടയിൽ അമൃതകിരണൻ മറയുമ്പോൾ, പ്രകൃതി കരിങ്കാളിവേഷത്തിൽ കരാളരൂപം കൈക്കൊണ്ടു് കൂത്താടുമ്പോൾ കുയിലെവിടെ? അതിന്റെ പേരുപോലും അന്നു ലോകത്തിലെങ്ങാനിന്നു് കേൾപ്പാൻ പററുകയില്ല. കുയിലിന്റെ ജീവിതം കേവലംഭോഗാത്മകമത്രേ! ഇത്തരംകലഹകാലങ്ങളിൽഅതിനെ എങ്ങനെ കാണാനാണു! എന്നാൽ, കാകൻ, ആ ഭയങ്കരവേളയിലും, തുമ്പിക്കൈവണ്ണത്തിൽതോരാതെ ചൊരിയുന്ന മാരിയുമേററു അനുകമ്പനീയമായ വേഷത്തിൽവീടുകളുടെ മുററം പററിയിരിക്കുന്നതു കാണാം. കാകനു സുഖമെന്നോ ദുഃഖമെന്നോ ഉള്ള വിഭിന്നാവസ്ഥയില്ല. അതെപ്പൊഴും നിർവ്വികാരൻ.

"പട്ടണപ്രാസാദവുംപാഴ്കൊട്ടം
കാന്താരവും
പട്ടുമെത്തയും പാറപ്പുറവും"

അതിനൊപ്പംതന്നെ നന്മതിന്മകൾ അതിനില്ല, കാകൻ വലിയൊരു അദ്വൈതിതന്നേ!

കഴിഞ്ഞില്ല, വേറെയും ചില വിശേഷങ്ങൾ അതിനുണ്ടു്. അച്ഛനമ്മമാരാൽനിർദ്ദയംഉപേക്ഷിക്കപ്പെട്ടുവഴിയാധാരമായിത്തീർന്ന കുയിൽക്കുഞ്ഞുങ്ങളെ കൊക്കുകൊണ്ടു അന്നം കൊത്തിക്കൊടുത്തു് തീററിപ്പോററുകയെന്ന അത്യുൽകൃഷ്ടമായ ഒരു പുണ്യത്തെ കാക്ക സമ്പാദിച്ചിട്ടുണ്ടു്. ആത്മസംരക്ഷണമെന്ന പരമധർമ്മത്തെ ഇത്ര ജാഗ്രതയായി ചെയ്യുന്ന ഒരു പ്രാണിയും വേറെയില്ല കുയിലിന്റെ പോററമ്മയാണു കാക്ക. പിതാവും കാക്കതന്നെ. പക്ഷേ, ദുഷ്ടബുദ്ധിയായ കുയിലിനു് ആ നന്ദി അശേഷവുമില്ല. പ്രായപൂർത്തിവന്നുകഴിഞ്ഞാൽ അതു് തന്റെ പൂർവ്വസ്ഥിതിയെ പാടെ മറന്നു

പാട്ടുംപാടിത്തന്നിഷ്ടംനോക്കിപ്പാറിപ്പോവുകയായി. സാധുവായ കാക്ക കണ്ട കാട്ടിലും മുള്ളിലും കേറിച്ചെന്നു വളരെക്കഷ്ടപ്പെട്ട് ചുള്ളി കൊത്തിക്കൊണ്ടുവന്നു കൂട്ടുണ്ടാക്കുന്നു അതാൎക്കുവേണ്ടി! കുയിൽക്കുഞ്ഞുങ്ങളെ കിടത്തിപ്പോററാൻമാത്രം. കാക്കയുടെ ഗാർഹസ്ഥ്യധൎമ്മരക്ഷണം എത്ര ശ്രമസാദ്ധ്യവും ഉൽകൃഷ്ടവുമാണെന്നു നോക്കുക! പരോപകാരത്തിനായി ഇത്രമേൽ കഷ്ടതയനുഭവിക്കുകയെന്ന പരമസ്വഭാവം മനുഷ്യരിൽക്കൂടി അദൃശ്യം തന്നെ. നിർദ്ദയനും കൃതഘ്നനുമായ കുയിലുണ്ടോ ഇതറിയുന്നു!

കാക്കയ്ക്കുള്ളപോലെ സ്വാധീനമായ ഉപായകുശലത മറെറാരു ജീവിക്കുമില്ല. അരയ്ക്കാനായി തേങ്ങയും മുളകും അമ്മിക്കല്ലിന്മേൽ കൊണ്ടുവെയ്ക്കേണ്ടതാമസം: കാക്ക ചുററിപ്പററി അങ്ങെത്തിക്കഴിയും. കാക്കയുടെ ഉപായക്കണ്ണ് അരവുകാരിയുടെ കരുമിഴികളിൽനിന്ന് ഒരിക്കലും മാറുകയില്ല. അതു് അവളുടെ നീൾമിഴികളിലെ ആകേകരവിലാസങ്ങൾ കണ്ടാനന്ദിക്കാനോ, ആ കണ്ണുകൾ തന്നെയൊന്നനുഗ്രഹിക്കുന്നുവോയെന്നറിവാനോ, വേണ്ടിയല്ല, ആവക ദുൎവ്വികാരപ്രേരണകളൊന്നും അദ്വൈതമതസ്ഥനായ കാകനില്ലതന്നെ. പയ്യെപ്പയ്യെച്ചാടിച്ചാടി കാകനടുക്കുന്നതുകണ്ടാൽ പലരും അതിനെ ഒരു 'ആഭാസ'നായി പരിഗണിച്ചേക്കാം. അതു് തങ്ങളുടെ ദോഷമാണെന്നു അവരറിയാത്തതിന്റെ ഫലമാണു്. കാകൻ എങ്ങിനെയെങ്കിലും, അരവുകാരിയുടെ കണ്ണുകളെക്കവളിപ്പിച്ചു തനിക്കു വേണ്ടതു് കൊക്കിലാക്കിപ്പായുന്ന പാച്ചിൽകാണ്മാൻ വളരെ കൌതുകമുണ്ടു്. കണ്ണിനു മുമ്പിൽനിന്നു ആൎക്കുമൊരുപദ്രവവുംചെയ്യാതെ ഇത്ര സരസമായി മോഷണംനടത്തുവാൻ കാകനുള്ള കൌശലം ഒന്നു വേറെതന്നെയാണു്. കൊച്ചുകുട്ടികൾ മുററത്തോ തിണ്ണയിലോനിന്നു പഴമോ പപ്പടമോ കുറേശ്ശയായി തനിയെ തിന്നുരസിക്കുന്നതു കണ്ടുനിൽക്കാൻ കാക്കയ്ക്കുത്ര സുഖമില്ല. ഏതുതരത്തിലും അതിലൊരുപങ്ക് തന്റെ കൊക്കിലാക്കാതെ കാക്ക മാറുകയില്ല. അതിനു വേണ്ട പണികൾ കാക്കയ്ക്കറിയാം. ആൎക്കുംകൊടുക്കാതെ തനിയേതിന്നുന്ന സ്വാൎത്ഥികളായ മനുഷ്യരെ നല്ലപാഠം പഠിപ്പിക്കുവാൻ കാക്കതന്നെവേണം. ആയിരംകണ്ണന്റെ ദുഷ്പ്രവൃത്തി കാക്കയെ, വംശത്തോടെ ഏകനേത്രമാക്കിയെങ്കിലും, ആ ഒററക്കണ്ണിനു ആയിരംമിഴികളെക്കാൾ പതിന്മടങ്ങു ശക്തിയുണ്ടെന്നു കാക്കയുമായി അടുത്തുപഴകുന്നവൎക്കു അറിയാൻ വലിയ ഞെരുക്കമൊന്നും വേണ്ടാ.

കാക്ക മരക്കൊമ്പുകളിൽ കയറിയിരുന്ന് അടുത്ത ഭാവിയിൽ ലോകത്തിൽ സംഭവിക്കുന്ന ആപത്തുകളെ തന്റെ ശബ്ദംകൊണ്ടു വിളംബരപ്പെടുത്താറുണ്ടെന്നു പൗരാണികരായ 'കാകരുത'ശാസ്ത്രജ്ഞന്മാർ പറയുന്നു. എന്നാൽ, കാക്കയുടെഭാഷ ആരും പഠിച്ചിട്ടില്ല, ആരും അതിനുവേണ്ടി പ്രയത്നിക്കാറുമില്ല. എങ്കിലും കാരണംകൊണ്ടു കാൎയ്യത്തെ അനുമാനിക്കുന്നപക്ഷം കാകരുതത്തിന്റെ അൎത്ഥം ബുദ്ധിക്കവിഷയമല്ല.

"സ്വധൎമ്മോവിഗുണഃ ശ്രേയഃ
പരധൎമ്മാൽ സ്വനുഷ്ഠിതാൽ."

എന്നുള്ള ഭഗവൽഗീതാവചനത്തെ കാക്ക അക്ഷരംപ്രതി അനുഷ്ഠിക്കുന്നു. തന്റെ പ്രവൃത്തി ലോകദൃഷ്ട്യാ നന്ദനീയമോ നിന്ദനീയമോആകട്ടെ, കാക്ക സ്വധൎമ്മംവിട്ടു നടക്കുകയില്ല. ഒരു പിഴയും അതിനു പററുകയുമില്ല. നേരത്തെ ഉറങ്ങണം, കാലത്തേ ഉണരണം, ഇതാണു് കാക്കയുടെ ദിനചൎയ്യ. വെളുപ്പിനു ആദ്യമായുണരുന്നതു കാക്കയാണു്. ബ്രാഹ്മവേലയിൽ ഉറങ്ങുന്നതു പാപമാണെന്നു അതിനറിയാം. "കിടക്കക്കോപ്പി"ക്കുവേണ്ടി ചുരുണ്ടുകൂടിക്കിടക്കുന്ന ഏൎപ്പാടൊന്നും അതിനില്ല. ഗാനംഎന്നാൽമററുള്ളവരേയും ഉണൎത്താനാണു അതിന്റെ ശ്രമം. ഉദയാദിത്യനെ വന്ദിക്കുകയെന്ന ശ്രേഷ്ഠമായ നിത്യകൎമ്മത്തിനു കാക്കയ്ക്കൊരു ദിവസവും മുടക്കം വരികയില്ല. അതു ഏവരും ആചരിക്കേണ്ടതാണെന്നു കാക്ക പറയുന്നു. ചുരുക്കപ്പറഞ്ഞാൽ കാക്കയെപ്പോലെ സ്വതന്ത്രനും കൃത്യവിദഗ്ദ്ധനുമായ ഒരു ജീവി വേറെയല്ല.

പുറംപകിട്ടും മധുരച്ചൊല്ലും കണ്ടും കേട്ടും ഭ്രമിക്കുന്നതു ശരിയല്ല. ആന്തരികമായ ഗുണമറിഞ്ഞേ ലോകത്തിന്റെ നിലയെ പരിഗണിക്കാവൂ. കാക്കയുടെ മാനസികധൎമ്മം ശരിയായിക്കണ്ടറിഞ്ഞവർ വളരെച്ചുരുക്കമാണു്. അതിന്റെ നിറത്തെക്കണ്ടും, ശബ്ദംകേട്ടും ലോകം അതിനെ വെറുത്തുകളയുന്നു. എന്തൊരു അന്ധത!! കാക്കയ്ക്കു തന്റെ ഗുണങ്ങളെ താളലയാദികളോടുകൂടി ഒന്നുപാടിയെങ്കിൽ അതിന്റെപേരും പെരുമയും നാടൊക്കെപ്പരന്നേനെ. എന്നാൽകാക്ക ആ ആത്മശ്ലാഘാകൎമ്മത്തിനു ഒരിക്കലും ഒരുമ്പെടുകയില്ല. വേണ്ട അതു പാടാതിരിക്കയാണുത്തമം. ചേറിനുള്ളിൽക്കിടക്കുന്ന മുത്തുമണികളെ കണ്ണുള്ളവർമാത്രം കണ്ടെടുത്താൽ മതി. അതു പരസ്യപ്പെടുത്തേണ്ട. കാക്ക കാക്കയായിത്തന്നെയിരിക്കട്ടെ! അതിനെ സൎവ്വലോകവും പുച്ഛിച്ചുകൊള്ളട്ടെ! കാക്കയുടെ അത്യുൽകൃഷ്ടതയെ ആരുമറിയേണ്ട! അറിയാവുന്നവരില്ലതാനും.

"കാക, ത്വം കാക ഏവാസി;
മാഭവേഃ പഞ്ചമപ്രിയഃ
പ്രകാശിതാത്മവൃത്തിം ത്വാം
യൽകരോതി പരോഹിസഃ

വി. സി. ബാലകൃഷ്ണപ്പണിക്കരുടെ കവിത.

കെ. ഗോവിന്ദൻ ബി. എ.

(തുടർച്ച)

ഏതെങ്കിലും ഗണ്യനായ ഒരാളിന്റെ വിയോഗത്തിൽ തന്റെ ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും നേരിടുന്ന നഷ്ടത്തേയും സങ്കടത്തേയും വിസ്തരിച്ചു പ്രസ്താവിച്ചതിനുശേഷം നായകന്റെ ഉൽകൃഷ്ടതയേയും പരലോകവാസത്തിൽ ലഭിക്കുവാനിടയുള്ള സൗഭാഗ്യങ്ങളേയും മററും ഓർത്ത് സമാശ്വസ്തമനസ്കരായി സ്നേഹിതന്മാർ ഭവിക്കുന്നുവെന്ന് സങ്കല്പിച്ചുകൊണ്ടു നായകന്റെ ശ്ലാഘാകരന്മാരിൽ ആരെങ്കിലും നിർമ്മിക്കുന്നൊരു കൃതിയാണ് വിലാപകാവ്യം. ലോകഗതിയെപ്പററിയുള്ള ചിന്താരശ്മികളെ പരത്തിക്കൊണ്ടുതന്നേയാണ് സാധാരണവിലാപകാവ്യങ്ങൾ വിരമിക്കാറുള്ളത്. ഇങ്ങനെ സാധാരണമായ 'പ്ലാനി'ൽനിന്നും വ്യത്യസ്തങ്ങളായവയും ഇല്ലാതില്ല. ഗ്രേയുടെ ശ്മശാനഗീത ഇതിനു ഒരു മകുടോദാഹരണമാണ്. ഇതു് ആരുടേയും വിയോഗത്തെ ആസ്പദമാക്കി എഴുതിയിട്ടുള്ളതല്ല. അതിലെ ശ്ലോകങ്ങളുടെ ആശയപുഷ്ടികണ്ടു് അതിൽനിന്നും ആശയാംശങ്ങളെ സ്വീകരിക്കുന്നതിന് മലയാളകവികൾ മടിച്ചിട്ടില്ല. 'Full many a gem of purest ray serene' എന്നുതുടങ്ങുന്ന പ്രസിദ്ധപദ്യം എത്ര ഭംഗിയായി പണിക്കർ മലയാളത്തിലേക്കു തർജ്ജിമചെയ്തിരിക്കുന്നുവെന്നു നോക്കുക.

സാരാനർഘപ്രകാശപ്രചുരിമപുരളും
 ദിവ്യരത്നങ്ങളേറെ-
പ്പാരാവാരത്തിനുള്ളിൽപരമിരുൾനിറയും
 കന്ദരത്തിൽകിടപ്പൂ
ഘോരാരണ്യച്ചുഴൽക്കാററടികളിലിളകും
 തുമണംവ്യർത്ഥമാക്കു-
ന്നോരാപ്പൂവെത്രയുണ്ടാമവകളിലൊരുനാ-
 ളൊന്നുകേളിപ്പെടുന്നു.
 (വിലാപം 12.)

ഇതിൽനിന്നും പണിക്കരുടെ ആശയപ്രകടനത്തിനുള്ള പാടവം വ്യക്തമായിക്കാണാവുന്നതാകുന്നു. മൂലകൃതിയായ ഇംഗ്ലീഷുപദ്യത്തെ വേറെ ഒരുകവി,

"നോക്കെത്താത്തവിധം കഠോരതരമാമാഴത്തിലങ്ങാഴിയിൽ
ചൊൽക്കൊള്ളുന്നൊരുരത്നജാലമുളവാകുന്നുണ്ടു വേണ്ടോളവും
വായ്ക്കുംകാന്തിയൊടും വനത്തിൽവിരിയും പുഷ്പങ്ങളപ്പാടുനി-
ന്നാക്കും തെല്ലുപകാരമെന്നിയെവൃഥാപോകുന്നു തൽഗന്ധവും",

എന്നു തർജ്ജിമചെയ്തുകണ്ടിട്ടുണ്ടു്. ഇതിൽ ഉത്തരാർദ്ധത്തിൽ മൂലശ്ലോകത്തിലെ ആശയം വേണ്ടിടത്തോളം സ്ഫുടമായിട്ടില്ല. പണിക്കരുടെ ശ്ലോകത്തിൽ മൂലശ്ലോകത്തിലെ ആശയം വളരെ വ്യക്തമായിട്ടുണ്ടു്.

"വിലാപ"ത്തിന്റെ ഉപക്രമവും നായികയുടെ വിശിഷ്ടഗുണവർണ്ണനയും, ഉണ്ടാകുമെന്നു സങ്കല്പിക്കുന്ന വാനോർവനിതകളുടെ സ്വാഗതവും മററും പണിക്കർ പ്രകടിപ്പിക്കുന്നതു വളരെ തന്മയവും പ്രസന്നവുമായ രീതിയിലാകുന്നു. സന്ദർഭോചിതമായ രീതിയിൽ തത്വചിന്തയും ഉപനിമജ്ജനംചെയ്തിട്ടുണ്ടു്. "ആശാവേശംനിമിത്തം" എന്നു തുടങ്ങുന്ന ശ്ലോകം മുതൽ കവിയുടെ ഭാവന ആധ്യാത്മികമായ വിഷയങ്ങളെ ലക്ഷീകരിച്ചാണു ഉദ്ദീപിതമായി കാണുന്നതു്.

സ്ഥാനോചിതമായ അലങ്കാരപ്രയോഗം പൂർവരീതികളിൽനിന്നും ഭിന്നങ്ങളും നവീനങ്ങളുമായ ആശയങ്ങളുടെ പ്രകടനം, സുമധുരസുന്ദരവും നിസർഗ്ഗസിദ്ധവുമായ കവിത്വം, തുടങ്ങിയ ഗുണങ്ങൾ തെളിഞ്ഞുവിളയാടുന്നതു പണിക്കരുടെ "വിശ്വരൂപ"ത്തിലാകുന്നു

മലയാളകവികളുടെ കൂട്ടത്തിൽ പണിക്കരെ സ്ഥിരീകൃതസ്ഥാനനാക്കിത്തീർത്തതു് 'വിശ്വരൂപം'തന്നെയാകുന്നു. കാലഭേദംകൊണ്ടു മലിനവും ദേശഭേദംകൊണ്ടു വികൃതവും രുചിഭേദംകൊണ്ടു് അനാസ്വാദ്യവും ആയിത്തീരുന്നതിനു് ഈ കൃതിയെ സംബന്ധിച്ചിടത്തോളം സംഗതിയുണ്ടെന്നു തോന്നുന്നില്ല. ഭിന്നരുചിയിലാണു ലോകം വർത്തിക്കുന്നതു് എങ്കിലും രുചിഭേദംകൊണ്ടുള്ള ഉപാധികളെ അശേഷം തേച്ചുമാച്ചുനോക്കുന്നപക്ഷവും സർവ്വജനസാമാന്യമായ ചില തന്മാത്രകൾ അതിൽ അടങ്ങിയിരിക്കുന്നതായി കാണാവുന്നതാകുന്നു. കവിതയിൽ മുഖ്യമായ ഗുണമാണ് സാർവകാലികത്വം എന്നതു്. ഏതെങ്കിലും ഒരു പ്രത്യേകകാലത്തെ പരിതഃസ്ഥിതികളെ ആസ്പദമാക്കി കവിതാനിർമ്മാണം ചെയ്യുന്നതായാൽ ആ സ്ഥിതികൾ അനുകൂലങ്ങളായിരിക്കുന്നകാലത്തോളം മാത്രമേ ആ കൃതിക്കു ഗണ്യത ഉണ്ടായിരിക്കയുള്ളൂ. സ്ഥിതിഗതികൾക്കു മാററം സംഭവിക്കുന്നതാകയാൽ കാവ്യങ്ങളും മന്ദച്ഛായങ്ങളായിത്തീരുന്നതിനിടയുള്ളതും ആകുന്നു. സാർവകാലികമായ ഏതെങ്കിലും ഒന്നിനെ ആധാരമാക്കി കാവ്യനിർമ്മിതി സാധിക്കുന്നതായാൽ വിഷയത്തിന്റെ പാവനത്വവും വർണ്ണനയുടെ പവിത്രതയുംകൊണ്ടു കവിതയ്ക്കു ശാശ്വതമായ സ്ഥാനം ലഭിക്കുന്നതാകുന്നു. ഇപ്രകാരം ഒരു വീക്ഷണകോണമാശ്രയിച്ചു നോക്കുന്നപക്ഷം പണിക്കരുടെ കവിതയിൽ പ്രത്യാശയ്ക്കല്ലാതെ നിരാശയ്ക്കു തീരെ അവകാശമില്ല.

കോഴിക്കോട്ടെ കടൽപ്പുറത്തു പല സായാഹ്നങ്ങളിലും അദ്ദേഹം ചെയ്ത ഏകാന്തസഞ്ചാരത്തിന്റെ ഫലമായി നമുക്കു ലഭിച്ചിട്ടുള്ളതാണ് 'വിശ്വരൂപം' എന്ന വിശിഷ്ടകൃതി.

ആജന്മഭാസുരമായ ഈ കൃതിയുടെ ആവിർഭാവത്തോടുകൂടിത്തന്നെ മലയാളഭാഷയ്ക്കു് ഒരു പരിവർത്തനദശയിലേക്കു പ്രവേശിക്കുന്നതിനു ഭാഗ്യം ലഭിച്ചു. മണിപ്രവാളകവികളുടെ ആശയധാടിയും പൂർവ്വവ്യത്യനുകരണവും യാതപ്രായമാകയും നവംനവങ്ങളായ ഉല്ലേഖനങ്ങളും സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവിധത്തിലുള്ള പദപ്രയോഗരീതിയും ഭാഷാകവിതകളിൽ സ്ഥലം പിടിക്കുകയുംചെയ്തു.

പ്രകൃതിയുടെ രാമണീയകം അക്ഷീണമായി വിലസിക്കൊണ്ടിരുന്ന സായാഹ്നത്തിന്റെ അനവദ്യശോഭയെ ആസ്വദിക്കുന്നതിൽ ജാഗരൂകനായ കവിയുടെ ഹൃദയത്തിൽ ഉദിച്ചുപൊങ്ങിയ വിചാരവീചികളാണ് ഇതിൽ കാണുന്നതു്. തന്റെ ഹൃദയത്തിനു അനുഭവമായ ആനന്ദാനുഭൂതി എപ്രകാരമായിരുന്നുവെന്നു വ്യാഖ്യാനിച്ചു വായനക്കാരെ മനസ്സിലാക്കുക എന്ന കവിധർമ്മം മാത്രമാണ് ഇതിൽ സാധിച്ചിട്ടുള്ളതു. വക്താവിന്റേയും ശ്രോതാവിന്റേയും നിർവൃതിയാണ് കവിതയുടെ പരമമായ ഉദ്ദേശം എന്നു കാണുന്നു.

ആരംഭത്തിൽതന്നെ സൂര്യനെ ഒരു ചിത്രകാരനായും ആ ഗോളത്തിൽനിന്നും പുറപ്പെടുന്ന മയൂഖസഞ്ചയം ആകാശഭിത്തിയിൽ തൂക്കിയിരിക്കുന്ന മേഘങ്ങളാകുന്ന ചിത്രപടങ്ങളെ അഭിസ്പർശിക്കുന്നതിനെ ചിത്രകാരൻ തന്റെ ചിത്രങ്ങൾക്കു മിഴിവേകി മിനുക്കുകയാണോ എന്നും കവി ഉൽപ്രേക്ഷിക്കുന്നു ഈ ഉൽപ്രേക്ഷയുടെ ഔചിത്യം വ്യക്തമാണ്. ഇതുപോലുള്ള ഉൽപ്രേക്ഷകൾ "വിശ്വരൂപ"ത്തിൽ അധികം കാണാവുന്നതാണ്. ഉദാഹരണത്തിന്,

"അങ്ങോട്ടുനോക്കുക! ചുവപ്പു, വെളുപ്പു, പച്ച-
യെന്നീനിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേസമയംവിരിഞ്ഞു
പൊന്തുന്നപൊയ്കയുടെ ചന്തമിയന്നിടുന്നോ'

എന്ന ശ്ലോകത്തിൽ അംബരാന്തത്തെ ചെന്താരും ആമ്പലും ഒരേസമയത്തു വികസിച്ചുനിൽക്കുന്ന ഒരു പൊയ്കയോടുതുല്യമാക്കി കല്പിച്ചിരിക്കുന്നതിൽ നിലീനമായിരിക്കുന്ന മനോഹാരിതയെ വ്യക്തമാക്കുന്നതിനു വാക്കുകൾ ശക്തങ്ങളല്ല. ചെന്താരിനും സൂര്യനും, ആമ്പലിനും ചന്ദ്രനും, തമ്മിലുള്ള മൈത്രീസങ്കല്പവും ആകാശവും പൊയ്കയും തമ്മിലുള്ള സാദൃശ്യവും ഒക്കെ ഹൃദയംഗമമായിരിക്കുന്നു. പണിക്കരുടെ അസ്തമയവർണ്ണന ഇങ്ങനെയാണ്.

"ലോകൈകശില്പിരജനീവനിതയ്ക്കു ചാർത്താ
നക്ഷത്രമാലപണിചെയ്യുവതിന്നുവേണ്ടി സ്വർ
ണ്ണവർണ്ണപിണ്ഡമതുമുക്കിയെടുത്തുനീരിൽ
മുക്കുന്നിതാതപനമണ്ഡലകൈതവത്താൽ"

ഈ ശ്ലോകത്തിന് അതിയായ ഹൃദയാവർജ്ജകത്വം ഉണ്ടെങ്കിലും പ്രസ്തുത പദ്യം മൂകകവിയുടെ

"ഭൂയസ്തരാണിയദധൂനിതപസ്വിനീഷു
ജ്യൌത്സ്നീഷു ചപ്രവിരളാനിതതഃപ്രതീമഃ
സന്ധ്യാനലേനഭൃശമംബരമൂഷികായാം
ആവൎത്തിതൈരുഡുഭിരേവകൃതോയമിന്ദുഃ"

എന്ന ശ്ലോകത്തെ അനുസ്മരിപ്പിക്കുന്നു. ചന്ദ്രമണ്ഡലം വാൎക്കുന്നതിനു നക്ഷത്രങ്ങളാകുന്ന ലോഹകഷണങ്ങളെ ആകാശമാകുന്ന മൂശയിൽവെച്ചു സന്ധ്യാനലൻെറ സഹായത്താൽ ഉരുക്കുന്നതായി മൂകകവി പറയുന്നു. പണിക്കരുടെ ശ്ലോകത്തിൻെറ ആശയം ഇതിൻെറ ഒരു മറിവു മാത്രമാകുന്നു ചന്ദ്രമണ്ഡലസൃഷ്ടിക്കായി മൂകകവി ലോഹഖണ്ഡങ്ങളെ ഉരുക്കിവാൎക്കുമ്പോൾ പണിക്കർ രജനീവനിതയുടെ നക്ഷത്രമാല നിൎമ്മിക്കുവാൻ സൂൎയ്യമണ്ഡലത്തെ ഉരുക്കി നീറിൽ മുക്കുകയാകുന്നു ചെയ്യുന്നതു് പണിക്കരുടെ ആശയത്തിനു സൌകുമാൎയ്യം കൂടുതലാണു് എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. പ്രകൃതിവൎണ്ണനാവിഷയത്തിൽ പണിക്കരോടു രീതിസാമ്യംവഹിക്കുന്ന മഹാകവിവള്ളത്തോളിൻെറ രീതിയും വ്യക്തമാക്കുന്നതിനു് ഒരുദാഹരണം ഇവിടെ ചേൎക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിചാരിക്കുന്നു.

"സൂരമണ്ഡലമതസ്തപൎവത-
പ്പാറമേൽപ്രകൃതിതച്ചുടച്ചിതാ.
താരമാക്കിവിതറുന്നുവാനിലാ-
മ്മാറയേമധുരഗാത്രിലീലയാ" എന്ന ചിത്രയോഗത്തിലെ സായംഹ്നവൎണ്ണന അക്ലിഷ്ടകോമളവും, ശ്രീമാൻ വി ഉണ്ണികൃഷ്ണൻനായർ അവർകളുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതും ആകുന്നു. ഇതു് നൈഷധീയചരിതത്തിലെ;

"അയമയോഗിവധൂവധപാതകീ
ഭ്രമിമവാപ ദിവഃഖലുപാത്യതേ
ശിതിനിശാദൃഷദിസ്ഫുടദുത്പതൽ-
കണഗണാധികതാരകിതാംബരഃ"

എന്ന ശ്ലോകത്തെ പരിഷ്കരിച്ചതാണു്. ശ്രീഹൎഷൻ ചന്ദ്രനു് അനാഥസ്ത്രീഹത്യാപാപം ചുമത്തി കരിമ്പാറമേൽ അടിച്ചു് കഷണങ്ങളാക്കി ആകാശത്തേക്കു് നക്ഷത്രങ്ങളായിട്ടു് തെറിപ്പിക്കുന്നു. വള്ളത്തോളാണെങ്കിൽ അതിൽ അരോചകശങ്കയ്ക്കു് അവകാശമുള്ള ഭാഗങ്ങളെ കൈവിട്ടു പ്രകൃതിദേവിതന്നെ ചന്ദ്രമണ്ഡലത്തെ അടിച്ചുടച്ചു് നക്ഷത്രങ്ങളാക്കി വാനിൽ വിതറുന്നതായി വേണ്ട പരിഷ്കാരത്തോടുകൂടി സഹൃദയസമക്ഷം അവതരിപ്പിക്കയാണു ചെയ്യുന്നതു്. ഇത്രയും പറഞ്ഞുകൊണ്ടു് പ്രസ്തുതഭാഗം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

"വിശ്വരൂപ"ത്തിൽ "രക്താംബരപ്പുതുമപൂണ്ട നിശാകരാസ്യം" എന്നു തുടങ്ങുന്ന ശ്ലോകം മുതൽ ഏഴെട്ടു ശ്ലോകങ്ങളിൽ അൎത്ഥപുഷ്ടിയും അലങ്കാരധോരണിയും സവിശേഷം പ്രകാശിച്ചുകാണുന്നുണ്ടു്. സന്ധ്യാനതാംഗിയുടെ ആഗമനവും സാഹിത്യസാമ്രാജ്യവതാരമിയന്നുവന്നാലുള്ള ഭംഗിയോടു കല്പറത്തെ ഉപമിക്കുന്നതും മററും കവിയുടെ സങ്കല്പശക്തിയുടെ ഔൎജ്ജിത്യത്തിനു് ഉത്തമോദാഹരണമാകുന്നു പാശ്ചാത്യപദ്ധതിപിടിച്ചുഴലുന്ന ജനത്തെ പുച്ഛിച്ചുകൊണ്ടു നിജഗോപുരസരം പരത്തിയുള്ള ചന്ദ്രോദയം വൎണ്ണിക്കുമ്പോൾ 'തിലകായമാനൻ" എന്ന പദത്തിൽ ഉള്ള സൂചനകൊണ്ടുപൌരസ്ത്യരുടെ അഭിമാനസ്തംഭമായിരുന്ന "ബാലഗംഗാധരതിലകൻെറ പ്രവൃത്തിപദ്ധതിയെ കവി കാണിക്കുന്നു ഇതുപോലുള്ള സമാസോക്തി സന്നിവേശം ഇതരകവികളുടെ കവനതല്പജങ്ങളിൽ സുലഭമല്ല. പണിക്കരുടെ ആശയശുദ്ധിയേയും അലങ്കാരപൂരത്തേയും ഉദാഹരിക്കുന്നതിനു ചില ഭാഗങ്ങളുടെ ഭാവങ്ങളെ ഇവിടെ കാണിച്ചുവെന്നുമാത്രമേയുള്ളൂ ശേഷം ഒക്കെ അഭിജ്ഞന്മാരുടെ ചിന്തയ്ക്കു വിട്ടുംവച്ചു് അദ്ദേഹത്തിൻെറ തത്വചിന്തയിലേക്കു കടക്കേണ്ടിയിരിക്കുന്നു. കാവ്യങ്ങൾ "കാന്താസമ്മിതങ്ങളായിരിക്കണ"മെന്നാകുന്നു പ്രാചീനാചാൎയ്യന്മാരുടെ അഭിപ്രായം ഇതിനെ അനാദരിക്കുന്നവരായി നവീനന്മാരിൽ പലരും ഉണ്ടു്. 'മയൂരസന്ദേശാ"ദികൃതികളിൽകൃത്യാകൃത്യോപദേശം പ്രസ്താവയോഗ്യമായി കാണുന്നില്ലെങ്കിലും അവ ഉത്തമമയ കാവ്യമാണെന്നുള്ള സംഗതി വാദഗ്രസ്തമല്ല. ലോകത്തിൻെറ മനോഹരവശം പ്രത്യക്ഷമായി എടുത്തു കൈകാൎയ്യംചെയ്യുന്ന കാളിദാസൻ ശാകുന്തളംകൊണ്ടു സാധിച്ചിട്ടുള്ളതു കൃത്യാകൃത്യോപദേശമല്ല.

കാവ്യത്തിൻെറ പരമമായഉദ്ദേശം ഐഹികമായ സകലബന്ധങ്ങളിൽനിന്നും ആത്മാവിനെ സ്വതന്ത്രമാക്കി ആദർശഭൂതവും ആഹ്ലാദകരവുമായ ഒരു നവീനമണ്ഡലത്തിലേക്കുയൎത്തി സത്യസൌന്ദൎയ്യങ്ങളുടെ പ്രഭാപൂരത്തിൽ ലയിപ്പിക്കുകയാകുന്നു. ഈ ഉദ്ദേശം വിശ്വരൂപം കൊണ്ടു കവി സാധിക്കുന്നുണ്ടെന്നു മുക്തകണ്ഠം പ്രസ്താവിക്കാം. തത്വചിന്താമാൎഗ്ഗേണ പരമാനന്ദമയമായ ഒരു സന്നിധാവശത്തിലേക്കു സഹൃദയഹൃദയങ്ങളെ കവി നയിക്കുന്നു. താപത്രയാദിയിൽ നിന്നും മുക്തിനേടുന്നതിനും സൃഷ്ടിശൃംഖലയിൽ പ്രധാനകണ്ണിയായ മനുഷ്യൻെറ പാരമാൎത്ഥ്യം ഗ്രഹിക്കുന്നതിനും തത്വചിന്ത ഉപകരിക്കുമെന്നതിൽ എതിരഭിപ്രായത്തിനു വഴിയില്ല

പ്രത്യക്ഷത്തിൽ കാണുന്ന പ്രപഞ്ചത്തിൽ നിന്നു ഭിന്നമായും ഉപരിയായും ഏതോ ഒരു ശക്തി വിളങ്ങുന്നുണ്ടെന്നും അതാണു പ്രത്യക്ഷപ്രപഞ്ചത്തിനെല്ലാം അടിസ്ഥാനമെന്നും ഉള്ള തത്വം

'ധീരശ്രീസൎവ്വസൈന്യാധിപനുടെ
കരവാളൂഴിപന്നുള്ള ചെങ്കോ-
ലിന്നേടിന്നും നമിക്കാത്തൊരു പഴയ
മഹാശക്തിമീതേജയിപ്പൂ;"

എന്നു വിലാപത്തിലും

'ഒന്നുള്ളതാണതിനുനാശവുമില്ലതോട്ടു-
ചേൎന്നോന്നുമുണ്ടൊ മഹതൊരുശക്തിനില്പൂ"

എന്നു വിശ്വരൂപത്തിലും കവി വ്യക്തമായിപ്പറയുന്നു. അതിഗഹനങ്ങളായ വേദാന്തതത്വങ്ങളെ കവി തൻെറ ഹൃദയമൂശയിൽ വച്ചു കവിതാവാസനയാകുന്ന ഊഷ്മാതിശയത്താൽ ദ്രവിപ്പിച്ചു് ചമൽക്കാരഭംഗിയോടുകൂടി പദ്യരൂപത്തിൽ സഹൃദയന്മാൎക്കു ആസ്വാദനയോഗ്യമാക്കിത്തീൎക്കുന്നു. അപ്രകാരമുള്ള ആശയശകലങ്ങൾ വിശ്വരൂപത്തിൽ അധികം ഭാഗത്തിലും, വിലാപത്തിലും മങ്കിഗീതയിലും പ്രസ്പഷ്ടമായി കാണാം. വിശ്വരൂപത്തിൽ "വിജ്ഞാനശാസ്ത്രവിധി പൂൎവകവീക്ഷണങ്ങൾ" എന്നു തുടങ്ങുന്ന ശ്ലോകം മുതൽ കവി തത്വചിന്താരശ്മികളെ വിവിധവിഷയങ്ങളിൽ വ്യവഹരിപ്പിക്കയും ഒടുവിൽ എത്രതന്നെ പറഞ്ഞാലും അവസാനമില്ല എന്നുവിചാരിച്ചു് "അങ്ങോട്ടു പോകിലതിരില്ല" എന്നപദ്യംകൊണ്ടു അവസാനിപ്പിക്കുകയുംചെയ്യുന്നു. വിലാപത്തിൽ

"ആശാവേശംനിമിത്തം ചിലതിവനരചെ-
യ്യുന്നതത്രേമരിച്ചാ-
ലേശാൻപോകുംയഥാൎത്ഥഗതികളറിയു-
വാനാൎക്കുമയ്യോ ശക്യം;
ദേശാചാരാനുസാരം സുകൃതഫലമെടു-
ത്തിട്ടുവാൻതത്വചിന്താ-
ലേശാലോലംമനസ്സിന്നനുമതികുറയും
തത്വമോൎത്തിന്നുദിന്നം"

എന്നു തുടങ്ങുന്ന ഭാഗങ്ങൾ ഇതര കവികളുടെ തത്വചിന്താരീതിയെ അതിശയിക്കുന്നവയാണു്. ഭഗവൽഗീതയിലെ

"വാസാംസിജീൎണ്ണാനി യഥാ വിഹായ
നവാനിഗൃഹ്ണാതിനരോപരാണി
തഥാശരീരാണി വിഹായജീൎണ്ണാ-
ന്യന്യാനി സംയാതി നവാനിദേഹീ."

എന്ന ശ്ലോകത്തിലെ തത്വം

"കീറപ്പഴന്തുണിവപോലെജഡശരീരം
കൈവിട്ടു........................ എന്ന ശ്ലോകഭാഗത്തിൽ ഏതാണ്ടൊക്കെ വരുത്തിക്കൂട്ടിയിട്ടുണ്ടു്. ഭാരതീയ തത്വശാസ്ത്രസിദ്ധാന്തങ്ങളെകുറഞ്ഞ വാക്കുകളെക്കൊണ്ടു പ്രതിപാദിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ പാടവം വിശ്വരൂപത്തിൽ തെളിഞ്ഞുകാണാവുന്നതാണു. കവിതയെ മധുരീകരിക്കുന്നതിനു തത്വചിന്ത പണിക്കൎക്കു വളരെ സഹായമായിഭവിച്ചിട്ടുണ്ടു പണിക്കൎക്കു സംസ്കൃതഭാഷയുമായുണ്ടായിരുന്ന ഗാഢപരിചയംനിമിത്തം തൻെറ കവിതയിൽ സംസ്കൃതകവികളുടെ ചില ആശയങ്ങളും പ്രതിബിംബിക്കുന്നതിനു കാരണമായിത്തീൎന്നുവെന്ന സംഗതി മറയ്ക്കത്തക്കതല്ല. വിശ്വരൂപത്തിലെ

"ചന്ദ്രൻെറ രശ്മികളുയൎന്ന വയോടുചേൎന്നു
മിന്നുന്ന താഴ്വരയിലായിരുളിൻെറ വാസം
വേറിട്ടന്നപോലെഗുണദോഷമറിഞ്ഞുതെടെ-
ചേരുന്നമട്ടു പരവക്കിടമേകിടുന്നു" [വം

എന്ന ശ്ലോകം കുമാരസംഭവത്തിലെ

"ഉന്നതേഷു ശശിനഃപ്രഭാസ്ഥിതാ
നിമ്നസംശ്രയപരം നിശാതമഃ
നൂനമാത്മസദൃശീപ്രകല്പിതാ
വേധസാഹിഗുണദോഷയോൎഗ്ഗതിഃ"

VIII —66

എന്ന ശ്ലോകത്തിൻെറ പ്രതിബിംബം പോലെ തോന്നുന്നു. "ചന്ദ്രനുവേണ്ടതു കൊടുത്തുനിജപ്രതാപം വേണ്ടുന്നതഗ്നിയിലുമാക്കി" എന്ന ശ്ലോകഭാഗം "ദിനാന്തനിഹിതംതേജഃ സവിത്രേവഹുതാശനഃ" എന്ന രഘുവംശഭാഗത്തെ ഓൎമ്മിപ്പിക്കുന്നു.

"സ്വാഭാവികംമദമിയറ്റി വളത്തിടുന്ന
"ചന്ദ്രപ്രഭാരസ"മകത്തുചെലുത്തിയപ്പോൾ
പണ്ടേകിടന്നുപതറിക്കരയോടടിച്ചു
കൃത്താട്ടമംബുധികവിഞ്ഞുതുളിക്കളിച്ചു"

എന്ന ശ്ലോകം മാഘത്തിലെ

ആശ്ലിഷ്ടഭൂമിംരസിതാരമുച്ചൈർ-
ലോലൽഭുജാകാരബൃഹത്തരംഗം

ഫേനായമാനംപതിമാപഗാനാ
മസാവപസ്മാരിണമാശശങ്കേ."

III 72

എന്ന സമുദ്രവൎണ്ണനയുടെ രീതിയെ ആലംബമാക്കി പരിഷ്കൃതരീതിക്കനുസരണമായ മാററങ്ങൾ വരുത്തിയതല്ലയോ എന്നു സംശയിച്ചുപോകുന്നു. സമുദ്രത്തെ അപസ്മാരരോഗിയാണൊ എന്നു ശങ്കിക്കുന്നതായി മാഘകവി വൎണ്ണിക്കുന്നു. അപസ്മാരരോഗിയുടെ ലക്ഷണങ്ങളിൽ ചിലതു സമുദ്രത്തിനും ഉള്ളതായി കവി സങ്കല്പിക്കുന്നു. പണിക്കരുടെ ശ്ലോകത്തിലാണെങ്കിൽ ധാതുപുഷ്ടികവും മദവർദ്ധകവുമായ 'ചന്ദ്രപ്രഭാരസം' സേവിക്കനിമിത്തം മുൻപേതന്നെ കരയോടടിച്ചു കൂത്താടിക്കൊണ്ടിരുന്ന സമുദ്രം വർദ്ധിതോന്മേഷമായി തീൎന്നുവെന്നു കവി പറയുന്നു. "ചന്ദ്രപ്രഭാരസ"ത്തിനു രണ്ടുവിധത്തിൽ അൎത്ഥംകല്പിക്കാം. ധാതുപുഷ്ടികമായ ഔഷധ യെന്നും, ചന്ദ്രികാപ്രസരം എന്നും, തന്നിമിത്തം, മദത്തേയും വേലിയേററത്തേയും ഓരോ പക്ഷത്തിലും സമുദ്രത്തിൻെറ ഭാവഭേദത്തിനു കാരണമായി കല്പിക്കേണ്ടിവരും. ഇതു സമീചീനമായ ഒരു രീതിയാണ്. മാഘകവി സമുദ്രത്തെ അപസ്മാരരോഗിയായി സങ്കല്പിക്കുമ്പോൾ പണിക്കർ സമുദ്രത്തെ ഉന്മാദാവസ്ഥയിൽ എത്തിയതായി കരുതുന്നു മാഘകവിയുടെ ആശയം തൻെറ ബുദ്ധിയിൽ ലീനമായിരുന്നതായിരിക്കാം ഇതിനു കാരണം.

വിശപരൂപത്തിലെ

"ലാവണ്യപുണ്യവതിമാരുടെമന്ദഹാസ-
ത്തുവെണ്ണിലാവിലലിയുംചിലകാമുകന്മാർ
ഉള്ളിൽകിടന്നെരിയുമുൽക്കടകാമവഹ്നി
പൊള്ളിക്കവേപുകവമിച്ചുനടന്നിടുന്നു"

എന്ന ശ്ലോകത്തിലെ ആശയത്തിനു ആദർശശുദ്ധിയിൽ അല്പം അപകൎഷം കാണുന്നുണ്ട് എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

"മുന്നിൽകോളാൎന്നിരമ്പുംജലനിധി-
മുകളിൽചാരുതാരാസമൂഹം
മിന്നിക്കാണുംനഭോമണ്ഡലമതിനുനടു-
ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ" എന്ന ആശയംതന്നെ അല്പം ചില മാററങ്ങളോടുകൂടി, "...
പൂന്നിലാപ്പുഞ്ചിരിവിതറ വിളങ്ങുന്ന വിൺ
തിങ്കളുംവിണ്ണാകെച്ചുററുന്നതാരാഗണവുമുരു
ജവംപൂണ്ടുവീയുന്നകാററും കല്ലോലതല്ലി-
നാലെപട്ടപട്ടഹമടിക്കുന്ന വാരാശിതാനും"

എന്ന ശ്ലോകത്തിലും കാണുന്നു. അറബിക്കടലിനെക്കാടാക്കി രൂപകംചെയ്തതിൽ അല്പം അനൌചിത്യം കാണുന്നുണ്ട് എന്നും പറയേണ്ടിയിരിക്കുന്നു അഭേദം കല്പിക്കുന്ന അവർണ്ണ്യവൎണ്ണ്യങ്ങൾ ഒരേതരത്തിലുള്ള ഹൃദയവികാരങ്ങളുണ്ടാക്കുന്നവയായിരിക്കേണ്ടതു രൂപകത്തിൻെറ പ്രധാനഗുണമാണ്. മുഖചന്ദ്രൻ എന്നു പറയുമ്പോൾ മുഖത്തിനും ചന്ദ്രനും തമ്മിലുള്ള സാദൃശ്യകല്പനയുടെ ഭംഗിനിമിത്തം ഉണ്ടാകുന്ന ഉല്ക്കൎഷാതിശയം അവഗന്തവ്യമാണ്. കടൽ എന്നു കേൾക്കുമ്പോൾ നമുക്കുണ്ടാകുന്ന വിചാരത്തിനു തുല്യമായ ഒന്നല്ല കാട് എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്നതു്. ഒരു പക്ഷേ ഭീകരതാദ്യോതകമായ ഒരു വിശേഷണപദം "അംഭോധഭീഷണവനം" എന്നതിലേതുപോലെ പ്രയോഗിച്ചിരുന്നുവെങ്കിൽ യുക്തമായിരുന്നേനെ. നവംനവങ്ങളായ കല്പനകൾ, സുമധുരസുന്ദരമായ പദവിന്യാസത്തിൽനിന്നും ലബ്ധമാകുന്ന ശ്രുതിസൌഖ്യരസം, ഗഹനമെങ്കിലും സുഖചൎവ്യമായ തത്വചിന്താശകലങ്ങൾ, സന്ദർഭോചിതമായ അലങ്കാരപ്രയോഗം ഇവയാണു പണിക്കരുടെ കവിതയുടെ പ്രധാനഗുണങ്ങൾ. ഒരു കവിയുടെ പ്രധാനഗുണങ്ങളായ സൌന്ദൎയ്യ ബോധവും, പ്രതിഭാവിലാസവും, പണിക്കൎക്ക് നിസൎഗ്ഗസിദ്ധമായിരുന്നു. അദ്ദേഹത്തിൻെറ കീൎത്തിമഞ്ജരി അക്ഷീണശോഭമായും സൌരഭ്യസമ്പന്നമായും പരിലസിക്കട്ടെ എന്നപ്രാൎത്ഥനയോടു കൂടിഉപസംഹരിച്ചു കൊള്ളുന്നു.

—o—

മുക്കുററിപ്പൂ.

പുത്തൂർ അച്യുതമേനോൻ
(കേക.)

ഞാനൊരുമുക്കുററിപ്പൂ,വെൻമുഖത്തൊന്നുനോക്കു
മാനുഷരിടയ്ക്കൂഞങ്ങാൻ നോക്കിയാൽകൃതാൎത്ഥഞാൻ
ചന്തമില്ലെനിക്കേറെ, യെൻകവിൾത്തടത്തിങ്കൽ
ചെന്താരിൻതുടുപ്പില്ല, ചേലില്ല, മണമില്ല
മൂരണ്ടുമൂരണ്ടെത്തി നിത്യവുമിരക്കുന്ന
ചെറുഭൃംഗങ്ങൾക്കൊട്ടു തൂമധുകൊടുക്കുവാൻ
ഇല്ലയെൻപക്കൽപിന്നെ യെങ്ങിനെയവയെന്നെ
ത്തെല്ലൊന്നുപുകഴ്ത്തീടും ഈമട്ടിലല്ലോലോകം!
മുല്ല, മാലതി, ചാരു ചമ്പകം ചേമന്തിയീ-
ഫുല്ലസൂനങ്ങൾവാഴും ദിക്കിൽഞാൻകടന്നെന്നാൽ
മൎത്ത്യൻെറകൊടുംകരം പിടിച്ചുവലിച്ചെന്നെ
യെത്രയുംദൂരത്താക്കു മത്രയുംനിർഭാഗ്യഞാൻ.
സൂൎയ്യൻെറചൂടേറേററു വാടിയും വിളൎത്തും ഞാൻ
പാരിങ്കൽ തലചാച്ചു കിടക്കുംനേരത്തിങ്കൽ
ഒരിററുവെള്ളംതന്നെ നുള്ളൊന്നുകളപ്പിക്കാ-
നൊരൊററച്ചങ്ങാതിയി,ല്ലെൻെറദുർവ്വിധിനോക്കൂ.
ഈശപരകാരുണ്യത്താ ലുണ്ടാകുംവൎഷംമാത്രം
നാശത്തിൽനിന്നെന്നെ യിമ്മാതിരിപാലിക്കുന്നു.
എന്നാലുമൊരുകാല ത്തെന്നെയുംതിരക്കിക്കൊ-
ണ്ടെണ്ണമില്ലാതെജന മെങ്ങുമേനടന്നീടും
കൎക്കടകത്തിലേഴു നാളെന്നെപൂജിക്കുവാൻ
ദിക്കെങ്ങുമൊരുക്കമാ ണെന്നതിൻഹേതുവാവോ?
പുണ്യമാണിതുപോലും വിണ്ണിനുനാഥൻപോലും
കണ്ണിനാനന്ദത്തോടെ നോക്കുമെൻമുഖത്തപ്പോൾ
വല്ലതുംഗുണംലഭിച്ചീടുകിൽമാത്രംമൎത്ത്യൻ
തെല്ലൊന്നുപാവങ്ങൾതൻ സന്നിധൌവരുമെന്നോ?



നാസിപദ്ധതികൾ അനുസരിച്ചു പ്രവ ൎത്തകന്മാരെ പരിശീലിപ്പിക്കുന്നതിനായി ഹെർഹിററ്ലരുടെ ഗവമ്മെൻറു പതിനാ റായിരം പവൻ നീക്കിവച്ചിരിക്കുന്നു.

*　*　*　*

ആറു അംഗങ്ങളുള്ള ഒരു നിഷ്പക്ഷക്ക മ്മിററിയുടെ മേൽനോട്ടത്തിൽ ഗ്രാൻചാ ക്കോയിൽ ഒരു നിഷ്പക്ഷമേഖല സൃഷ്ടിക്ക ണമെന്നും അനന്തരം ഒരുമാസത്തിനകം ആർജൻറയിൻ, ബ്രസിൽ, ചിലി, പെറു, ഐക്യനാടുകൾ എന്നീരാജ്യങ്ങൾ സഹക രിച്ചു ബ്യൂനോസ് അയേഴ സിൽവച്ചു ഒരു സന്ധിസമ്മേളനം നടത്തണമെന്നും ആ ണു ലീഗ്കമ്മിററി, ബൊളിവിയ, പെരാ ഗ്വേ എന്നീരാജ്യങ്ങൾതമ്മിൽ നടന്നുവരു ന്ന യുദ്ധത്തെപ്പററി അന്വേഷിച്ചശേഷം റിപ്പോട്ടുചെയ്തിരിക്കുന്നതു്.

*　*　*

ബ്രിട്ടീഷുപക്ഷത്തു നിന്നുണ്ടായിരിക്കുന്ന രാജിനിർദ്ദേശങ്ങളെപ്പററി ജപ്പാൻപ്രതിനി ധിസംഘത്തിന്റെ അഭിപ്രായം വിദേശകാ ൎയ്യാലയത്തെ അറിയിച്ചിരിക്കുന്നു. ബ്രിട്ട ന്റെ നിർദ്ദേശങ്ങളെ അവർ നിരാകരിക്ക യും നാവികസമത്വത്തിനുവേണ്ടി വാദിക്ക യും ചെയ്യുന്നു.

*　*　*

ജനുവരി ഒന്നാംതിയതിമുതൽ ഫെബ്രു വരി അഞ്ചാംതിയതിവരെ ഹോർ, ലാൻ സ്ബറി, ഷുസ്റ്റർ, ലായിഡ്ജ്രത്ത, ലേഡി ലേററൻ, സർജാൺതാംസൻ, സി. എഫ്. ആൻഡ്രൂസ്സ്, ഐസക്ക്ഫുട്ട്, ചച്ചിൽ, മേജർആററ്ലി, ബാൾഡ്വിൻ എന്നിവ രുടെ, ജെ പി. സി റിപ്പോർട്ടുസംബന്ധി ച്ച പ്രസംഗങ്ങൾ പ്രക്ഷേപണംചെയ്യുന്ന തിനു ബ്രിട്ടീഷ് ബ്രോഡ്കാസ്ററിങ്ങ് കാർപറേഷൻ ഏർപ്പാടുചെയ്തിരിക്കുന്നു.

*　*　*

അമേരിക്കൻതൊഴിലാളികളുടെ പണിമുടക്കു.



തൊഴിലാളിദിനംസംബന്ധിച്ചു ഗാസ്റ്റോണിയായിലെ തൊഴിലാളികൾ വമ്പിച്ച ഒരു ഘോഷയാത്ര നടത്തുകയുണ്ടായി. ഐക്യനാടുകളിലെ എല്ലാ നെയ്ത്തുജോലിക്കാരുംകൂടി നടത്തിയ പണിമുടക്കിൽ ഗാസ്റ്റൻ എന്ന സ്ഥലത്തെ പതിനായിരത്തിൽപരം തൊഴിലാളികൾ കൂടിയാണു പണിമുടക്കു നടത്തിയതു്.

U. P. S.



വിചിത്രമായ ഒരുതരം സ്നാനവസ്ത്രം ധ രിച്ചുകൊണ്ടു നില്ക്കുന്ന ഒരു സ്ത്രീ. 'സ്പ്രൂ സ്' എന്നറിയപ്പെടുന്ന വൃക്ഷാംശംകൊണ്ടു നിർമ്മിച്ചിരിക്കുന്ന ഈ വസ്ത്രത്തിനു ഒരംഗു ലത്തിന്റെ പതിനെട്ടിൽ ഒരുഭാഗം മാത്ര മേ കനമുള്ളു.

*　*　*

കാതുകുത്തുകയെന്ന ചടങ്ങ് ശസ്ത്രക്രിയ യോടു ബന്ധമുള്ള ഒരു സംഗതിയാകയാൽ മേലിൽഅതു് ഭിഷഗ്വരന്മാരാൽമാത്രമേ നി ൎവഹിക്കപ്പെടാവു എന്നു ഈയിടസോഷ്യൽ ഭരണമണ്ഡലം ഒരു നിയമം പാസ്സാക്കിയ തിനെസംബന്ധിച്ചു വിയന്നായിലെ വനി തകൾ വിപ്ലവകരമായ മനഃസ്ഥിതി പ്രദർ ശിപ്പിച്ചുതുടങ്ങിയിരിക്കുന്നു ഈ നിയമം പ്രത്യക്ഷപ്പെടുന്നതിനുമുൻപു വിയന്നാതരു ണികളുടെ ഈ ആവശ്യം നിൎവഹിച്ചുവന്ന തു് ആഭരണവ്യാപാരികളായിരുന്നു. പ്രഥ മശ്രവണത്തിൽ തോന്നുന്നതുപോലെ നി സ്സാരമായി ഈ സംഗതി കരുതുവാൻ നിവൃ ത്തിയില്ല. തങ്ങളുടെ തൊഴിലിന്റെ അന്ത സ്സിനെ ഹനിക്കുന്ന ഒരു തുച്ഛമായ സംഗ തിയാകയാൽ ഈജോലിചെയ്യുവാൻ അവി ടെയുള്ള ഡാക്ടരന്മാർ തയ്യാറില്ലത്രേ. ഡാ ക്ടരന്മാരുടെ ഈ ഭാവം ആഭരണവ്യവസാ യത്തെ ദോഷകരമായരീതിയിൽ സ്പർശിക്കു ക എന്നു വാണിജ്യസംഘങ്ങൾ മുറവിളികൂ ട്ടിത്തുടങ്ങിയുമിരിക്കുന്നു ഈവിധം ഒരുനി യമം പാസ്സാക്കേണ്ടആവശ്യംഇൻഡ്യയിലി ല്ലാതെവന്നതു് ആശ്വാസകരംതന്നെ. കാ ട്ടിൽനിന്നു ഒരു മുള്ളെടുത്തു് ഈ ആവശ്യം നമ്മുടെസ്ത്രീകൾഭംഗിയായി നിൎവഹിക്കുന്നു. അതുകൊണ്ടു് യാതൊരു തകരാറും സംഭ വിക്കുന്നുമില്ല.

*　*　*

"എനിക്കു ൧൫൦-വയസ്സ് പ്രായമുണ്ടു്. എന്നോളം പ്രായമുള്ള ആളുകൾ ഇന്നു ലോകത്തിലില്ല അതുകൊണ്ടു ലോകത്തിലേക്കും വയസ്സൻ എന്ന സ്ഥാനത്തിനു ഞാനാണു് യോഗ്യൻ." ജിയോർജിയാറിപ്പബ്ളിക്കിൻെറ തലസ്ഥാനമായ ടിഫ്ളിസിൽനിന്നു പത്തുമൈൽ അകലെയുള്ള കമിസാഗ്രാമത്തിൽനിന്നു ഈയിടെ കണ്ടുപിടിക്കപ്പെട്ട ആർട്ടെമിലാഗിയാഷ്വില്ലി എന്ന വയോവൃദ്ധൻ സമപ്പിച്ച നിവേദനത്തിൻെറ ഒരു ഭാഗമാണു മേൽ കാണിച്ചിരിക്കുന്നതു്. ഇയാളുടെ ഓർമ്മയിൽപെട്ട പുരാണവത്തമാനങ്ങളെ ശേഖരിക്കുവാനായി മോസ്കോചരിത്രഅക്കാഡമിഅംഗങ്ങൾ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആർട്ടെമി അപ്പൂപ്പൻെറ ഇപ്പോഴുള്ളതിൽ മൂത്തപുത്രനു ൧൨൦ വയസ്സ് മാത്രമെ പ്രായമുള്ളു.

* * *

ഒരു പോസ്റ്റുകാർഡിൽ എത്ര വാക്കുകൾ എഴുതാം? പ്രസിദ്ധ ദേശഭക്തനായിരുന്ന മി ദാദാഭായിനവരോജിയുടെ ജീവചരിത്രം മുഴുവൻ ഒരു പോസ്റ്റുകാർഡിൽ എഴുതിയിട്ടുണ്ടെന്നും അതു ഇപ്പോഴും ഒരു മി ബാററ്ലിവാലായുടെ കൈവശം ഉണ്ടെന്നും ടൈംസ്ഓഫ് ഇൻഡ്യയിൽകുറെനാൾ മുൻപു് പ്രസിദ്ധംചെയ്തിരുന്നു. ഈ കാർഡിൽ 196 വരികളുണ്ടു്. ആകെയുള്ള വാക്കുകളുടെ എണ്ണം 4100 ആണു്. ഈ സന്ദർഭത്തിൽ കണ്ടിട്ടുള്ളതിൽ വലിപ്പംകുറഞ്ഞ ലേഖനം ഏതാണെന്നു് അന്വേഷിക്കുന്നതും രസാവഹമായിരിക്കും ചില വ്യവസായസ്ഥാപനങ്ങളുടെവിലയിൽ ഏതെങ്കിലും വ്യത്യാസമുണ്ടോ എന്നറിയുവാൻ ഇംഗ്ലണ്ടിലെ ഒരു കമ്പനിക്കാർ പാരീസ്സിലെ ഒരാൾക്കെഴുതി. എഴുത്തിൽ "?" എന്നൊരടയാളംമാത്രം. മറുപടിയും അതേവിധം തന്നെ. "൦" എന്നുമാത്രം. ഒരമേരിക്കൻവത്തകനും അദ്ദേഹത്തിൻെറ അനന്തിരവനുമായുള്ള ഒരു എഴുത്തുകുത്തും ഇതേവിധം തന്നെ ചുരുക്കത്തിലായിരുന്നു. "പ്രിയഅനന്തിരവനേ" എന്നു് അമ്മാവൻ എഴുതിയപ്പോൾ "പ്രിയ അമ്മാവാ" എന്നു അനന്തിരവൻ മറുപടി അയച്ചു.

* * *

മൃതിയടഞ്ഞ നായ്ക്കൾക്കു വീണ്ടും ജീവൻ പ്രദാനംചെയ്യുവാൻ സാധിച്ച ഡാക്ടർ കാർനിഷ് നാലാമതൊരുപട്ടിയുടെമേൽ വീണ്ടും പരീക്ഷണം ആരംഭിച്ചിരിക്കുന്നു. പരീക്ഷണാവശ്യത്തിനായി വധിക്കപ്പെട്ട ആദ്യത്തെ രണ്ടുപട്ടികളും ഡാക്ടരുടെ പ്രയോഗങ്ങളിൽ വീണ്ടും ജീവിച്ചു എങ്കിലും ഒന്നുരണ്ടുനിമിഷങ്ങൾക്കുശേഷം കാലഗതിയെ പ്രാപിക്കയാണുണ്ടായതു്. മൂന്നാമത്തേതിൻെറ പുനർജന്മം ആദ്യത്തേതിനേക്കാൾ സ്വല്പം ഭേദമായിരുന്നു. മെല്ലെ ഇഴയുവാനും ചിലപ്പോഴെല്ലാം ഇരിക്കുവാനും, ഭക്ഷണം കഴിക്കുവാനും, കുരയ്ക്കുവാനും മററും ഇതിനു സാധിച്ചുവത്രെ. ഒരാഴ്ചകഴിഞ്ഞപ്പോൾ മുൻപതിവനുസരിച്ചു ആഹാരവും കഴിച്ചുതുടങ്ങി. എന്നാൽ തനിയെ എഴുന്നേൽക്കുവാൻ ഇതിനു സാധിക്കാതെ വന്നു. മരണത്തിൻെറ രുചി അനുഭവിച്ചതോടുകൂടി പട്ടിയുടെ തലച്ചോറിനു ഏതോ തകരാറുണ്ടായി എന്നാണു നമ്മുടെ ഡാക്ടരുടെ വിശ്വാസം. നാലാമത്തെ പരീക്ഷണഫലം വിജയകരമായിരിക്കുമെന്നു അദ്ദേഹം ആശിക്കുന്നു ഹൃദയസ്പന്ദനംനിന്നു അഞ്ചുമിനിററു കഴിഞ്ഞപ്പോഴാണു നാലാമത്തെ ശ്വാവിനെ ഇദ്ദേഹം ഉയത്തെഴുന്നേല്പിച്ചതു എന്നതും പ്രസ്താവ്യമാണു്.

* * *

വൈററുപേപ്പർനിർദ്ദേശങ്ങൾക്കെതിരായുള്ള ഒരുഭാവം ബ്രിട്ടനിലെ പൊതുജനങ്ങളിൽ ഉണ്ടാക്കുവാനായി "മാർണിങ്ങ് പോസ്ററ്" എന്നപത്രം ചെയ്തുവരുന്ന പ്രയത്നങ്ങൾ ആരുടെയും അനുകമ്പയെ അർഹിക്കുന്നവയാണു്. പദ്ധതിക്കനുസരണമായ പ്രവത്തനം നടപ്പിൽ വരുകയാണെങ്കിൽ ഉണ്ടാകാവുന്ന ഭയങ്കരകുഴപ്പങ്ങളെപ്പററി പോസ്ററുചെയ്യുന്നപ്രവചനം ആരെയും ക്ഷോഭപരവശരാക്കിതീക്കാതിരിക്കയില്ല. "പോലിസിനുനാശം, ഇൻഡ്യയിലെ ബ്രിട്ടീഷുകാക്കു ജീവാപായം, അവരുടെസ്വത്തുക്കൾക്കു് കണ്ടുകെട്ടൽ." പോലീസ്സുവകുപ്പ് ഇൻഡ്യൻമന്ത്രിമാരെ ഏല്പിക്കുന്നതുകൊണ്ടുണ്ടാകാവുന്ന ദോഷങ്ങളെപ്പററി പോസ്ററുപറയുന്നതു് ശ്രദ്ധിക്കാം. "ശരിയായ സംഘടനലഭിച്ചിട്ടുള്ള ഏകഇൻഡ്യൻസ്ഥാപനം ഇൻഡ്യൻനാഷനൽ കാൺഗ്രസ്സാണു് ആസന്നഭാവിയിൽ ഇതു് ഇൻഡ്യൻഭാവിയെ രൂപീകരിക്കുന്ന പ്രവൃത്തിയിൽ മുഖ്യസ്ഥാനം പ്രാപിക്കുമെന്നു് തിച്ചയായും പറയാം. ഇൻഡ്യൻപോലിസിനോടും ബ്രിട്ടീഷുകാരോടും ഈക്കൂട്ടക്കുള്ള വെറുപ്പ് പലപ്രാവശ്യവും പ്രകടിപ്പിച്ചിട്ടുള്ളതാണു് കാൺഗ്രസ്സ് അവസാനിക്കുന്നതും ഭീകരപ്രസ്ഥാനപ്രവത്തനങ്ങൾ ആരംഭിക്കുന്നതും എവിടെയാണെന്നു് ആക്കും തിച്ചപറയുവാൻ നിവൃത്തിയില്ല. ഇതുമാത്രമൊ? ബ്രിട്ടീഷുകൊടിയെ അഗ്നിക്കിരയാക്കുവാനും ബ്രിട്ടീഷുസാമാനങ്ങളെ ബഹിഷ്കരിക്കുവാനും ബ്രിട്ടനുമായുള്ള സകല ബന്ധങ്ങളും ഇല്ലാതെയാക്കുവാനും ഇവർ എപ്പോഴും സന്നദ്ധരായി കാണപ്പെടുന്നു ഈ കാരണങ്ങളാൽ അധികാരം ഈയാളുകൾക്കു കരസ്ഥമാകുന്നനിമിഷം തന്നെ പോലീസിനു നാശവും, ഇൻഡ്യയിലെ ബ്രിട്ടീഷുകാക്കു ജീവാപായവും സ്വത്തുക്കൾക്കു കണ്ടുകെട്ടലും ഉടനടി ഉണ്ടാകുമെന്നു് ഉറപ്പുപറയുവാൻ ഞങ്ങൾ മടിക്കുന്നില്ല."

—൦—

സന്ധ്യാഗമനം.

സി. മാധവൻപിള്ള.

സന്തപിച്ചുനെടുവീർപ്പുമിട്ടഹാ
പിന്തിരിഞ്ഞുനടകൊൾകയായിതോ
എന്തിനിങ്ങനെ മനോഭിരാമമാം
സന്ധ്യവന്നൊളിവിൽനിന്നുപോവതു്?

ചാരുസൂര്യപടമാകെയാർദ്രമായ്
മാറി, മാറിലതുപററിയോമലേ!
കോരകങ്ങൾതെളിയുന്നു നിൻെറയീ
വാരണേന്ദ്രഗമനാന്തരത്തിലും

പങ്കമററുരുകിവാർന്നിടും തനി-
ത്തങ്കശോഭപുലരുന്നനിന്നിലായ്
ഹന്ത പാരമൊരുമഞ്ഞളിച്ചമ-
ട്ടുണ്ടു കാണ്മതിനതെന്തുമാത്രമോ

കഞ്ജലോലമിഴിയദ്ധമീലിത
സ്പന്ദിയായ് തടനു ബാഷ്പഭിന്നമായ്
വ്യഞ്ജിതാശയമയച്ചിടുന്നു നീ
നെഞ്ഞിടിപ്പിടതടവുപൊഴൊക്കെയും

മുഗ്ദ്ധഭാവമനുതാപദീപസം-
ദഗ്ദ്ധമായതുതെളിച്ചുകൊൾവതോ
അത്രരാഗവതിയായി നീ തരം
പാർത്തുതന്നിവിടെവന്നുനിന്നതും

നിന്തിരുക്കഴലുകൂപ്പുകയ്യൊടും
കുമ്പിടാനുമമൃതാപ്പണത്തിനും
മുൻപെനിക്കിതി നിനച്ചുനില്ക്കുവാൻ
വൻപരുണ്ടിതറിയുന്നുമുണ്ടുഞാൻ

തൽപ്രസാദമിയലാൻ,കവീന്ദ്രരെ
നല്ലലാക്ഷി കവിമാതൊടെന്നപോൽ
അത്ഥലോലതവഹിപ്പു വൻപർ നി
യപ്രസാദമിവിടേല്പതെന്തിനായ്?

ഹന്ത മാനവതിയായി നീ സ്വയം
പിന്തിരിഞ്ഞുനടകൊൾവതാകിലോ
അന്ധകാരഭരമാർന്നിടുന്ന നി-
ന്നന്തരംഗഗതി ദർശനീയമായ്

നൂനംപ്രിയേഭവതിയെന്നൊടുതുല്യനന്യം
കാണില്ലതിന്നുതിരയേണ്ടതിരിഞ്ഞുപോയി
ഞാനെത്രസന്ധ്യകളെയിങ്ങനെകണ്ടുമേലും
കാണും ദിനംപ്രതി ധരിക്കണമത്രമാത്രം.

മലയാളരാജ്യം.

1110 വൃശ്ചികം 11-ാംനു- തിങ്കളാഴ്ച

കൗൺസിൽപ്രവേശനം ഉപേക്ഷിച്ചിരുന്ന കാൺഗ്രസ്സ് വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കുന്ന ഈ അവസരത്തിൽ പണ്ടില്ലാത്തവിധം എത്രയോ അധികം ആളുകൾ വോട്ടവകാശം പ്രയോഗിച്ചു എന്നതും, അവരിലധികംപേരും കാൺഗ്രസ്സ് സ്ഥാനാർത്ഥികൾക്കാണു വോട്ടുചെയ്തതു എന്നതും ശുഭോദർക്കമാണ്. ഹിന്തുക്കളും, ക്രിസ്ത്യാനിയും, മുസ്ലിങ്ങളുമായ കാൺഗ്രസ്സ്സ്ഥാനാർത്ഥികൾക്കു വോട്ടുചെയ്തവർ താന്താങ്ങളുടെ മതബോധത്തെ വിഗണിക്കയും ഇന്ത്യ എന്ന ഒരു മതംമാത്രം മുൻനിറുത്തി പ്രവർത്തിക്കയും ചെയ്തു എന്നുള്ളതാണു ശുഭോദർക്കമെന്നു പറയേണ്ടതു്. ഈയിടെ ലണ്ടനിൽ നടന്ന ദീപാളിആഘോഷങ്ങളിൽ, അവിടത്തെ സ്ഥിരതാമസക്കാരായ 200 പേർ പങ്കുകൊണ്ടു. അവർ ഹിന്തുക്കൾ മാത്രമല്ല. മുസ്ലീങ്ങളും, പാഴ്സികളും, ജൂതന്മാരും, ആംഗലേയന്ത്യന്മാരുമുൾപ്പെടെ 200 ഇന്ത്യാക്കാരാണു ദീപാളി ആഘോഷിച്ചതെന്നുള്ളതു ശുഭോദർക്കമല്ലെങ്കിൽ പിന്നെന്താണു? അവിടെയും ഇന്ത്യയാണു മതമായിത്തീർന്നതു്. പ്രസ്തുത ആഘോഷത്തിലെ ഡിന്നറിൽ മംഗളത്ഥംപാനകർമ്മം (ടോസ്റ്റു) നിർവ്വഹിച്ചതു ഡാക്ടർ മഹമ്മദ് എന്നൊരു മുസ്ലിം ആയിരുന്നു എന്നുള്ളതു അത്യന്തം സന്തോഷകരമാകുന്നു. മദ്രാസിലെ കാൺഗ്രസ്സ്വിജയത്തെ അനുമോദിക്കുന്നതിനായി വെപ്പേറി ഡിവിഷനിൽ കൂടിയ മഹായോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചതു വെപ്പേറി മുൻസിപ്പൽകൌൺസിലിലെ ഒരംഗമായ മി. എസ്. എ. ഷാഫിമഹമ്മദ് ആയിരുന്നു എന്നുള്ളതു് ഇന്ത്യാക്കാരിൽ ഓരോരുത്തരുടേയും മതം എന്തായിരുന്നാലും, ഭാവിയിൽ അവർ കൂടുതൽകൂടുതലായി ഇന്ത്യാമതംതന്നെ സ്വീകരിക്കുന്നതാണെന്നു വീണ്ടും തെളിയിക്കുന്നു. ഈ അവസരത്തിൽ, "രാജ്യസേവനം മതമാകുമെങ്കിൽ, അതാണു എന്റെ മതം" എന്നു പണ്ഡിതജവഹരിലാൽനെഹ്റു മുമ്പൊരിക്കൽപറഞ്ഞതാണു ഓർമ്മയിൽ വരുന്നതു്. നാട്ടുരാജ്യങ്ങളിലും ഇന്നത്തെ അവസ്ഥയിൽ ഇത്തരം ആദർശങ്ങളുള്ള ആളുകൾ വേണ്ടിയിരിക്കുന്നു. വർഗ്ഗീയവാദത്തിന്റെ അത്യുച്ചാവസ്ഥയിൽപോലും, അങ്ങനെയുള്ള ആളുകൾ ധാരാളമുണ്ടായിരിക്കുമെന്നു സമാശ്വസിക്കാം.

* * *

സൈമൺകമ്മീഷന്റെ നിയമനത്തോടുകൂടി ആരംഭിച്ച ഇന്ത്യൻഭരണപരിഷ്കരണശ്രമങ്ങളുടെ ഇതുവരെയുള്ള ഫലമാണു ജായന്റു പാർലമെൻററിക്കമ്മിററിയുടെ ശുപാർശകളായി ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നതു്. കമ്മിററിയുടെ ശുപാർശകളുടെ ഒരു ചുരുക്കം അന്യത്ര പ്രസിദ്ധംചെയ്തിരിക്കുന്നു. ഇന്ത്യൻഭരണപരിഷ്കാരഭാവിയുടെ ഏതാണ്ടൊരു സ്വഭാവം അതിൽനിന്നു ഗ്രഹിക്കുവാൻ കഴിയുന്നുണ്ടു്. രാജ്യരക്ഷ, സൈന്യം, സർവ്വീസുകളുടെ നിയമനവും നിയന്ത്രണവും, അവരുടെ ശമ്പളവും പെൻഷനും, വിദേശബന്ധം എന്നിങ്ങനെ ഇന്ത്യൻകേന്ദ്രഭരണാധികാരത്തിന്റെ ഏററവും വൻപിച്ചഭാഗം ഫെഡറൽ നിയമസഭയിൽനിന്നൊഴിവാക്കി, വൈസ്രായിയുടെയും ഇന്ത്യാസിക്രട്ടറിയുടെയും ഹസ്തങ്ങളിൽ റിസർവ്വുചെയ്കയാണു ചെയ്യുന്നതെന്നു വിശദമാകുന്നതാണു്. ഇതുകൂടാതെ രക്ഷാവ്യവസ്ഥകൾ - കമ്മിററി നിർവ്വചിക്കുമ്പോലെ "നിയമത്താൽ അംഗീകൃതമായ സാരമായ അധികാരങ്ങൾ"- എന്ന പേരിൽ ഒട്ടുവളരെ അധികാരങ്ങൾ ഗവർണ്ണർജനറലിനും ഗവർണ്ണർമാർക്കുമായി റിസർവ്വുചെയ്യുന്നുണ്ടു്. ബ്രിട്ടീഷ്പ്രജകളെയും ബ്രിട്ടീഷ്കച്ചവടത്തെയും പ്രതികൂലവിവേചനംചെയ്യുന്ന നിയമനിർമ്മാണത്തെയും ഭരണോപായങ്ങളെയും തടയുന്നതിനുള്ള ചുമതലയും അധികാരവും ഗവർണ്ണർജനറലിനുണ്ടു്. ഇങ്ങനെ റിസർവ്വുചെയ്യപ്പെടുന്ന അധികാരങ്ങളെല്ലാംപോക്കി നോക്കുമ്പോൾ ഭരണാധികാരത്തിന്റെ വെറും "പത്ഥ്യമ്പുറം" മാത്രമാണു ഇന്ത്യാക്കാർക്കു വിട്ടുതരുവാൻ കമ്മിററി ശുപാർശ ചെയ്യുന്നതെന്നു വിശദമായി കാണാവുന്നതാണു്. വിശന്നു അപ്പം ചോദിക്കുന്ന ഇന്ത്യാക്കാർക്കു പാറക്കഷണം നൽകുന്ന മട്ടിലാണു ജായിൻറുപാർലമെൻററിക്കമ്മിററി ശുപാർശ ചെയ്തിരിക്കുന്നതു്. ഇന്ത്യൻപ്രാവിൻസുകൾക്കു സ്വയംഭരണം വേണമെന്നല്ല, കേന്ദ്രഭരണം സകല കാര്യങ്ങളിലും ഇന്ത്യൻനിയമസഭയോടു ഉത്തരവാദിത്വമുള്ളതായിരിക്കണമെന്നാണു - മഹാത്മാഗാന്ധിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ സ്വാതന്ത്ര്യത്തിന്റെ സാരാംശം വേണമെന്നാണു - ഭാരതീയർ ചിരകാലമായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതു്. പക്ഷെ ഈ മുറവിളി വെറും വനരോദനമായി കലാശിക്കമാത്രമാണു ചെയ്തിരിക്കുന്നതെന്നു കമ്മിററിയുടെ ശുപാർശകൾ തെളിയിക്കുന്നു. ഏററവും ചുരുങ്ങിയ ഒരു പരിവർത്തനകാലത്തേക്കു അത്യന്താപേക്ഷിതമായ ചില രക്ഷാവ്യവസ്ഥകളോടുകൂടി ഇന്ത്യയ്ക്കു ഡൊമിനിയൻ ഭരണവ്യവസ്ഥ അനുവദിക്കണമെന്നും പാർലമെൻറിനെ വീണ്ടും ആശ്രയിക്കാതെതന്നെ ഇന്ത്യയ്ക്കു ഭരണവ്യവസ്ഥാപുരോഗതിയുണ്ടാക്കത്തക്കവണ്ണമുള്ള സ്വയംനിർണ്ണയാവകാശം ഭരണപരിഷ്കാരബില്ലിൽ അന്തർഭവിക്കണമെന്നും റൌണ്ടുടേബിൾകാൺഫറൻസിലെ ഇന്ത്യൻപ്രതിനിധിസംഘം സമർപ്പിച്ച സംയുക്തമെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നതിനെയും കമ്മിററിയുടെ ശുപാർശകൾകേവലം അഗണ്യകോടിയിൽ തള്ളിക്കളഞ്ഞിരിക്കുന്നു. ഇങ്ങനെ മിതവാദികളുടെ നിർദ്ദേശങ്ങളെപ്പോലും തിരസ്കരിച്ചിരിക്കുന്ന കമ്മിററിയുടെ ശുപാർശകൾ ഇൻഡ്യയെ ഒരു തരത്തിലും സ്വയംഭരണലക്ഷ്യത്തിലേക്കു അടുപ്പിക്കുന്നില്ലെന്നും അതിനെ കൊണ്ടാടുകയും പ്രശംസിക്കുകയും ചെയ്യുന്നവർ ഇന്ത്യൻസ്വയംഭരണത്തിന്റെ ശത്രുക്കളായിരിക്കുമെന്നും പറയേണ്ടിയിരിക്കുന്നു. കമ്മിററിയുടെ ശുപാർശകളിൽ കാണുന്ന പുരോഗതിയെ മാനദണ്ഡമാക്കി നോക്കുമ്പോൾ ഇന്ത്യ പൂർണ്ണസ്വയംഭരണത്തിലെത്തുന്നതിനു ഇനി എത്ര തലമുറകൾ കഴിയണമെന്നുപോലും നിർണ്ണയിക്കുവാൻ വഴി കാണുന്നില്ല. സാരമായ അധികാരദാനവിഷയത്തിൽ കമ്മിററിയും ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരും കാണിക്കുന്ന മനസ്സില്ലായ്മയും സന്ദേഹവും ഒന്നുകിൽ ഇന്ത്യാക്കാരെപ്പററിയുള്ള അവിശ്വാസത്തിന്റേയോ അല്ലെങ്കിൽ ബ്രിട്ടീഷ്താല്പര്യങ്ങളുടെ അഭിവൃദ്ധിക്കു ഇന്ത്യയെ തുടരെ നിദാനമാക്കി വെച്ചുകൊണ്ടിരിക്കണമെന്നുള്ള നയത്തിന്റേയോ ഒരുപക്ഷെ ഇവ രണ്ടിന്റേയുമോ ഫലമായിരിക്കാം. സ്വയംഭരണത്തിന്റെ നിഴലാട്ടംപോലും ഇല്ലാത്ത ഇത്തരം ശുപാർശകൾകൊണ്ടു വാസ്തവത്തിൽ കമ്മിററി ഇന്ത്യാക്കാരുടെ ആത്മാഭിമാനത്തേയും പ്രബുദ്ധതയേയും ക്ഷതപ്പെടുത്തുകയാണു ചെയ്യുന്നതു്. ഈ ക്ഷതം പൂർവ്വാധികം ഊർജ്ജിതത്തോടും ദൃഢനിശ്ചയത്തോടുംകൂടിയ സ്വാതന്ത്ര്യസമ്പാദനശ്രമത്തിനു ഭാരതീയരെ സന്നദ്ധരാക്കിത്തീർക്കുമെന്നു വിശ്വസിക്കാവുന്നതാണു്. പാർലമെൻറിനെ വീണ്ടും ആശ്രയിക്കാതെതന്നെ ഇന്ത്യയുടെ ലക്ഷ്യത്തെ ഡൊമിനിയൻസ്റ്റാററസ് ആയി പ്രഖ്യാപനംചെയ്യണമെന്നും രണ്ടാംമണ്ഡലങ്ങൾ അനാവശ്യമാണെന്നും ഫെഡറേഷൻ നടപ്പിൽവരുത്തുന്ന തീയതി നിശ്ചയിക്കണമെന്നും വിശേഷാൽ ഉത്തരവാദിത്വങ്ങൾ വളരെ വിപുലമായിപ്പോയെന്നും കേന്ദ്രത്തിൽ ഏകമണ്ഡലനിയമസഭ മതിയെന്നും അതിന്റെ തെരഞ്ഞെടുപ്പു നേരിട്ടു നടത്തണമെന്നും അതിൽ തൊഴിലാളികൾക്കു പത്തിനുപകരം 26 സീററുകൾ ഉണ്ടായിരിക്കണമെന്നും ഇന്ത്യൻനാട്ടുരാജ്യങ്ങളും ക്രൌണും തമ്മിലുള്ളബന്ധം ഒഴിച്ചുള്ള വിദേശകാര്യങ്ങളെ നിയന്ത്രിക്കാൻ ഇന്ത്യയ്ക്കു അധികാരംവേണമെന്നും 30 വർഷത്തിനകം സൈന്യത്തെ ഭാരതീയമാക്കണമെന്നും, നിയമസമാധാനങ്ങൾസംബന്ധിച്ചു മന്ത്രിമാരുടെ അധികാരം പരിമിതപ്പെടുത്തരുതെന്നും പ്രത്യേകനിയോജകമണ്ഡലങ്ങളരുതെന്നും വാദിച്ചുകൊണ്ടു ഇന്ത്യൻസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുകയും ഭിന്നറിപ്പോർട്ടു സമർപ്പിക്കയും ചെയ്തിരിക്കുന്ന കമ്മിററിയിലെ ലേബർമെമ്പറന്മാർ ഇന്ത്യയുടെ കൃതജ്ഞതയെ അർഹിക്കുന്നുണ്ടു്. മരുഭൂമിപോലെയുള്ള ജായിൻറുകമ്മിററിയുടെ ഭൂരിപക്ഷറിപ്പോർട്ടു തരണംചെയ്തകൂട്ടത്തിൽ അല്പം പച്ചയുള്ള ഒരൊററനിർദ്ദേശം കാണുവാൻ സാധിച്ചതുകൂടി ചൂണ്ടിക്കാണിക്കാതിരിക്കുന്നതു ഉചിതമായിരിക്കയില്ല. ലോത്തിയൻകമ്മിററിയുടെ ശുപാർശകളെ കമ്മിററി പൊതുവെ അംഗീകരിക്കുന്നില്ലെങ്കിലും സ്ത്രീകളുടെ നിയോജകത്വംവർദ്ധിപ്പിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ഇതുമാത്രമത്രെ റിപ്പോർട്ടിൽ കാണുന്ന ആശ്വാസകരവും അഭിനന്ദനാർഹവും ആയ ഏകനിർദ്ദേശം. റിപ്പോർട്ടിന്റെ ആഹ്വാനത്തെ ഇന്ത്യാക്കാർ ഏതുതരത്തിൽ സ്വീകരിക്കുന്നു എന്നാണു ലോകം സോൽക്കണ്ഠം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതു്.

—o—

പുതിയ മദ്രാസ് ഗവർണ്ണറുടെ ആഗമനം




പുതിയഗവർണ്ണർ എഴ്സ്കിൻപ്രഭുവും, പത്നിയും മദ്രാസ് നഗരം ഇദംപ്രഥമമായി കാണുന്നു. സെൻട്രൽ സ്റ്റേഷനിൽനിന്നും ഗവമ്മെൻറുമന്ദിരത്തിലേയ്ക്കു ഗവർണ്ണറും ലേഡിമാർഴോറീഎഴ്സ്കിനും ആഡംബരപൂർവ്വം യാത്രചെയ്ത അവസരത്തിലെ ഫോട്ടോ. ചിത്രത്തിൽ വലത്തേ അററത്തിരിക്കുന്നതു പ്രൈവററുസെക്രട്ടറി മി. എ. ഡി ക്രോംബി ആണ്.

P. N. A.



കഴിഞ്ഞ അഞ്ചുവർഷക്കാലം മദ്രാസ് ഗവർണ്ണരായിരുന്ന സർ ജാർജ്ജ് ഫ്രഡറിക്സ്റ്റാൻലി, പത്നി ലേഡി ബീയാട്രിക്സ് സ്റ്റാൻലി, എന്നിവർ പുതിയ ഗവർണ്ണർ ചാർജ്ജേറ്റശേഷം, ഉദ്യോഗസ്ഥന്മാരോടും ഉദ്യോഗസ്ഥപ്രധാനന്മാരോടു യാത്രചോദിച്ചുംകൊണ്ടു ഗവമ്മെൻറുമന്ദിരത്തിൽനിന്നും പുറപ്പെടുന്നു. ബാംബയിൽ കപ്പൽ കയറുന്നതുവരെ ഒരു ഗവർണ്ണർക്കുള്ള സർവ്വബഹുമതികളും സർ ജാർജ്ജിനു അനുവദിക്കപ്പെട്ടിരുന്നു.

P. N. A.



മദ്രാസ്ഗവർണറുടെ പത്നി ലേഡി മാർജൊരി എഴ്സ്കിനെ മദ്രാസിൽ എത്തിയ അവസരത്തിൽ ചീഫ്സെക്രട്ടറി മി. ബ്രാക്കൻ സ്വീകരിക്കുന്നതു്.

P. N. A.



ഇററലിയിലെ കിരീടാവകാശിയായ അംബർട്ടോ രാജകുമാരനും, അദ്ദേഹത്തിന്റെ പത്നിയും ബൽജിയൻരാജാവായിരുന്ന ആൽബർട്ടിന്റെ പുത്രിയും ആയ മേരീജോസ് രാജകുമാരിയും. ഇവൎക്കു കഴിഞ്ഞ സെപ്റ്റംബർ 24-ാംനു- ഒരു പുത്രി ജാതയായിരിക്കുന്നു. ഇററലിയിലെ പൗരന്മാർ രാജകുമാരിയുടെ ജനനദിനം ഒരു മഹോത്സവമായി കൊണ്ടാടി.

U. P. S.

(ഇരുപത്താറാംപുറത്തുനിന്നും തുടർച്ച)

"സർ, മൂന്നുദിവസത്തെ അവധി എനിക്കുതരണം. അതിനകം ഇൻസ്പെക്ടരദ്ദേഹത്തിന്ന തൃപ്തികരമായ ഒരു സമാധാനം ഞാൻ ഉണ്ടാക്കിക്കൊള്ളാം."

ഹെഡ്മാസ്റ്റർ—മൂന്നുദിവസത്തിനകം കേസിന്ന തെളിവുണ്ടാക്കിക്കൊള്ളാമെന്നുകാണിച്ചു ഇൻസ്പെക്ററക്കെഴുതി.

മൂന്നാംദിവസം സമാഗതമായി. പത്തുമണിക്കുമുമ്പുതന്നെ ഹെഡ്മാസ്റ്റർ വിക്രമനെ വിളിച്ച് "മോതിരമെവിടെ? കള്ളനാരാണ്?" എന്നു ചോദിച്ചു

വിക്രമൻ:—സർ, ദയവുചെയ്തു ക്ഷമായാചനംചെയ്യുന്നതിന്ന എനിക്കൊരു അവസരംതരണം. വൈകുന്നേരം ഇൻസ്പെക്ടരദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ സാറിൻെറ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥിസംഘം കൂടിയാൽ അവിടെവെച്ചു ഞാൻ അതു നിർവഹിച്ചുകൊള്ളാം.

ഹെഡ്മാസ്റ്റർ - താൻ എന്തോ കുസൃതി ആലോചിച്ചിട്ടുണ്ടെന്നു തോന്നുന്നല്ലൊ. തൊണ്ടിയോടുകൂടി ക്ഷമായാചനംചെയ്യാൻ തയ്യാറാണോ?

വിക്രമൻ—സർ, ഇൻസ്പെക്ടരുടെ സമ്മതംകൂടെയുണ്ടെങ്കിൽ ഞാനതു നിറവേററാം.

ഹെഡ്മാസ്റ്റർ—ഓ, മതി, തൻെറ അഭിപ്രായത്തിൽ അപാകമില്ല.

വിവരംകാണിച്ചു ഹെഡ്മാസ്റ്റർ, കോരപ്പൻ ഇൻസ്പെക്ടർക്കു എഴുതി. നാലുമണിക്കുശേഷം വിദ്യാർത്ഥികളെല്ലാമിറങ്ങിക്കൂടിയപ്പോൾ വിജയമുഖനായ ഇൻസ്പെക്ടരൊന്നിച്ചു ഹെഡ്മാസ്റ്റർ അവിടെ പ്രവേശിച്ചു. പുറകെ സഹായാദ്ധ്യാപകന്മാരും വന്നിരുന്നു. ഹെഡ്മാസ്റ്റർ യോഗത്തിൻെറ ഉദ്ദേശത്തെക്കുറിച്ചു സംസാരിച്ചിട്ടു വിക്രമനെ കൃത്യനിർവഹണത്തിനായി ക്ഷണിച്ചു.

വിക്രമൻ പ്രസിഡൻറവർകൾക്കും വിശിഷ്യ, ഇൻസ്പെക്ടർ അവർകൾക്കും വന്ദനംപറഞ്ഞുകൊണ്ടു തുടന്നു:

"മാന്യന്മാരായ അദ്ധ്യാപകന്മാരുടെയും ഇൻസ്പെക്ടർ അവർകളുടെയും വിദ്യാർത്ഥിസഹോദരരുടെയും ഇടയിൽ ഒരു കള്ളനായി പ്രത്യക്ഷപ്പെടാനിടയായതോൎക്കുമ്പോൾ എനിക്കുള്ള മനസ്സാപം വാചാമഗോചരമാണ്". മോതിരക്കള്ളനെന്നുള്ളപേര് ഈശ്വരാ-പ്രവൃത്തിദോഷംകൊണ്ടു തന്നെയാണല്ലൊ വന്നതു്. (ഇൻസ്പെക്ടർ ശിരസ്സുയർത്തുന്നു. എല്ലാവരും നിർന്നിമേഷരായി വിക്രമനെ നോക്കുന്നു) മോതിരമോഷണത്തിൽ കോലപ്പനെക്കാളും അദ്ദേഹത്തിൻെറ അച്ഛനേക്കാളും മനസ്സാപം എനിക്കാണുള്ളതു്. സാധനം നഷ്ടപ്പെടാത്തതുകൊണ്ടു അവൎക്കു അതിൽ മനസ്താപിക്കാനില്ല. കോലപ്പൻെറവീട്ടിൽ അറയ്ക്കകത്തിരിക്കുന്ന മുണ്ടുപെട്ടിയുടെ ചെറിയമുറിയൽ സാധുമോതിരം മൂന്നുദിവസമായി സൂര്യപ്രകാശം ഏൽക്കാതെ മോഹാലസ്യപ്പെട്ടു കിടക്കുന്നു (അച്ഛൻേറയും മകൻേറയും മുഖം ഒരുപോലെ വിവൎണ്ണമായി) മോതിരക്കള്ളനായ വിക്രമൻ അവിടെ കൊണ്ടുവച്ചതാണോ എന്നുള്ള കാൎയ്യം അച്ഛനും മകനും മാത്രമേ നിശ്ചയമുള്ളൂ (ഇൻസ്പെക്ടരുടെ തല താഴുന്നു) മോഷണംപോയി എന്നു പറയുന്നദിവസം കോലപ്പൻ മോതിരം സ്കൂളിൽ കൊണ്ടുവന്നിട്ടില്ല. കാലത്തെ അയാളെ കണ്ടഉടൻ ഞാൻ അതു മനസ്സിലാക്കിയിരുന്നു. ഇല്ലാത്ത കേസ് ഉണ്ടാക്കാനും കഴിവുള്ള ഇൻസ്പെക്ടർ അവർകൾക്കു എന്നോടു വിരോധവുമുണ്ടു്. അതുകൊണ്ടു എനിക്കു പലസ്ഥലത്തും അന്വേഷിക്കേണ്ടിവന്നില്ല. അവരുടെവീട്ടിൽ രാത്രിയിൽ രണ്ടുദിവസം പാടുകിടന്നു. വാഴച്ചുവട്ടിലും തട്ടിൻപുറത്തും എന്നുവേണ്ടാ പലയിടത്തും. മോഷണദിവസംരാത്രിയിൽ കോലപ്പനോടു മോതിരംസൂക്ഷിക്കേണ്ട സ്ഥലം നിർദ്ദേശിക്കുന്നതു ഞാൻ കേൾക്കാനിടയായി" (ഹെഡ്മാസ്റ്റരുടെ മുഖത്തു രൂക്ഷത വ്യാപിച്ചു. വിദ്യാർത്ഥികളുടെഇടയിൽ വിക്രമകീജെയ്, കോലപ്പൻ കള്ളപ്പൻ എന്നു മുതലായ വാക്കുകൾ പുറപ്പെട്ടു) വിക്രമൻ ഇങ്ങനെ അവസാനിപ്പിച്ചു "സഹോദരന്മാരേ, നിങ്ങൾ ക്ഷമകേടു കാണിക്കരുതു് ഞാൻ പറഞ്ഞവിവരം ഇദ്ദേഹം സമ്മതിക്കുമോ എന്നറിയട്ടെ. ഇല്ലെങ്കിൽ അതിനും നിവൃത്തിയുണ്ടു്." കുട്ടികൾ പിന്നെയും കൂക്കിവിളിച്ചു.

ഹെഡ്മാസ്റ്റർ ലഹള കൂട്ടരുതു്. മി. കോലപ്പൻ സമ്മതിക്കുന്നോ?

ഇൻസ്പെക്ററർ തലകുലുക്കിയതേയുള്ളൂ. ശബ്ദം വെളിയിൽവരാത്തിട്ടായിരിക്കാം. കുട്ടികൾ അതുകണ്ടു ആർത്തുവിളിച്ചുതുടങ്ങി. ഹെഡ്മാസ്റ്ററെയും വകവയ്ക്കാതെ കോലപ്പനെയും ഇൻസ്പെക്ടരെയും ഭത്സിച്ചുതുടങ്ങി.

ഹെഡ്മാസ്റ്റർ—നിങ്ങൾ ശബ്ദിക്കരുതു്. ഇദ്ദേഹം ഇന്നു നമ്മുടെ അതിഥിയാണെന്നുള്ളസംഗതി മറക്കരുതു്.

വിദ്യാർത്ഥികൾ 'കുതിഥിയാണു' 'ചതുർത്ഥിയാണു' എന്നെല്ലാം ശബ്ദിച്ചുകൊണ്ടിരുന്നു. ഉടനെ വിക്രമൻ നല്ലബുദ്ധിയെന്നു ആംഗ്യംകാണിക്കുകയും അവർ അടങ്ങുകയുംചെയ്തു.

ഹെഡ്മാസ്റ്റർ—എൻെറ വിദ്യാർത്ഥിയെ ഞാൻ ബഹുമാനിക്കുന്നു. വിക്രമാ, എൻെറവക ഈ സമ്മാനമിരിക്കട്ടെ. (തൻെറ വിരലിൽകിടന്ന മോതിരം ഊരികൊടുക്കുന്നു) മി. കോരപ്പൻ നിങ്ങളുടെമേൽ ദയവായി ഞാൻ നടപടിയൊന്നും നടത്തുന്നില്ല. എന്നാൽ മകൻ കോലപ്പനെ ഒരാഴ്ചത്തേക്കു സസ്പെൻറു ചെയ്തിരിക്കുന്നു നിങ്ങൾക്കു ഇതൊരു പാഠമായിത്തീരുമെന്നു വിശ്വസിക്കുന്നു. ഇനി പോകാം" വിദ്യാർത്ഥികളുടെ ഹസ്തതാഡനമദ്ധ്യേ സംഘം പിരിയുന്നതിനുമുമ്പുതന്നെ ഇൻസ്പെക്ടർ ലജ്ജാവനതവദനനായി സ്ഥലംവിട്ടു

V

പിറേറദിവസം പ്രഭാതത്തിൽ ഇൻസ്പെക്ററർ വിക്രമൻെറവസതിയിൽ ചെന്നു. അന്നത്തെ പാഠപാരായണത്തിൽ ബദ്ധശ്രദ്ധനായിരുന്ന വിക്രമൻ കസേരയിൽനിന്നും എഴുന്നേററു ഗുഡ്മോർണിംഗ് പറഞ്ഞു. ഇൻസ്പെക്ടർ അയാളുടെ കൈപിടിച്ചുകൊണ്ടു, "അനിയാ, ഞാൻ തോററു."

"സർ, ഇരിക്കണം."

ഇൻസ്പെക്ടർ ഇരുന്നു. വിക്രമനെപിടിച്ചു അടുത്തിരുത്തി

ഇൻസ്പെക്ടർ—ഈ മോതിരം അനിയന് സമ്മാനമായിട്ടിരിക്കട്ടെ. മറേറ മോതിരമിങ്ങുതന്നേക്കാമോ? (ഒരുമോതിരംനീട്ടുന്നു)

വിക്രമൻ രണ്ടാമതും എന്നെ കള്ളനാക്കാനാണോ അങ്ങു വന്നതു്. അതോ അറസ്റ്റുചെയ്യാൻതന്നെയോ.

ഇൻസ്പെക്ടർ - അനിയാ, ഞാൻ തോററു എന്നു പറഞ്ഞില്ലേ. മോതിരം വേണ്ട. അഥവാ നിങ്ങളുടെപേരിൽ കേസെടുത്താലും ഞാൻ തന്നേ കള്ളനാവൂ. ഇന്നലെ പറഞ്ഞപ്പോൾ ഇതുയ്ക്കു കരുതിയില്ല. വീട്ടിൽചെന്നു മോതിരംനോക്കിയപ്പോൾ എവിടെ കാണുന്നു?

വിക്രമൻ പള്ളിക്കൂടത്തിലെ മോഷണം ഞാൻ തെളയിച്ചു. വീട്ടിലെ മോഷണം അങ്ങേയ്ക്കു തെളിയിക്കാമല്ലൊ.

ഇൻസ്പെക്ടർ—മോഷണം പോയില്ല. പോരെ അനിയൻ ഈ മോതിരം ഒരു സമ്മാനമായിട്ടു സ്വീകരിക്കണം. ഒരു സഹായംമാത്രം ചെയ്യണം. ഇനിയും എന്നെ അപമാനിക്കരുതു്. വിദ്യാർത്ഥികളൊത്തുകൂടിയാൽ ഞാൻ വിഷമിക്കയേയുള്ളൂ. നിങ്ങൾ വിചാരിച്ചാലേ അതിന്ന നിവാരണമുണ്ടാകൂ

വിക്രമൻ—അങ്ങനെചെയ്യാം. പക്ഷെ എനിക്കു സമ്മാനം ഇപ്പോൾ സ്വീകരിക്കാൻ നിവൃത്തിയില്ല. സാറിൻെറ സമ്മാനം കിട്ടിയതുമതി. സമാധാനപാലകന്മാർ അവരുടെ കൃത്യമെന്തെന്നറിയാൻ തുടങ്ങുന്നതുതന്നെ എനിക്കു സമ്മാനം. എന്നാൽ അങ്ങേയ്ക്കു എൻെറവകയായി ഒരു സമ്മാനമിരിക്കട്ടെ എന്നുപറഞ്ഞു ആ കല്ലുവച്ച മോതിരം ഇൻസ്പെക്ടരുടെകൈയിൽ കൊടുത്തു



ഭാരതം.

ജായിൻറ പാർലമെൻററി കമ്മിററിറിപ്പോർട്ടിനെപ്പററി വിമർശിക്കുന്ന ഇന്ത്യൻപത്രങ്ങളെല്ലാം അതു പിൻതുടരി അവലംബിച്ചിരിക്കുന്ന എന്നും അതിനെ ഉപേക്ഷിക്കതന്നെയാണു വേണ്ടതെന്നും സാർവ്വത്രികമായി അഭിപ്രായപ്പെടുന്നു.

* * *

ദീപാവലിദിവസം ചൂതുകളിച്ചു എന്ന കുററത്തിനു 200–ൽ കൂടുതൽ ആളുകളിൽ ഓരോരുത്തർക്കും 5 രൂപാമുതൽ 50 രൂപാവരെ പിഴശിക്ഷ കൽക്കട്ടാ മജിസ്ട്രേട്ട കോർട്ടിൽ വിധിച്ചിരിക്കുന്നു.

* * *

ജപ്പാൻ സന്ദർശിക്കുന്ന ടാററാകമ്പനി പ്രസിഡൻറ മി ശപ്പൂർജി വാലായുമായി ജപ്പാൻ ആലോചന നടത്തുന്നു. ജപ്പാൻെറ ആവശ്യത്തിലേക്കു ഇന്ത്യയിൽനിന്നു 2½ലക്ഷംടൺ ഇരുമ്പുകൊടുക്കാൻ സാധിക്കുമോ എന്നാണു ആലോചന.

* * *

ജെ. പി സി. റിപ്പോർട്ടിനെപ്പററി ടൈംസ് ആഫ് ഇന്ത്യാ എന്ന പത്രത്തിൻെറ മുഖപ്രസംഗത്തിൻെറ ചുരുക്കം 'റിപ്പോർട്ടിനെ കാൺഗ്രസ്സ പാടെ തള്ളിക്കളയാതെ മിതവാദികളോടു ചേൎന്നു അതിൽ ഭേദഗതികൾ വരുത്തേണ്ടതിൻെറ ആവശ്യകതയെപ്പററി പാർലമെൻറിനെ ഉൽബോധിപ്പിക്കേണ്ടതാകുന്നു' എന്നാണു്.

* * *



മിസ്സ് സോഫിയാസോംജി.

കാൺഗ്രസ്സ് സമ്മേളനകാലത്തു വനിതാവാളൻറിയേഴ്സിൻെറ ക്യാപ്ററനായി സ്തുത്യർഹമായ സേവനംനടത്തിയതു് ഇവരാണു്.


* * *

മേജർ ടബ്സിൻെറ ട്രസ്ററികളിൽ ഇപ്പോൾ ജീവനോടിരിക്കുന്ന ഏകവ്യക്തിയായ മേജർ ഗ്രഹാംപോൾ 11934-രൂപാ ബനാറീസ് സർവ്വകലാശാലക്കു അയച്ചുകൊടുത്തിരിക്കുന്നു. ഡാക്ടർ ആനിബെസ്സൻറിൻെറ കാലശേഷം ഈ തുക സെൻട്രൽ ഹിൻഡുകാളേജിനു കൊടുക്കേണ്ടതായിരുന്നു. വിദ്യാർത്ഥിനികൾക്കു ഒരു ഹോസ്ററൽ പണിയിക്കുവാനായി ഈ സംഭാവന ഉപയോഗപ്പെടുന്നതായിരിക്കും

* * *

മിസ്സിസ് കമലാനെഹ്റുവിനെ ശുശ്രൂഷിക്കുന്ന നഴ്സിൻെറ ടോയിലററുസാമഗ്രികളിൽ എന്തോ മോഷണം പോയിരിക്കുന്നു എന്നറിഞ്ഞു രോഗിണി ആദ്യം കുറെ ചിരിച്ചെങ്കിലും ആ വാൎത്ത അല്പനേരത്തിനകം അവരെ മോഹാലസ്യപ്പെടുത്തി. ഇതു അല്പം ദുർഘടനിലയിലാണെന്നു ഡാക്ടറന്മാർ അഭിപ്രായപ്പെടുന്നു.

* * *



മദ്രാസ് കാർപൊറേഷൻമേയറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കുമരരാജാ മുത്തയ്യാച്ചെട്ടിയാർ (ചെട്ടിനാട്.)

P. N. A.

* * *

മദ്രാസ് പ്രസിഡൻസിയിലെ നെയ്ത്തുവേലക്കാരുടെ യൂണിയൻെറ ഒരു യോഗംകൂടി, പ്രസിഡൻസിയിലെ നെയ്ത്തുവേലക്കാരുടെ കൂലിയെയും സ്ഥിതിഗതികളെയുംപററി അന്വേഷിക്കുവാൻ ഒരു കമ്മിററി നിയമിക്കണമെന്നു് ഗവൺമെൻറിനോടപേക്ഷിച്ചുകൊണ്ടു് ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു

* * *

കോൾഹാപൂർമഹാരാജാവു് പണ്ഡിത മദനമോഹനമാളവ്യ മുഖാന്തരം ബനാറിസ്സ് സർവ്വകലാശാലയ്ക്കു് ഒരുലക്ഷംരൂപാ സംഭാവന ചെയ്തിരിക്കുന്നു. സൈനികശാസ്ത്രം പഠിപ്പിക്കുന്നതിനാണു് ഈ സംഭാവന നടത്തിയിട്ടുള്ളതെന്നറിയുന്നു കഴിഞ്ഞവർഷം പണ്ഡിതജി കോൾഹാപൂർ സന്ദർശിച്ചതിൻെറ ഫലമായിട്ടാണു് ഈ സംഭാവന ചെയ്തിട്ടുള്ളതെന്നു പറയപ്പെടുന്നു.

* * *

ജായിൻറുകമ്മിററി റിപ്പോർട്ടിൻെറ പ്രസിദ്ധീകരണത്തിനുശേഷം വേണ്ടതു ചെയ്യാൻ കാൺഗ്രസ് എം എൽ– എ മാരുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നുള്ള മി. സത്യമൂർത്തിയുടെ കമ്പിക്കു മറുപടിയായി ഗാന്ധിജി ഇങ്ങനെ എഴുതുന്നു. — "കമ്പിയടിക്കാതെ എഴുതുന്നതുമൂലം ഞാൻ കുറെഅണ ലാഭിക്കയാണു്. നിങ്ങളുടെ നിർദ്ദേശംകൊള്ളാം. പക്ഷേ ഇക്കാര്യങ്ങളിൽ ഞാൻ ഒരു നല്ല ഉപദേഷ്ടാവല്ല. രാജഗോപാലാചാര്യർ അടുക്കലുണ്ടല്ലോ പിന്നെ പ്രസിഡൻറ ഉണ്ടു്. സർദാർ ഉണ്ടു് ഡാക്ടർ ആൻസാരിയും തീർച്ചയായും അവിടെ ഉണ്ടു്. അതിനാൽ രാഷ്ട്രീയകാര്യങ്ങൾകൊണ്ടു എന്നെ ഉപദ്രവിക്കേണ്ട എന്നെ ഒഴിവാക്കരുതു്. അവ വളരെ പ്രധാനമാണു്. പക്ഷെ, ഇപ്പോൾ ഞാനല്ല അതിനൊക്കെ പററിയ ആൾ"

* * *

ബർമ്മായെ വേർതിരിക്കണമെന്നുള്ള ജായിൻറുകമ്മിററിയുടെ ശുപാർശകളെ നേരത്തെക്കൂട്ടി കണ്ടുകൊണ്ടു ബർമ്മായിലെ യൂറോപ്യൻ വ്യാപാരികൾ നിർദ്ദേശിക്കുന്നതരത്തിൽ ഇന്ത്യയും ബർമ്മായുംതമ്മിൽ ഒരു കച്ചവടഉടമ്പടി ഉണ്ടാക്കേണ്ടിയിരിക്കുന്നു എന്നു ബർമ്മാഗവർമ്മെൻറ വൈററുഹാളിനെ നിർബന്ധിക്കുന്നുണ്ടായിരുന്നത്രേ. താരിപ്പു, കസ്ററംസ് മുതലായ കാര്യങ്ങളിൽ തങ്ങൾക്കു പരിചയക്കുറവുണ്ടെന്നു ബർമ്മാഗവൎമ്മെൻറ പറയുകയാൽ ഡെപ്യൂട്ടി അണ്ടർ സിക്രട്ടറി ഫോർ ഇൻഡ്യാആയ സർ ലൂയി കെർഷായുടെ സർവീസ് ഇന്ത്യാസിക്രട്ടറി ബർമ്മാക്കു കടം കൊടുത്തിരിക്കുന്നു എന്നും അടുത്ത വേനൽക്കാലത്തു സിംലായിൽവച്ചു ആരംഭിക്കാനിരിക്കുന്ന ഇൻഡോ ബർമീസ് കച്ചവടാലോചനകളുടെ ആവശ്യത്തിലേക്കായി ബർമ്മായ്ക്കുവേണ്ടി അദ്ദേഹം വേണ്ട പരിശ്രമം തുടങ്ങിയിരിക്കുന്നു എന്നും പറയപ്പെടുന്നു.

* * *

ഒരുകൂട്ടം ബാലന്മാരോടുകൂടി ബനാറീസ്‌വീഥികളിൽ ഈയിടെയായി സഞ്ചരിച്ചുവന്ന ഒരു മദ്ധ്യവയസ്കനെ പോലീസുകാർ അറസ്ററുചെയ്തിരിക്കുന്നു. കാൺപൂരിൽ സ്ഥാപിക്കുവാൻ പോകുന്നതായി ഇയാൾ പറയുന്ന ഒരു ധർമ്മസ്ഥാപനത്തിനായി പണം പിരിച്ചുകൊണ്ടിരുന്ന അവസരത്തിലാണു് അറസ്ററുനടന്നതു്. അൎദ്ധചന്ദ്രാകൃതിയിലുള്ള ഒരുകഷണം എല്ലു്—മനുഷ്യൻെറ തുടിയെല്ലാണെന്നു ചിലർ വിധിക്കുന്നു. ഇയാളുടെ കൈവശം ഉണ്ടായിരുന്നതായി പരിശോധയിൽനിന്നു തെളിയുന്നു ഒരു മുഹമ്മദീയബാലനുൾപ്പെടെ നാലുകുട്ടികൾ ഇയാളെ അനുഗമിക്കുന്നുണ്ടായിരുന്നു. എല്ലുപയോഗിച്ചു് ഏതോ മയക്കുവിദ്യകൾ പ്രയോഗിച്ചു് ഈ കുട്ടികളെ തൻെറ ആജ്ഞാകരന്മാരാക്കിത്തീൎത്തതാണെന്നു പറയപ്പെടുന്നു

* * *

ആദ്യമായി വൈസ്രോയിമാരുടെ കൊട്ടാരമായിത്തീൎന്നതും അതിപ്രാചീനവുംആയ സിംലായുടെ സ്റ്റ്രാബെറിഹിൽഹൗസിനു തീപിടിച്ചു വൈസ്രോയി പെന്നഡിഹൗസിലേക്കും അവിടെനിന്നും പീററർ ഹോഫിലേക്കും പിന്നീടു ഇന്നത്തെ കൊട്ടാരത്തിലേക്കും മാറിത്താമസിക്കുന്നതുവരെ സ്ററാബെറിഹിൽ ഹൗസാണു് കൊട്ടാരമായിരുന്നതു് കുറെ കൊല്ലങ്ങൾക്കമുൻപു് രാജാ സർ ഡാൽജിസിംഗ് പ്രസ്തുത കൊട്ടാരം വിലക്കുവാങ്ങുകയും, അനേകം അമൂല്യങ്ങളായ കലാവസ്തുക്കൾ അതിൽ ശേഖരിക്കയുംചെയ്തിരുന്നു കഴിഞ്ഞ സിംലാസമ്മേളനകാലത്തു് സർ ജെയിംസ് ഫിററ്സ് പാററ്റിക്കിനും പത്നിക്കും രാജാ സർ ഡാൽജിസിംഗ് ഒരു സൽക്കാരംനടത്തിയതു് ആ മന്ദിരത്തിൽവച്ചാണു്. അതാണു അവിടെനടന്ന അവസാനത്തെ വലിയ ആഘോഷം. അഗ്നിബാധയുടെ കാരണം അറിവില്ല. മന്ദിരത്തിൻെറ സ്ഥാനം ചോട്ടാസിംലായിലാണു്. അതു് വളരെ വശിഷ്ടമാണത്രേ ചുററിനുമുള്ള കുന്നുകളുടെ കാഴ്ച രമണീയമാണത്രേ.

* * *

ഒരു കൂടിക്കാഴ്ചയിൽ ഡാക്ടർ രവീന്ദ്രനാഥടാഗോർ ഇങ്ങനെ പറയുന്നു—"ജായിൻറ് പാർലമെൻററ ക്കമ്മററിറിപ്പോർട്ടിനെപ്പററി എൻെറ

അഭിപ്രായംചോദിക്കുന്നതു നിഷ്പ്രയോജനമാണു് എന്തെന്നാൽ എനിക്കു അതേപ്പററി വിദ്യാർത്ഥിസാധാരണമായ ഒരു കൌതുകം മാത്രമേയുള്ളൂ. ഇന്ത്യയിലെ വിവിധജനതകൾതമ്മിൽ ഒരു ബന്ധമില്ലായ്മയുള്ളിടത്തോളംകാലം അവർതമ്മിൽ പരസ്പരധാരണയും സഹഭാവവുംഇല്ലാത്തിടത്തോളംകാലം സ്വരാജ് വെറുംഒരു സങ്കല്പമാത്രമായിരിക്കുകയേയുള്ളൂ. വിദേശീയക്കമ്പോളത്തിൽ നിന്നു ഇറക്കുമതിചെയ്യുന്ന എത്രതന്നെകണ്ണഞ്ചുന്ന ഒരു യന്ത്രത്താലും എന്റെ രാജ്യത്തിന്റെ മോക്ഷം ലഭ്യമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. വോട്ടും സീററും വീതിക്കുന്നതിലല്ല സ്വരാജ് ഇരിക്കുന്നതു്. മൂകമായ ഏഴുലക്ഷം ഗ്രാമങ്ങളെ പുനരുജ്ജീവിപ്പിക്കാതെ ഇന്ത്യയ്ക്കു സ്വരാജ് ലഭിക്കുമെന്നു തോന്നുന്നില്ല. അതു നമ്മുടെ സ്വന്തം പ്രയത്നംകൊണ്ടുമാത്രമേ സാധിക്കയുള്ളൂ.

* * * *

കേരളം.

തിരുവനന്തപുരം ജൂബിലിടൗൺഹാളിൽവച്ചു് ഡാക്ടർ കസിൻസിന്റെ അദ്ധ്യക്ഷതയിൽ ജീവകാരുണ്യസംഘത്തിന്റെ 13-ാമതു കാൺഫറൻസു് കഴിഞ്ഞയാഴ്ച ആഘോഷപൂർവം കൊണ്ടാടിയിരിക്കുന്നു.

* * *

തിരുവിതാംകൂറിൽ അഞ്ചുവർഷത്തിലൊരിക്കൽ നാൽക്കാലികളുടെ ഒരു സെൻസസു് എടുക്കപതിവുണ്ടു്. മേൽപ്രകാരമുള്ള അടുത്ത കണക്കെടുപ്പു് ഈ വരുന്ന ജനുവരി ആദ്യവാരത്തിൽ നിർവഹിക്കുന്നതാണു്. ഈ കണക്കെടുക്കുന്നതിനു് വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരെ ചുമതലപ്പെടുത്തുന്നതും അവർക്കു് അതിലേയ്ക്കു് ഒരലവൻസു് നൽകുന്നതുമായിരിക്കും.

* * *

തിരുവിതാംകൂർദിവാൻ സർ മഹമ്മദു് ഹബിബുല്ല കൊച്ചി ഹാർബർ കാൺഫറൻസിൽ തിരുവിതാംകൂറിനെ പ്രതിനിധീകരിക്കുവാൻ ഡൽഹിക്കു പോയിരിക്കുന്നു. വൃശ്ചികം 11-ം 12-ം തീയതികളിലാണു് കാൺഫറൻസു് നടക്കുന്നതു്. കൊച്ചി തുറമുഖപ്പണിയുടെ നാലാംഘട്ടത്തിലെ പ്രവൃത്തികളെപ്പററി ഈ കാൺഫറൻസിൽ ഗാഢമായ ആലോചനകൾ നടക്കുന്നതാണു്. മദ്രാസ്, തിരുവിതാംകൂർ, കൊച്ചി എന്നീ ഗവണ്മെൻറുകളെ ഈ കാൺഫറൻസു് പ്രതിനിധീകരിക്കുന്നതാണു്.

* * *



ഡാക്ടർ പൊന്നമ്മ,

എം. ബി. ബി. എസ്സ്.

ചെങ്ങന്നൂർസ്വദേശിനിയായ ഈ മാന്യവനിത ഗവർമ്മെൻറു സ്കാളർഷിപ്പോടുകൂടി M. B. B. S പ്രസിഡൻസിയിൽ ഒന്നാമതായി പാസ്സായി. ലേഡിഗ്രാൻവഡഫ് സ്വർണ്ണമെഡൽ ലഭിച്ചു ഒരു വർഷം മെറേർണിററി ആശുപത്രിയിൽ പരിശീലനം നടത്തി D. C. O. ബിരുദം സമ്പാദിച്ചു. ജനറൽ ആശുപത്രിയിൽ ഹൌസ്സർജൻ ആയിരുന്നപ്പോൾ ബിക്കാനീർമഹാരാജാവിന്റെ വക സൈനാനാആശുപത്രിയിൽ കർണ്ണൽ പണ്ഡാലയാൽ ശുപാർശചെയ്യപ്പെട്ടു നിയമിതയായി. ഈയിടെ തിരുവിതാംകൂർ ഗവർമ്മെൻറു പറവൂർ ആശുപത്രിയിൽ ലേഡിഡാക്ടരായി നിയമിക്കപ്പെട്ടു. ചികിത്സാപാടവവും ജനരഞ്ജനയും ഉള്ള ഡാക്ടരെന്നു പ്രശസ്തി സമ്പാദിച്ചിരിക്കുന്നു.

* * *

സംസ്ഥാനാതിഥിയായി തിരുവനന്തപുരത്തെത്തി താമസിച്ചിരുന്ന ഡാക്ടർ മിസ്സസ്സ് മുത്തുലക്ഷ്മിറെഡ്ഡിയുടെ അദ്ധ്യക്ഷതയിൽ അഖിലേന്ത്യാ വനിതാവിദ്യാഭ്യാസസമ്മേളനം കേമമായി കഴിഞ്ഞിരിക്കുന്നു. മിസ്സസ്സ് മുത്തുലക്ഷ്മിറെഡ്ഡി പലയോഗങ്ങളിലും ആദ്ധ്യക്ഷം വഹിക്കുകയും പ്രസംഗിക്കുകയും ഉണ്ടായി. വിമൻസ്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ സ്ത്രീകളോടും പുരുഷന്മാരോടും ആയി "നിങ്ങൾ നേരത്തേ വിവാഹംചെയ്യരുതേ" എന്നു് ഒരു ഉൽബോധനം നൽകിയിരിക്കുന്നു. ഭാര്യയെപുലർത്താൻവേണ്ടുന്ന വരവുണ്ടാക്കുന്നതിനു കഴിവില്ലാത്ത ഒരു യുവാവും ഭർത്താവിന്റെ ചിലവിൽ ജീവിതംനയിക്കാൻ ഭാഗ്യംലഭിക്കാത്ത ഒരു യുവതിയും വിവാഹബന്ധത്തിൽ ഏർപ്പെടാതിരിക്കുന്നതാണു് അവരുടെ സുഖജീവിതത്തിനുള്ള പ്രധാനമാർഗ്ഗമെന്നു് അവർ തുടർന്നുപറഞ്ഞു. ഇന്ത്യയിൽ സന്താനനിയന്ത്രണവും കൂടിയേതീരു എന്നാണു് ഡാക്ടർ മുത്തുലക്ഷ്മി പ്രസ്താവിച്ചതു്. നമ്മുടെ സകലവിധമായ അധഃപതനത്തിനും കാരണം നേരത്തേയുള്ള വിവാഹമാണെന്നു് ഇവർ സമർത്ഥിച്ചു. സ്ത്രീകളും പുരുഷന്മാരും, വിശേഷിച്ചു് ഇപ്പോഴത്തെ യുവതികൾ എല്ലാവരും പാചകവിദ്യ അഭ്യസിക്കേണ്ടതു ആരോഗ്യകരമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കും അത്യന്താപേക്ഷിതമാണെന്നും അവർ പ്രസ്താവിക്കുകയുണ്ടായി.

വിഷയവിവരം



തിരുവല്ലാ ഹിന്ദുഇംഗ്ലീഷ് മിഡിൽസ്കൂളിന്റെ മുൻവശം.

തിരുവല്ലായിലെ ഹിന്ദുക്കളുടെ പരിശ്രമഫലമായി ഉൽഭവിച്ചിട്ടുള്ളതാണു് പ്രസ്തുതവിദ്യാലയം.

Courtesy, K. Gopinatha Menon.

ബുദ്ധമതതത്വങ്ങൾ.

കെ. പി ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി.

നാലാം അദ്ധ്യായം.

ത്യാഗം.

ഏതേതുവിട്ടുനീങ്ങീടു-
ന്നതതിൻപീഡയററുപോം
സന്താസജസുഖാകാംക്ഷി
കാലേസന്യാസമേൾക്കണം

... ...

... ...

വിഷയത്തോടുതത്ഭോഗ
സാധനൌഘംത്യജിക്കണം
ഞാനെൻറതെന്നമോഹങ്ങൾ
വിട്ടോൻസ്വർഗ്ഗംകവിഞ്ഞുപോം.

തിരുക്കുറൾതർജ്ജിമ.

൩൪-ാം അദ്ധ്യായം.

നേരം നല്ല രാത്രിയായി. ഏററവും മൃദുവായ മെത്തയിൽ കിടന്നിട്ടും രാജകുമാരന്ന് ഉറക്കമേ ഇല്ല. പെട്ടെന്നു ഞെട്ടി എണീക്കുകയും ഉദ്യാനത്തിൽപോയി ആകാശത്തിൽ നോക്കിക്കൊണ്ടു നിൽക്കുകയും പിന്നീട് വന്നുകിടക്കുകയും ഇങ്ങിനെ പാതിരാത്രിവരെ കഴിച്ചു. പിന്നിട്ടു എണീററു "അയ്യോ കഷ്ടം! ഭൂലോകംമുഴുവൻ ഇരുട്ടാണ്. അജ്ഞാനതിമിരമല്ലാതെ ഒന്നും കാണാനേ ഇല്ല. ജീവിതദുഃഖങ്ങളെ മാററുവാൻ എന്താണു ചെയ്യേണ്ടതെന്നു ഒരുത്തനും നിശ്ചയമല്ല. മായാബന്ധത്തെ വിട്ടുപോകുവാൻ ശക്തിയില്ല" എന്നുംമററുംതനിയെവിളിച്ചുപറയുവാനും തുടങ്ങി. സിദ്ധാത്ഥൻ ഒരു ഞാവൽവൃക്ഷത്തിൻെറ ചുവട്ടിൽചെന്നിരുന്ന് ജനനം, മരണം, ഇഹലോകവ്യാപാരങ്ങൾ മനുഷ്യരുടെ അനിത്യമായസ്ഥിതി ഇവകളെപ്പററി വിചാരിച്ചുകൊണ്ടിരിക്കയും മായാവിമോചനത്തിനായി ധ്യാനനിഷ്ഠയിൽ ഇരിക്കയും ചെയ്തു. തൻെറ മനസ്സിൽനിന്നു ഇഹലോകചിന്തകളെ ത്യജിക്കയും ശാന്തി അടയുകയും ചെയ്തു ഇങ്ങിനെയുള്ള ധ്യാനത്തിൽ ഇരിക്കുമ്പോൾ തൻെറമാനസദൃഷ്ടിയാൽ ഇഹലോകത്തിലുള്ള സുഖദുഃഖങ്ങളെഎല്ലാം കാണുകയും എല്ലാററിനേയും അവസാനിപ്പിക്കുന്ന മരണസ്ഥിതിയെപ്പററി വിചാരിച്ച് "കഷ്ടം! മനുഷ്യർ ഇവകളെല്ലാം അനിത്യമെന്നു ഓക്കാതേയും വാസ്തവസ്ഥിതിയെ അറിയാതേയും കഴിച്ചുകൂട്ടുന്നല്ലോ," എന്ന് തന്നത്താൻ പറയുകയും അതുമുതൽ തൻെറ ജീവിതത്തിന്നു ഒരു വ്യത്യാസം വരുത്തുകയും ചെയ്തു

തന്നത്താൻമറന്നു ഈമാതിരി വിചാരങ്ങളോടുകൂടി നിഷ്ഠയിൽ ഇരിക്കുമ്പോൾ തൻെറ മുമ്പിൽ ഒരു വലിയ സ്വരൂപം നില്ക്കുന്നതുകണ്ടു് "നിങ്ങൾ ആരാണ് എവിടെനിന്നുവരുന്നു" എന്നു സിദ്ധാത്ഥൻ ചോദിക്കയും അതിന്ന് ആ മഹാസ്വരൂപം "വാദ്ധക്യം, രോഗം, മരണം ഇവകളെപ്പററി വിചാരിച്ച്, സമാധാനമില്ലാതെ, മോക്ഷമാഗ്ഗം തേടാനായി ഞാൻ പുറപ്പെട്ടിരിക്കയാണ് എൻെറപേര് 'ശ്രമണൻ' എന്നാണ്; എല്ലാവസ്തുക്കളും നശിച്ചുപോകും, സത്യമാത്രം നിലനില്ക്കും; ഒന്നിനും സ്ഥിരതയില്ല, എന്നാലും ബുദ്ധന്മാരുടെ വാക്കുകൾക്കുമാത്രം മാററം ഉണ്ടാകയില്ല. അങ്ങിനെയുള്ള വാക്കുകൾ കേൾക്കുവാനും ആദ്യവസാനമില്ലാത്ത ജീവിതത്തിൽ ലയിക്കുവാനും, നശിച്ചുപോകാത്ത ഗതിയടയുവാനുമായി, ഇഹലോകചിന്തകളെ ത്യജിച്ചു ഞാൻ വിജനപ്രദേശങ്ങളിൽ ചുററുകയാണു" എന്നുപറയുകയുംചെയ്തു.

ഇതുകേട്ട് 'ചപലമായ ഈലോകത്തിൽ അനിത്യജീവിതംഎങ്ങിനെ ഉണ്ടാകും. മോഹങ്ങളെല്ലാം മന്നലിന്നു തുല്യമല്ലയോ, സന്തോഷം സന്താപത്തിനെയല്ലേ ഉണ്ടാക്കുന്നത്. ഇഹലോകജീവിതം എനിക്കു അസഹ്യമായി തോന്നിയിരിക്കുന്നു" എന്ന് സിദ്ധാത്ഥൻ പറഞ്ഞതുകേട്ട് ശ്രമണൻ കുറേനേരം ആലോചിച്ചതിന്നുശേഷം "അല്ലയോ മഹാപ്രഭോ! നീ സവ്വജ്ഞാനിയാണല്ലോ. ചൂടുണ്ടാകുന്നിടത്തു തണുപ്പുണ്ടാകുവാനും ഇടയില്ലെ. ദുഃഖം അനുഭവിക്കുന്നവക്കു സുഖവും ഉണ്ടാകുമല്ലോ. കഷ്ടപ്പെട്ടുന്നവർ ആരാഞ്ഞുനോക്കിയാൽ അവക്കു സമാധാനം ഉണ്ടാകയില്ലെ. ചേറും ചെളിയും ദേഹത്തിൽ പുരണ്ടവൻ അവ കഴുകിക്കളയുവാനായി തടാകത്തെ തേടുംപോലെ പാപമായ മലിനതയെ കഴുകിക്കളയുവാൻ നിവ്വാണമെന്ന തടാകത്തിനെ മനുഷ്യർ തേടി കാണാതിരുന്നാൽ അതു തടാകത്തിൻെറ കുററമാണോ. മോക്ഷമാഗ്ഗമായ വഴിയിൽകൂടി പാപികളായ ജനങ്ങൾ നടക്കാതിരുന്നാൽ അത് ആ പാതയുടെ കുററമാണോ. രോഗത്താൽ ബുദ്ധിമുട്ടുന്നവൻ അടുത്തുള്ള വൈദ്യനെ അന്വേഷിച്ച് ആളയച്ചുവരുത്താതിരുന്നാൽ അതു വൈദ്യൻെറ ദോഷമാണോ. ഇതുപോലെതന്നെ വളരെക്കാലം പാപംചെയ്തുവന്ന മനുഷ്യൻ പാപവിമോചനമാർഗ്ഗത്തെക്കണ്ടു് ജീവിതം മാററാതിരുന്നാൽ അത് ആരുടെ കുററമാണു" എന്നു ചോദിച്ചു.

ഈ വാക്കുകളെ കേട്ടു സിദ്ധാത്ഥൻ സന്തോഷിച്ച് "മഹാനുഭാവാ, നിങ്ങൾ സന്തോഷസന്ദേശത്തെ കൊണ്ടുവന്നിരിക്കുന്നു. ഞാൻ തേടിക്കൊണ്ടിരിക്കുന്ന മാഗ്ഗം എനിക്കു കാണ്മാൻ ഇടയായി. എൻെറ പ്രിയപിതാവു ഞാൻ രാജ്യഭാരംചെയ്ത് എനിക്കും അദ്ദേഹത്തിനും കീത്തിയും സന്തോഷവും ഉണ്ടാക്കണമെന്ന് നിർബന്ധിക്കുന്നു എനിക്കു യൌവ്വനമാണെന്നും ഇപ്പോൾ ലൌകികം ഞാൻ വിട്ടുകൂടെന്നും സന്യാസം വാദ്ധക്യത്തിലാണു വേണ്ടതെന്നും സിദ്ധാന്തിക്കുന്നു" എന്നു പറഞ്ഞു.

ഇതുകേട്ടു ആ മഹാസ്വരൂപം തലകുലുക്കി ജ്ഞാനമാഗ്ഗത്തെ തേടുവാൻ കാലവും പ്രായവും നോക്കേണ്ട ആവശ്യമില്ലെന്നും, ഗൃഹസ്ഥാശ്രമത്തിലും ഇതു നടത്താമെന്നും പറഞ്ഞു.

സിദ്ധാത്ഥൻ ഈ വാക്കുകൾ കേട്ടയുടനേ എണീററു ഉറക്കെ "ഞാൻ ജ്ഞാനമാർഗ്ഗത്തേയുംമോക്ഷമാർഗ്ഗത്തെയും തേടുവാനായി ഇഹലോകബന്ധങ്ങളെ ത്യജിക്കുവാൻ നിശ്ചയിച്ചു. വാനപ്രസ്ഥമാണു എനിക്കു ഇനിമേൽ ആശ്രമം. അതിൽനിന്നും സന്യാസത്തിലേക്കു കടന്നു മുക്തിമാഗ്ഗം ഞാൻ കാണും. നിശ്ചയം—നിശ്ചയം" എന്നു പറഞ്ഞു, ആ സ്വരൂപത്തെ നമസ്കരിച്ചു.

ഇവയെല്ലാം കണ്ടും കേട്ടും ആ സ്വരൂപം സിദ്ധാത്ഥനെ നോക്കി "ഇതുതന്നെയാണു സമയം—പുറപ്പെടുക. ബുദ്ധന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട "ബോധിസത്വൻ" നീതന്നെ, ഭൂലോകഗുരുവായിത്തീന്നു മോക്ഷമാർഗ്ഗത്തെ കാണിച്ചുകൊടുക്കുന്നവനും നീതന്നെ" എന്നു പറഞ്ഞു സിദ്ധാത്ഥനെ അനുഗ്രഹിക്കുകയുംചെയ്തു ഇതിനെ തുടന്നു താഴെക്കാണുന്നവിധം ഒരു അശരീരി കേൾക്കുകയും ഉടനെ ഈ മഹാസ്വരൂപം മറയുകയുംചെയ്തു.

"നീയാണു സംപൂണ്ണൻ, നീതന്നെ തഥാഗതൻ—നീയത്രേ ധമ്മരാജാ. ഭൂലോകവാസികൾക്കു ജ്ഞാനപ്രദനായും മോക്ഷകത്താവായും സാക്ഷാൽ ഭഗവാനായും നീ അവതരിച്ചിരിക്കുന്നു. നീ തേടുന്ന പദവി നിനക്കു സിദ്ധിക്കും. എന്തു കഷ്ടങ്ങൾ ഉണ്ടായാലും, ഏതുവിധമെല്ലാം ഇഹലോകകാര്യങ്ങൾ നിന്നെ വശീകരിച്ചാലും, നീ നിൻെറ നിശ്ചയത്തെ വിടരുത്. ഏതെല്ലാം മാററങ്ങൾ ഉണ്ടായാലും സൂയ്യഭഗവാൻ തൻെറ സ്ഥിരഗതിയെ വിടാതെ പോയ്ക്കൊണ്ടിരിക്കുന്നതുപോലെ നീയും ഈ സത്യമെന്ന മാർഗ്ഗത്തെ കൈവിടാതെ നടക്കണം. നീതന്നെ ബുദ്ധൻ—നിശ്ചയം—നിശ്ചയം—സംശയമില്ല"

ഇതെല്ലാം കേട്ടും കണ്ടും സിദ്ധാത്ഥന്ന് ആത്മശുദ്ധി ഉണ്ടാകയും ഉടനെ "ഞാൻ തേടിയമാർഗ്ഗം കണ്ടു. ഞാൻ നിശ്ചയിച്ചു പുറപ്പെട്ടിട്ടുള്ള കാര്യസാദ്ധ്യത്തിനായിതന്നെ ശ്രമിക്കും. ഈ ലോകത്തോടു ചേത്തു എന്നെ കെട്ടിമുറുക്കിയിരിക്കുന്ന ബന്ധങ്ങളെല്ലാം അഴിച്ചുകളഞ്ഞു മോക്ഷസിദ്ധിക്കായി ഞാൻ രാജ്യം, അരമന, ഭായ്യ, കുട്ടികൾ എന്നി എല്ലാററിനെയും വിട്ടിരിക്കുന്നു" എന്നു പറഞ്ഞുംകൊണ്ടു സിദ്ധാത്ഥൻ എഴുന്നേല്ക്കയുംചെയ്തു.

പിരിഞ്ഞുപോകുന്നതിന്നു മുമ്പു തൻെറ പ്രിയഭായ്യയേയും, പുത്രനേയും ഒന്നുകൂടി കണ്ടു പോകണമെന്നു വിചാരിച്ചു സിദ്ധാത്ഥൻ, ദേവി, ശിശുവുമായി കിടന്നുറങ്ങുന്ന മുറിയിലേക്കു പോകുകയും ആ ശിശുവിനെ എടുത്തു ചുംബനംചെയ്യണമെന്നു താല്പര്യപ്പെട്ടെങ്കിലും, മാതാവും ഉണന്നേക്കുമെന്നു ഭയന്ന്, അതു വേണ്ടെന്നുവയ്ക്കയുംചെയ്തു.

നിശ്ചലനായി കുറേനേരം സ്തംഭിച്ചു അവിടെത്തന്നെ നിന്നു, തൻെറ പ്രിയതമയുടെ മുഖത്തു നോക്കുകയും സഹിക്കാൻവഹിയാത്ത വ്യസനത്തോടുകൂടി കണ്ണുകളിൽ കണ്ണുനീർ ഒഴുക്കിക്കൊണ്ടു ആ മുറിവിട്ടു സിദ്ധാത്ഥൻ വെളിയിൽ വരികയും ചെയ്തു. ഉടനെ അവിടെ തയാറായി നിന്നു

സി. ആർ. ദാസ്

ഒരു അനുഗൃഹീതകവി.

(എം. കെ കേശവൻനായർ)

ഭാരതവർഷത്തിന്റെ അഭിമാനസമ്പത്തായി സർവ്വപ്രകാരേണയും പ്രശോഭിച്ചു ദേശസേവനത്തിൽ തീവ്രമായി പ്രയത്നിക്കകാരണം വിനഷ്ടാരോഗ്യനായിത്തീൎന്നു 1925 ജൂൺ പതിനാറാംതീയതി അകാലനിൎയ്യാണമടഞ്ഞ ദേശബന്ധു ചിത്തരഞ്ജനദാസിനെ ഒരു തികഞ്ഞ ത്യാഗിവൎയ്യന്റെയും സൎവ്വസമ്മതനായ ഒരു രാഷ്ട്രീയനേതാവിന്റെയുംനിലയിൽ അല്ലാതെ ഒരു കവിയുടെ നിലയിൽ അധികമാളുകളും അറിഞ്ഞിരിക്കാൻ ഇടയില്ല. വിദ്യാഭ്യാസപൂൎത്തിക്കുശേഷം കുറച്ചുകാലത്തേക്കു സ്വതന്ത്രമായ അഭിഭാഷകവൃത്തിയിൽമാത്രം ദത്തശ്രദ്ധനായിരുന്നതിനാൽ ജന്മസിദ്ധമായി പ്രകാശിച്ചുകണ്ട കവിതാവാസനയെ സന്തോഷിപ്പിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല എന്നുമാത്രമല്ല പിന്നീടുള്ള കാലങ്ങളിൽ തന്റെ തൊഴിലിനെ അനുബന്ധിച്ച നിബിഡമായ രാഷ്ട്രീയകാൎയ്യപരിപാടികളും വഹിക്കേണ്ടിവന്നതിനാൽ കാവ്യലക്ഷ്മിയുടെ നിരന്തരോപാസകനായി അദ്ദേഹം തീൎന്നുമില്ല. എങ്കിലും വിശ്രമനിമിഷങ്ങളിൽ പലപ്പോഴായി അദ്ദേഹം രചിച്ചിട്ടുള്ള കവിതാതല്ലജങ്ങൾ അദ്ദേഹം ഒരു വാസനാകവിയാണെന്നു സഹൃദയജനങ്ങൾക്കു ബോദ്ധ്യമുണ്ടാക്കുവാൻ പൎയ്യാപ്തങ്ങളാണു"

കീററ്സ് എന്ന ആംഗ്ലേയമഹാകവി അദ്ദേഹത്തിന്റെ ഒരു വിശിഷ്ടകൃതിയായ The fall of Hyperion എന്ന കവിതയിൽ

"Who alive can say
Thou art no poet-mayest not tell
thy dreams'
Since every man whose Soul is not
a clod
Hath visions and would Speak, if he
had lo'd
And been well nurtured in his
mother tongue''

എന്നിപ്രകാരം ആശയപ്രകടനം ചെയ്യുന്നതുപോലെ യാഥാൎത്ഥ്യമുണ്ടെങ്കിൽ എല്ലാ മനുഷ്യൎക്കും ദൎശനങ്ങൾ ഉണ്ടാവാം പക്ഷെ കവികൾ മാത്രമെ അതു ബഹിൎരൂപമായി പ്രകാശിപ്പിക്കുന്നുള്ളു. ചിത്തരഞ്ജനൻ പ്രശസ്തനായ ഒരു മഹാകവിയായിരുന്നില്ല എന്നുള്ളതു ശരിതന്നെ. എന്നാൽ അദ്ദേഹത്തിന്റെ കവിതയുടെ വൈശിഷ്ട്യം സഹൃദയഹൃദയാഹ്ലാദകരവും തുലോം ആസ്വാദ്യവുമാകുന്നു. രാജ്യകാൎയ്യപ്രവൎത്തനം, സമുദായസേവനം, അഭിഭാഷകവൃത്തി എന്നിങ്ങനെയുള്ള ബഹുവിധകൃത്യങ്ങൾ അദ്ദേഹത്തിന്റെ സമയത്തെയും ശ്രദ്ധയെയും ബലവത്തരമായി അപഹരിച്ചിട്ടും അദ്ദേഹത്തിൽ അങ്കുരിച്ച അന്തശ്ചോദനം പ്രത്യക്ഷപ്രകടനത്തിനു അദ്ദേഹത്തെ ആകൃഷ്ടനാക്കിത്തീൎത്തു. കവിത വിശ്രമവേളകളിലെ ഒരു വെറും വിനോദമായി അദ്ദേഹം കരുതിയില്ല. ഹൃദയാന്തൎഭാഗത്തുനിന്നും അനൎഗ്ഗളമായി പുറത്തേക്കു വന്ന വികാരപ്രവാഹമായിരുന്നു ചിത്തരഞ്ജനന്റെ കവിത. ഹൃദയസ്ഥിതമായ ആത്മാവിന്റെ ഒരു അനുസ്യൂതപ്രകടനമാണു അദ്ദേഹത്തിന്റെ കവിതാശകലങ്ങൾ. മദ്ധ്യമകാലങ്ങളിലെ വൈഷ്ണവകവികളിൽനിന്നും സംക്രമിച്ച പ്രത്യക്ഷമായ വികാരപാരവശ്യം ബംഗാളിയുടെ സ്വാഭാവത്തിൽ നല്ലതിൻവണ്ണം കലൎന്നിട്ടുണ്ടു്. വികാരങ്ങൾക്കു വിധേയനായ ഒരു കവിയുടെ ആത്മാവു ചിത്തരഞ്ജനനിൽ കുടികൊണ്ടിരുന്നു എന്നു നിസ്സംശയം പറയാം എന്നു മാത്രമല്ല മാതൃഭാഷയിൽ ചിത്തരഞ്ജനൻ വശ്യവചസ്സുമായിരുന്നു.

ചിത്തരഞ്ജനദാസ് യൗവ്വനകാലങ്ങളിൽ രചിച്ചിട്ടുള്ള മാലൻഛ എന്ന പ്രേമഗീതം വികാരപ്രേരിതമായ ഭാവനയുടെ ഉത്തമദൃഷ്ടാന്തമാണു്. ഈ കവിതയിൽ പ്രധാനമായി പ്രകാശിച്ചുകാണുന്ന വികാരപ്രകടനം, കല്പനാവൈഭവം, ആശയസ്ഫുടത മുതലായ ഗുണങ്ങൾനിമിത്തം വളരെ ആകൎഷകമാകുന്നു. ചെറുപ്പകാലത്തു അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള കവിതകൾ പരീക്ഷണഘട്ടങ്ങളുടെ അനുഭൂതമായ സമ്മൎദ്ദത്താൽ അസമാധാനത്തിലും അസ്വാസ്ഥതയിലും ആന്ദോളനം ചെയ്തു വിഷാദാത്മകതാപൂരിതമായിത്തീൎന്ന ആത്മാവിന്റെ ആഹ്വാനത്തെ പ്രതിക്ഷേപണം ചെയ്യുന്നവയാണു്. ഈ കാലഘട്ടത്തെ തരണം ചെയ്തശേഷം വിരചിതമായ കൃതികൾ ഭക്തിസംവൎദ്ധകമായ തൈക്ഷ്ണ്യത്തെ പ്രത്യേകം പ്രദ്യോതിപ്പിക്കുന്നവയാണെന്നാണു വിമൎശകപക്ഷം. ഈ കവിതകൾ ചിത്തരഞ്ജനന്റെ ജീവിതഗതിയിൽ വന്നുകൂടിയ സാരമായ പരിവൎത്തനസ്വഭാവത്തെയും ജീവിതത്തിന്റെ വിവിധവശങ്ങളെ സാകല്യേന സ്പൎശിക്കുന്ന പ്രശ്നങ്ങളെയുംപററി വിചിന്തനം ചെയ്യുന്നു.

ചിത്തരഞ്ജനന്റെ കല്പനാശക്തിയെ യൗവ്വനമധു അശേഷം ഉന്മത്തമാക്കിയില്ല. എന്തെന്നാൽ പിന്നീടു പ്രസിദ്ധീകരിച്ച മാല എന്ന കൃതി പ്രശാന്തമായും സുഗംഭീരമായും വീക്ഷിക്കുന്ന ഒരു കവിയുടെ വിചാരവീചികളെയാണു പ്രകാശിപ്പിക്കുന്നതു്. മാതാപിതാക്കന്മാർ, സഹോദരന്മാർ, സഹോദരി എന്നിവരുടെ ഐഹികനഷ്ടം, താൻ അനുഭവിച്ച ക്ലേശഭൂയിഷ്ഠമായ ജീവിതം എന്നിവ അദ്ദേഹത്തിന്റെ ആമുഷ്മികസ്വഭാവത്തെ പൂൎവ്വൽപരിശുദ്ധമാക്കി. 'കിശോരകിശോർ' എന്ന കൃതിയിൽ അദ്ദേഹത്തിന്റെ ഈ സ്വഭാവസ്ഫുരണം നല്ലതുപോലെ തെളിഞ്ഞുകാണുന്നുണ്ടു്. ഈ കൃതികൾ രചിച്ചതിനുശേഷം അദ്ദേഹം കുറച്ചുകാലത്തേക്കു ഒന്നുംതന്നെ പ്രസിദ്ധീകരിച്ചില്ല. എന്നാൽ അതിൽപിന്നീടു അദ്ദേഹത്താൽ വിരചിതമായ 'സാഗരസംഗീതം' 'അന്തൎയ്യാമി' എന്നീ വിശിഷ്ടകവിതകൾ വളരെ പ്രശംസകൾക്കു പാത്രമായി. സാഗരസംഗീതം ഒരു യഥാൎത്ഥകവിയുടെ വിശേഷത തെളിയിക്കുന്നുണ്ടു്. സ്വാസ്ഥതയില്ലാതെ ശക്തിയോടുകൂടി ഇരച്ചുകയറി, ചിലപ്പോൾ പ്രശാന്തഗംഭീരമായി വൎത്തിക്കുന്ന സമുദ്രത്തിന്റെ സ്വഭാവം ചിത്തരഞ്ജനന്റെ സ്വഭാവത്തോടു സാധൎമ്മ്യം വഹിക്കുന്നതായിരുന്നു. ചിത്തരഞ്ജനന്റെ സാഗരസംഗീതം കവികോകിലമായ രവീന്ദ്രനാഥടാഗോറിന്റെ സമഗ്രപ്രശംസക്കു സവിശേഷം പാത്രീഭവിച്ചിട്ടുള്ളതാണു്. പിന്നീടു എഴുതയിട്ടുള്ള കവിതകൾ ഒരു യഥാൎത്ഥവൈഷ്ണവന്റെ ദൈവീകസാന്നിദ്ധ്യത്തിനുള്ള സൎവ്വംഗ്രാസിയായ മോഹത്തെ പ്രത്യേകം പ്രസ്ഫുടമാക്കുന്നവയാണെന്നു മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികപ്രേമപ്രകൎഷത്തിന്റെ അനിരോദ്ധ്യമായ പ്രവാഹത്തിൽ അദ്ദേഹത്തിന്റെ ലോകവ്യാപാരങ്ങളും നിമഗ്നമായിപ്പോകുന്നു. ഒരു അനുഗൃഹീതഭാസുരമായ ഐക്യതയിൽനിന്നു ഉൽഭൂതമാകുന്ന പരമാനന്ദസംഗീതമാധുരി ആസ്വദിച്ചു തന്റെ പ്രേമവിഗ്രഹത്തിന്റെമുൻപിൽ സ്ഥിതിചെയ്യുന്ന ദിവ്യമണ്ഡപത്തിൽ മുകുളിതപാണിയായി പ്രത്യക്ഷപ്പെടുന്ന കവിയുടെ ദൎശനങ്ങളാണു നാം ചിത്തരഞ്ജനനിൽ വീക്ഷണം ചെയ്യുന്നതു്.

ഏതുവിധത്തൽനോക്കിയാലും ചിത്തരഞ്ജനദാസ് വാഗ്ദേവിയുടെ ഒരു വരിഷ്ഠവത്സലസന്താനമായിരുന്നു എന്നു അഭിപ്രായവ്യത്യാസംകൂടാതെ പറയാവുന്നതാണു്. ചിത്തരഞ്ജനന്റെ ചില കവനങ്ങൾ ഇംഗ്ലീഷിലേക്കു പരഭാഷപ്പെടുത്തി ലേഖകൻ കണ്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ സാഗരസംഗീതം നമ്മുടെ ഭാഷയിലേക്കു വംഗഭാഷാഭിജ്ഞന്മാരായ ആരെങ്കിലും സ്വതന്ത്രമായി പരിഭാഷപ്പെടുത്തിക്കാണുവാൻ ആഗ്രഹിക്കുന്നു.

രുന്ന "കാന്തകൻ'' എന്ന കുതിരമേൽ ഏറി കൊട്ടാരവും കോട്ടവാതിലുകളും വിട്ടു് അർദ്ധരാത്രിയിൽ ഛന്ദനെന്ന തന്റെ സാരഥിയോടുകൂടി സിദ്ധാൎത്ഥൻ വെളിയിൽ വന്നു.

എവിടെ നോക്കിയാലും കൂററിരുട്ടു്. എന്നാലോ ആകാശത്തിൽ നക്ഷത്രങ്ങൾ ശോഭിക്കുന്നു. ജീവജാലങ്ങളുടെ അനക്കമേയില്ല. ഈ സമയത്തു സിദ്ധാൎത്ഥൻ ഭവനം, ഭാവം, ഭാൎയ്യ മുതലായ സകല ബന്ധങ്ങളെയും വിട്ടു, നിശ്ശബ്ദമായും വീടുകളില്ലാതെയുമുള്ള വനാന്തരത്തിൽ പ്രവേശിച്ചു.

ജെ. പി സി. റിപ്പോർട്ട്.

ഇംഗ്ലണ്ടിലും ഇന്ത്യയിലും പ്രസിദ്ധംചെയ്തിരിക്കുന്ന ജായന്റുപാർലമെന്ററികമ്മിററി റിപ്പോർട്ടിന്റെ ഒരു ചുരുക്കമാണു താഴെ കൊടുത്തിരിക്കുന്നതു്.—

ബംഗാളിലെ അധഃകൃതരുടെ പ്രാതിനിധ്യത്തിൽ കുറവുവരുത്തണമെന്ന നിർദ്ദേശത്തോടുകൂടി വർഗ്ഗീയതീരുമാനം അംഗീകരിക്കപ്പെടുന്നു.

മദ്രാസ്, ബാംബേ, ബംഗാൾ, യു. പി, ബീഹാർ എന്നീ പ്രവിശ്യകളിൽ നിയമസഭയ്ക്കു രണ്ടാംമണ്ഡലങ്ങളും, അസംബ്ലിയിലേക്കു നേരിട്ടല്ലാതുള്ള തിരഞ്ഞെടുപ്പും, നിയമവും ആജ്ഞയും സംബന്ധിച്ച ചില രക്ഷാവ്യവസ്ഥകളും കേന്ദ്രത്തിൽ ഫെഡറൽഗവൺമെന്റും ഉണ്ടായിരിക്കയും, പ്രാദേശിക ഭരണസ്വാതന്ത്ര്യവും കേന്ദ്രഭരണത്തിലെ മാററങ്ങളും ഒരേനിയമമായി പാസാക്കുന്നെങ്കിലും ഭരണസംബന്ധമായ പരിഗണനകൾനിമിത്തം ആവശ്യമായിവരുന്നതിനാൽ കേന്ദ്രഭരണപരിഷ്കാരങ്ങൾ അൽപകാലംകഴിഞ്ഞു നടപ്പിൽവരുത്തുകയും ചെയ്യണമെന്നുള്ള ശുപാർശകളും ബർമ്മായെ വേർതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുമാണു റിപ്പോർട്ടിലെ പ്രധാനഭാഗങ്ങൾ. റിപ്പോർട്ടു 281 വശവും അനുബന്ധങ്ങൾ 125 വശവും നടപടികൾ 654 വശവും ഉണ്ടു്.

പ്രാരംഭത്തിൽ കമ്മിററി ഭരണപരിഷ്കാരംസംബന്ധിച്ച തീരുമാനത്തിന്റെ തത്വം പ്രതിപാദിക്കുന്നു. കമ്മിററി ഇങ്ങനെ പറയുന്നു:—"ഏററവും പ്രബുദ്ധതകൂടിയ വിഭാഗത്തിന്റെ മാനദണ്ഡംകൊണ്ടു ഒരു ജനതയുടെ രാഷ്ട്രീയബോധത്തെ അളക്കുന്നതിന്റെ ബുദ്ധിഹീനത ചരിത്രം പലപ്രാവശ്യം തെളിയിച്ചിട്ടുണ്ടു് എങ്കിലും ഇന്ത്യയുടെ ഉല്ക്കർഷേച്ഛയെപ്പററിയുള്ള ബോധം അവയുടെ തീരുമാനത്തിലേക്കു മതിയാംവണ്ണം മാർഗ്ഗദർശനം ചെയ്യുന്നില്ല. പാർലമെന്ററിഭരണസമ്പ്രദായത്തിന്റെ ശരിയായ പ്രവർത്തനത്തിനു അത്യന്താപേക്ഷിതമായ രക്ഷാവ്യവസ്ഥകൾക്കു ഭരണപരിഷ്കാരനിയമംമൂലം അംഗീകാരം നൽകേണ്ടതാകുന്നു. ഇത്തരം രക്ഷാവ്യവസ്ഥകൾക്കു ബ്രിട്ടനിൽ കീഴ്നടപ്പല്ലാതെ മററു യാതൊരു അനുവാദവുമില്ല. ഇന്ത്യയിൽ രക്ഷാവ്യവസ്ഥകൾക്കു നിയമത്തിന്റെ അംഗീകാരം ലഭിക്കുമ്പോൾ ഇന്ത്യയിലെ പാർലമെന്ററിഭരണത്തിന്റെ അഭിവൃദ്ധി വെസ്റ്റ്മിൻസ്റററിലേതിൽനിന്നു ഭിന്നമായിരിക്കുമെന്നുള്ളതു വാസ്തവംതന്നെ. പ്രാദേശികഭരണസ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കി പാർലമെന്റിനു ഇന്ത്യയിലെ പുതിയ ഭരണപരിഷ്കാരസ്ഥാപനത്തിന്റെ പ്രാഥമികനിർദ്ദേശത്തെ സമീപിക്കാവുന്നതാണു്. ഭരണപരമായ ഈ മാററങ്ങളുടെ ഫലവ്യാപ്തി വളരെ വിപുലമാണെങ്കിലും അതു ഭൂതകാലത്തോടുള്ള ബന്ധത്തെ ഒരു തരത്തിലും ഹനിക്കുന്നില്ല. നിയമത്തിന്റെയും ആജ്ഞയുടെയും നടത്തിപ്പും, ഭരണത്തിന്റെയും നിഷ്പക്ഷതയുടെയും നീതിനിഷ്ഠയുടെയും നിലനിൽപും ആണു ഗവൺമെന്റിന്റെ മൗലികകൃത്യം. ഈ കർത്തവ്യനിർവ്വഹണത്തിന്റെ രീതിയെസംബന്ധിച്ച എക്സിക്യൂട്ടീവ് നിയമസഭയോടു ഉത്തരവാദിത്വം ചെയ്യേണ്ടതാണെന്നിരുന്നാലും ഈ ചുമതല യാതൊരുഎക്സിക്യൂട്ടീവിനും നിയമസഭയുമായി പങ്കിടുവാൻ സാധിക്കുന്നതല്ല. ഇന്ത്യയുടെ പ്രത്യേകപരിതസ്ഥിതികളിൽ പ്രൊവിൻഷ്യൽഎക്സിക്യൂട്ടിവിന്റെ തലവൻഎന്ന നിലയിൽ ഗവർണ്ണർക്കു വിശേഷാൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളുംകൊടുത്തു എക്സിക്യൂട്ടീവിനെസംബന്ധിച്ചുള്ള ഈ തത്വം ഭരണവ്യവസ്ഥയിൽ രേഖപ്പെടുത്തുന്നതു ഉചിതമായിരിക്കും. രക്ഷാവ്യവസ്ഥകൾ എന്നവാക്കു രണ്ടുപക്ഷത്തെയും നിരൂപകന്മാർ ഉപയോഗിക്കുന്നതിൽനിന്നു ഭിന്നവും പ്രത്യേകവും ആയ ഒരു അർത്ഥത്തിലാണു പ്രയോഗിക്കുന്നതെന്നു കമ്മിററി വിശദീകരിക്കുന്നു. നിയമത്താൽ പൂർണ്ണമായി അംഗീകരിക്കപ്പെടുന്ന സാരമായ അധികാരം എന്നാണു് രക്ഷാവ്യവസ്ഥകളുടെ അർത്ഥം. പരീക്ഷണത്തിലും തെററുകളിലുംകൂടി പരിണമിച്ചുകൊണ്ടിരിക്കുന്നതിനു അതു സൗകര്യംനൽകുന്നു. അതായതു വളർച്ചയുടെ വിത്തു ഇന്ത്യൻഭരണവ്യവസ്ഥയിൽതന്നെ അന്തർഭവിക്കുന്നു.

അഖിലേന്ത്യാഫെഡറേഷന്റെ രൂപവല്ക്കരണത്തെ കമ്മിററി ശരിവെക്കുകയും, കേന്ദ്രഭരണത്തിൽ മാററംവരുത്തുന്നതിനുമുമ്പായി പ്രാദേശികസ്വതന്ത്രഭരണം നടപ്പിൽവരണമെന്നു സമ്മതിക്കുന്നതോടുകൂടി ഭാവിയിലെ ഒരു സംഭാവ്യതയെന്നനിലയിൽ ഫെഡറേഷനെ വിടുവാൻ ഗവൺമെണ്ടുദ്ദേശിക്കുന്നില്ല എന്നു വിശദമാകത്തക്കവണ്ണം കേന്ദ്രത്തിലെയും പ്രാവിൻസുകളിലെയും ഭരണഘടന ഒരേനിയമത്തിൽതന്നെ വ്യവസ്ഥചെയ്യണമെന്നു പ്രസ്താവിക്കയുംചെയ്യുന്നു. ഭരണകാര്യസംബന്ധമായ പരിഗണനകളാൽ ആവശ്യമെന്നുകാണുന്നതിനെക്കാൾ ദീർഘമായിരിക്കരുതു് ഫെഡറേഷന്റെയും പ്രാദേശികസ്വതന്ത്രഭരണത്തിന്റെയും ഇടയ്ക്കുള്ളകാലംഎന്നു കമ്മിററി ഉപദേശിക്കുന്നു. ഈ പരിവർത്തനഘട്ടത്തിലേയ്ക്കുള്ള വ്യവസ്ഥകളെസംബന്ധിച്ചാണെങ്കിൽ, ഇന്നത്തെ കേന്ദ്രനിയമസഭയെ നിലനിർത്തുകയും കേന്ദ്രത്തിലെ എക്സിക്യൂട്ടീവിൽ മാററങ്ങൾ വരുത്താതിരിക്കയും ചെയ്യേണ്ടിയിരിക്കുന്നെങ്കിലും, പ്രാദേശികസ്വതന്ത്രഭരണസ്ഥാപനംമൂലം, ഫെഡറേഷന്റെ സ്ഥാപനത്താൽ ആവശ്യമായിവരുന്ന മാററങ്ങളിൽനിന്നു വളരെ ഭിന്നമല്ലാത്ത ചില മാററങ്ങൾ കേന്ദ്രനിയമസഭയുടെയും എക്സിക്യൂട്ടീവിന്റെയും അധികാരത്തിൽ വരുത്തേണ്ടതായി വന്നുകൂടുന്നുണ്ടു്. പ്രാദേശികസ്വതന്ത്രഭരണത്തെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ കമ്മിററി വൈററുപേപ്പർപദ്ധതിയെ അനുകൂലിക്കയും, അതതു ഭരണമണ്ഡലങ്ങളെ നിയമംമൂലം ക്ലിപ്തപ്പെടുത്തി അവശിഷ്ടാധികാരത്തെ ഗവർണർജനറലിൽ നിക്ഷേപിക്കേണ്ടതാണെന്നഭിപ്രായപ്പെടുകയും ചെയ്യുന്നു. സിൻഡിനെയും ഒറീസായെയും പ്രത്യേകപ്രാവിൻസുകളാക്കുന്നതിനെ കമ്മററി അനുകൂലിക്കുന്നു ജെയപ്പൂർഎസ്റ്റേററിൽ 1932-ലെ ഒറിസാക്കമ്മററി ശുപാർശചെയ്യുന്നിടത്തോളംഭാഗവും പാർലക്കിമിഡിയിൽ ഏതാനുംഭാഗവുംകൂടി ഉൾപ്പെടത്തക്കവണ്ണം ഒറിസായുടെ അതിർത്തിയെ വിസ്തൃതമാക്കണമെന്നും കമ്മററ അഭിപ്രായപ്പെടുന്നു. സംയുക്തനികുതിയിൽ ന്യായമായ ഒരുഭാഗം ബീറാറിനുവേണ്ടി ചിലവാക്കുന്നതിനുള്ള ചുമതല സി. പി. ഗവർണർക്കുണ്ടായിരിക്കയും വേണം.

പ്രൊവിൻഷ്യൽഎക്സിക്യൂട്ടീവ്സംബന്ധിച്ച വൈററുപേപ്പർനിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടുന്നു. എങ്കിലും ബ്രിട്ടീഷ്ഇന്ത്യൻപ്രതിനിധികളുടെ മെമ്മോറാണ്ടം നിർദ്ദേശിക്കുന്നതുപോലെ ഗവർണർ രൂപീകരിക്കുന്ന നിയമങ്ങളും നിയമസഭ പാസ്സാക്കുന്ന നിയമങ്ങളും തമ്മിൽ വിവേചനംചെയ്യേണ്ടതാണെന്നു കമ്മററി പറയുന്നു.

നിയമം ആജ്ഞ എന്നിവ സംബന്ധിച്ചാണെങ്കിൽ പോലീസ് ആക്ററുകളെയും അവയനുസരിച്ചുള്ള ചട്ടങ്ങളെയും ഭേദഗതി ചെയ്യുന്നതിനു ഗവർണ്ണരുടെ അനുമതി വേണമെന്നും, സീക്രട്ടു ഇൻറലിജൻസ് സർവ്വീസിനു വിശേഷാൽ സംരക്ഷണം വേണമെന്നും ഭീകരപ്രസ്ഥാനത്തിനെതിരായുള്ള പ്രവർത്തനങ്ങളുടെ ചുമതലവഹിക്കാൻ ഗവർണർമാർക്കു് അധികാരം വേണമെന്നും ഈ അധികാരം ബംഗാളിൽ ഉടനടി ആവശ്യമാണെന്നും പ്രാവിൻസുകളിൽ ലോത്തിയൻകമ്മിററി നിർദ്ദേശിക്കുന്ന നിയോജകത്വം സ്വീകാര്യമാണെന്നും കമ്മിററി അഭിപ്രായപ്പെടുകയും സ്ത്രീവോട്ടർമാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു ചില നിർദ്ദേശങ്ങൾ ചെയ്കയും ചെയ്യുന്നു. പ്രാദേശികനിയമസഭകളുടെ ഘടനയെ കമ്മിററി അംഗീകരിക്കുന്നു. എങ്കിലും ബംഗാളിലും യു പി യിലും ബിഹാറിലും കൂടാതെ മദ്രാസിലും ബാംബെയിലും രണ്ടാംമണ്ഡലം വേണമെന്നു കമ്മററി ശുപാർശചെയ്യുന്നു. പ്രാദേശികഉപരിസഭകളിലെ അംഗങ്ങളിൽ മൂന്നിലൊരുഭാഗം നിശ്ചിതകാലത്തിനുശേഷം ഒഴിഞ്ഞുകൊണ്ടിരിക്കണമത്രെ. വർഗ്ഗീയതീരുമാനത്തെ കമ്മിററി അംഗീകരിക്കുന്നു. എങ്കിലും പൂനാക്കരാറിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷുഗവൺമെന്റു് ആദ്യംചെയ്ത തീരുമാനം കൂടുതൽ ന്യായയുക്തവും അധഃകൃതർക്കു കൂടുതൽ ഗുണകരവും ആണെങ്കിലും പൂനാക്കരാറിനെ ഇനി നിരാകരിക്കത്തക്കതല്ലെന്നും ബംഗാളിൽ അധഃകൃതർക്കുള്ള പ്രാതിനിധ്യം കുറയ്ക്കുകയും മററു പ്രാവിൻസുകളിൽ അതനുസരിച്ചു കൂട്ടുകയും ചെയ്താൽ ഭരണവ്യവസ്ഥയുടെ പ്രവർത്തനം കൂടുതൽ സുഗമമായിത്തീരുമെന്നും കമ്മററി വിചാരിക്കുന്നു. ഫെഡറേഷനെയും ഇന്ത്യൻ നാട്ടുരാജ്യങ്ങ

ങ്ങളെയും സംബന്ധിച്ചിടത്തോളം ഫെഡറേഷൻ ഉണ്ടാകുന്നതിനുള്ള വ്യവസ്ഥകളെയും ക്രൗണും നാട്ടുരാജ്യങ്ങളും, നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഇന്ത്യയും തമ്മിലുള്ള ബന്ധത്തെയും കമ്മററി അംഗീകരിക്കുന്നു. ഫെഡറേഷൻ നടപ്പിൽ വരുന്നതിനുമുമ്പായി ഏഡൻെറ ഭരണപരമായ നിയന്ത്രണം ബ്രിട്ടീഷ് ഗവണ്മെൻറിനു വിട്ടു കൊടുക്കണമെന്നും കമ്മിററി ശുപാർശചെയ്യുന്നുണ്ട്.

ഫെഡറൽ എക്സിക്യൂട്ടീവ്.

ഡിഫൻസ്, വിദേശകാര്യങ്ങൾ എക്ലിസിയാസ്റ്റിക്കൽകാര്യങ്ങൾ, ബ്രിട്ടീഷ് ബലൂചിസ്റ്റാൻ എന്നിവയെ മൂന്നിൽകൂടാത്ത കൗൺസിലർമാരുടെ സഹായത്തോടുകൂടി ഗവർണ്ണർജനറൽ ഭരിക്കയും മററു സകല വകുപ്പുകളിലും അദ്ദേഹം മന്ത്രിമാരുടെ ഉപദേശാനുസരണം പ്രവർത്തിക്കയും ചെയ്യണമെന്നുള്ള ഫെഡറൽ എക്സിക്യൂട്ടീവ് വ്യവസ്ഥയെ കമ്മററി അംഗീകരിക്കുന്നു. മേൽപറഞ്ഞ മൂന്നു കൗൺസിലർമാർ മന്ത്രിസഭയിൽ അംഗങ്ങളായിരിക്കയില്ലെങ്കിലും അവർതമ്മിലുള്ള സംയുക്തമായ പര്യാലോചനകൾ പ്രോത്സാഹിപ്പിക്കപ്പെടും.

ഇന്ത്യൻ ഡിഫൻസുസംബന്ധിച്ചു ഒരു സ്റ്റാറ്റ്യൂട്ടറ കമ്മററി വേണമെന്ന നിർദ്ദേശത്തെ കമ്മററി എതിർക്കുന്നു. എങ്കിലും നിയമസഭയുമായി എങ്ങനെ എത്രമാത്രം ആലോചന നടത്തണമെന്നു നിർണ്ണയിക്കുവാനുള്ള അധികാരം ഗവർണ്ണർജനറലിൽ നിക്ഷേപിക്കുന്നപക്ഷം ഫെഡറൽ നിയമസഭയുടെ ഒരു ഡിഫൻസുകമ്മററി രൂപീകരിക്കാമെന്നു സമ്മതിക്കുന്നു. ഫെഡറൽനിയമസഭാമണ്ഡലങ്ങൾ സംബന്ധിച്ച വെവ്വേറെപ്പേർവ്യവസ്ഥകളെ കമ്മററി അംഗീകരിക്കുന്നു. ബ്രിട്ടീഷിന്ത്യൻ സീററുകളിൽ മൂന്നിലൊരുഭാഗം മുസ്ലിങ്ങൾക്കു ലഭിക്കണമെന്നു കമ്മററി ഊന്നിപ്പറയുന്നു. ഫെഡറൽനിയമസഭയുടെ ഒന്നാംമണ്ഡലത്തിലേക്കു നേരിട്ടു തിരഞ്ഞെടുപ്പുനടത്തുന്നതിനെ കമ്മററി അനുകൂലിക്കുന്നില്ല. നേരിട്ടല്ലാതുള്ള തിരഞ്ഞെടുപ്പു നടത്തിനോക്കിയശേഷം ഭേദഗതി ആവശ്യമെന്നു ഇന്ത്യാക്കാർക്കു തോന്നുന്നപക്ഷം ഫെഡറൽ നിയമസഭ സ്വന്തം നിർദ്ദേശങ്ങൾ പാർലമെൻറിൽ സമപ്പിക്കേണ്ടതാണെന്നു കമ്മററി പറയുന്നു. വർഗ്ഗീയസംഘടനകളെ അടിസ്ഥാനമാക്കിയുള്ള ഒരുതരം നേരിട്ടല്ലാതുള്ള തിരഞ്ഞെടുപ്പ് ഒരു അവസാനതീരുമാനത്തിലെത്തിക്കുമെന്നുകമ്മററിവിചാരിക്കുന്നു. അങ്ങനെ പ്രവിശ്യകളിലെ ഒന്നാംമണ്ഡലം ഫെഡറൽ ഒന്നാംമണ്ഡലത്തിലേക്കു തിരഞ്ഞെടുപ്പു നടത്തുകയും വിവിധസമുദായക്കാർ പ്രത്യേകം അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കയുംചെയ്യും. ഫെഡറൽ ഉപരിമണ്ഡലത്തിലേക്കു ഉപരിമണ്ഡലമുള്ള പ്രാവിൻസുകളിൽ ഉപരിമണ്ഡലവും ഏകമണ്ഡലനിയമസഭയുള്ള പ്രാവിൻസുകളിൽ എലക്ടറൽകാളേജുകളും തിരഞ്ഞെടുപ്പു നടത്തുന്നതായിരിക്കും. ഫെഡറൽ ഉപരിമണ്ഡലത്തിൻെറ ആയുഷ്കാലം ഒമ്പതു വർഷമായിരിക്കും. മൂന്നുവർഷത്തിലൊരിക്കൽ അംഗങ്ങളിൽ മൂന്നിലൊരുഭാഗത്തെ മാറി തിരഞ്ഞെടുക്കുന്നതാണ്. ഇന്ത്യൻസിവിൽ സർവീസ്, ഇന്ത്യൻ പോലീസ് എന്നിവസംബന്ധിച്ച അന്വേഷണം നടത്തുന്നതിനു ഭരണപരിഷ്കാരനിയമത്തിൽ തീയതി നിർദ്ദേശിക്കണമെന്നു കമ്മററി വിചാരിക്കുന്നില്ല. എങ്കിലും അഞ്ചുവർഷത്തിനുശേഷം അന്വേഷണം നടത്തുന്നതു നന്നായിരിക്കുമെന്നു കമ്മററി കരുതുന്നു. ഇറിഗേഷൻ സർവീസുസംബന്ധിച്ചു ഏതെങ്കിലും പ്രാവിൻസിൽ തൃപ്തികരമായ റിക്രൂട്ടുകളെ വേണ്ടിടത്തോളം കിട്ടാതെവരുന്നപക്ഷം ഇന്ത്യാസിക്രട്ടറിക്കു റിക്രൂട്ടുമെൻറു നടത്താൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങളുടെ കൂട്ടത്തിൽ, പബ്ലിക്സർവീസുകളിലുള്ള അവരുടെ ശരിയായ പ്രാതിനിധ്യവുംഉൾപ്പെടുമെന്നു നിർദ്ദേശപത്രത്തിൽ വിശദീകരിക്കണം. ഒരു ഫെഡറൽകോടതി സ്ഥാപിക്കണമെന്ന നിർദ്ദേശത്തെ കമ്മററി അംഗീകരിക്കുന്നു. പ്രത്യേകം ഒരു സുപ്രീംകോടതി സ്ഥാപിക്കുന്നതിനുപകരം സുപ്രീംകോടതിയുടെ കൃത്യംകൂടി നിർവഹിക്കത്തക്കവണ്ണം ഫെഡറൽകോടതിയുടെ അധികാരങ്ങളെ വർദ്ധിപ്പിച്ചാൽ മതിയെന്നു കമ്മററി പറയുന്നു. വാണിജ്യപരമായും മററുമുള്ള പ്രതികൂലവിവേചനം സംബന്ധിച്ചാണെങ്കിൽ യുണൈറെഡ് കിങ്ങ്ഡത്തിൽനിന്നു ഇറക്കുമതിചെയ്യുന്ന ബ്രിട്ടീഷ് സാമാനങ്ങളെ വിരുദ്ധമായുള്ള പെരുമാററത്തിനു വിധേയമാക്കത്തക്കവണ്ണമുള്ള നിയമനിർമ്മാണപരവും ഭരണപരവും ആയ ഉപായങ്ങളെ തടയുന്നതിനു ഗവർണ്ണർജനറലിനു പ്രത്യേകഉത്തരവാദിത്വം ഉണ്ടായിരിക്കണം. ഇന്ത്യയുടെ സാമ്പത്തികതാല്പര്യങ്ങളെ മുൻനിർത്തിയുള്ള നയത്തെയല്ല ബ്രിട്ടൻെറ താല്പര്യങ്ങൾക്കു ഹാനികരമായ നയങ്ങളെയാണു ഇങ്ങനെ തടയണമെന്നു ഉദ്ദേശിച്ചിരിക്കുന്നതു്. ഇന്ത്യയിലെ ബ്രിട്ടീഷുകച്ചവടത്തെ പ്രതികൂലവിവേചനം ചെയ്യുന്നതുസംബന്ധിച്ചുള്ള വെവ്വേറെപ്പേർ നിർദ്ദേശങ്ങളെ കമ്മററി അംഗീകരിക്കുന്നു. നിയമനിർമ്മാണപരമായ പ്രതികൂലവിവേചനത്തെ നിരോധിക്കുന്ന ഏതു കാര്യത്തിലും ഭരണവിഷയകമായ പ്രതികൂലവിവേചനം തടയേണ്ടതു ഗവർണ്ണർജനറലിൻെറയും ഗവർണ്ണർമാരുടെയും വിശേഷാൽ ഉത്തരവാദിത്വമായിരിക്കുമെന്നു വിശദമാക്കേണ്ടതാകുന്നു. യുണൈറെഡ്കിങ്ങ്ഡത്തിൽ താമസിക്കുന്ന ബ്രിട്ടീഷു പ്രജകളുടെയും അവിടെ രജിസ്റ്റർ ചെയ്ത ബ്രിട്ടീഷു കമ്പനികളുടേയും മേൽ പരിമിതികളും മററുതരത്തിലുള്ള വ്യവസ്ഥകളും ചുമത്താതിരിക്കാൻ വിസ്തരിച്ച നിർദ്ദേശങ്ങൾ ചെയ്യുന്നുണ്ട്. ബ്രിട്ടനോ ഇന്ത്യയോ കൊടുക്കുന്ന മെഡിക്കൽ ഡിഗ്രികളെ പരസ്പരം അംഗീകരിക്കാതിരിക്കുന്നപക്ഷം അതേപ്പററി പ്രിവികൌൺസിലിൽ അപ്പീൽ കൊടുക്കാവുന്നതാണ്. മൗലികാവകാശപ്രഖ്യാപനം വേണമെന്ന നിർദ്ദേശത്തെ കമ്മററി അംഗീകരിക്കുന്നില്ല. നാട്ടുരാജ്യപ്രജകളുൾപ്പടെ ഇന്ത്യാക്കാരോ അല്ലാത്തവരോ ആയ സകല ബ്രിട്ടീഷു പ്രജകൾക്കും ഉദ്യോഗകാര്യത്തിൽ സമാവകാശം നൽകുന്ന ഒരു പ്രഖ്യാപനം ഉണ്ടായിരിക്കണമെന്നു കമ്മററി കരുതുന്നു. പൊതുക്കാര്യങ്ങൾക്കായിട്ടല്ലാതെ സ്വത്തുക്കളെ അപഹരിക്കാൻ വ്യവസ്ഥചെയ്യരുതെന്നും കമ്മററി വിചാരിക്കുന്നു.

ഭരണഘടനാപരമായ അധികാരത്തെപ്പററിയാണെങ്കിൽ, പാർലമെൻറ് അനുമതിനൽകിയിട്ടുള്ള ആർഡേഴ്സ് ഇൻകൗൺസിൽമൂലം ഭരണവ്യവസ്ഥാപരമായ ഭേദഗതികൾ സാധ്യമാകുന്നമെന്നും, ചില വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായതരത്തിൽ ഇന്ത്യൻനിയമസഭകൾ നിർദ്ദേശിക്കുന്ന ഭരണവ്യവസ്ഥാഭേദഗതികളെ, ചക്രവർത്തിതിരുമനസ്സിലെ ഗവണ്മെൻറു കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളെപ്പററിയുള്ള ഒരു പ്രസ്താവനയോടുകൂടി പാർലമെൻറിൻെറ രണ്ടു സഭകളിലും അവതരിപ്പിക്കാവുന്നതാണെന്നും കമ്മററി അഭിപ്രായപ്പെടുന്നു.

കൗൺസിൽ ആഫ്ഇന്ത്യാ വേണ്ടെന്നുവെക്കുന്നതാണെങ്കിലും ഇന്ത്യാസിക്രട്ടറിക്കു ഒരു ചെറിയ ഉപദേശകസമിതി ഉണ്ടായിരിക്കേണ്ടതും പബ്ലിക്കുസർവീസുകളെ ബാധിക്കുന്ന ചില കാര്യങ്ങളിൽ മാത്രം ഈ സമിതിയുടെ ഉപദേശം ഇന്ത്യാസെക്രട്ടറി നിർബന്ധിതമായി സ്വീകരിക്കേണ്ടതുമാകുന്നു. റിസർവുബാങ്കിൻെറയും സ്റ്റാററ്യൂട്ടറി റയിൽവേബോർഡിൻെറയും സ്ഥാപനത്തെ കമ്മിററി അംഗീകരിക്കുന്നു. ഫെഡറൽ ഫിനാൻസുസംബന്ധിച്ചു കമ്മിററി ചില നിർദ്ദേശങ്ങൾ ചെയ്തുകൊണ്ടു പറയുന്നതു പുതിയ ഭരണവ്യവസ്ഥ നടപ്പിൽ വരുന്നതിനു മുമ്പു ചക്രവർത്തി തിരുമനസ്സിലെ ഗവർമ്മെൻറു ഇന്ത്യൻധനകാര്യനില പരിശോധിച്ചു വിവരം പാർലമെൻറിനെ ധരിപ്പിക്കുമെന്നാണ്.

അടുത്തതായി ബർമ്മായെപ്പററിയാണു കമ്മിററി പ്രതിപാദിക്കുന്നതു്. പ്രാദേശിക സ്വയംഭരണം നടപ്പാക്കുന്നതോടെ ബർമ്മായെ ഇന്ത്യയിൽനിന്നു വേർതിരിക്കണമെന്നും രണ്ടു ഗവർമ്മെൻറുകളും തമ്മിലുള്ള കച്ചവടഉടമ്പടിയെ നിയമംമൂലം അംഗീകരിച്ചശേഷമേ അപ്രകാരം ചെയ്യാവൂ എന്നും കമ്മിററി ശുപാർശചെയ്യുന്നു. ഈ ഉടമ്പടിക്കു ഒരുവർഷത്തെ നോട്ടീസു ഉൾപ്പെടെ കുറഞ്ഞപക്ഷം രണ്ടുവർഷത്തെകാലാവധിയുണ്ടായിരിക്കയും വേണം. ബർമ്മായിലെ എക്സിക്യൂട്ടീവു സംബന്ധിച്ച വെവ്വേറെപ്പേർ വ്യവസ്ഥകളെ അംഗീകരിക്കുന്നു. ബർമ്മാഗവർമ്മെൻറിൻെറ ധനകാര്യോപദേഷ്ടാവു കൌൺസിലർമാരിൽനിന്നു സ്വതന്ത്രനായിരിക്കണമെന്നുള്ള നിർദ്ദേശംമാത്രം അവർ സമ്മതിക്കുന്നില്ല. നേരത്തെ പിരിച്ചുവിടാത്തപക്ഷം ബർമ്മായിലെ രണ്ടാംമണ്ഡലത്തിൻെറ കാലാവധി ഏഴുവർഷമായിരിക്കും. അംഗങ്ങളിൽ നാലിലൊരുഭാഗം രണ്ടുവർഷത്തിലൊരിക്കൽ മാറിക്കൊണ്ടിരിക്കും. ഉപരിസഭയുടെ കാലാവധി വെവ്വേറെപ്പേർ നിശ്ചിതമാക്കിയിരുന്നില്ല. ബർമ്മായ്ക്കും സ്റ്റാററ്യൂട്ടറി റയിൽവേബോർഡും ആംഗലേന്ത്യന്മാരുടെ വിദ്യാഭ്യാസം നിയമനം എന്നിവ സംബന്ധിച്ചു പ്രത്യേക വ്യവസ്ഥകളുമുണ്ടായിരിക്കണം. ഇന്ത്യയും ബർമ്മയും സംബന്ധിച്ച ധനപരമായ കാര്യങ്ങൾ തീർച്ചചെയ്യാൻ ഒരു നിഷ്പക്ഷ ന്യായാധിപസമിതി നിയമിതമാകണം. അവരുടെ തീർപ്പു നിർബന്ധിതമായി അംഗീകരിക്കപ്പെടാൻ നിയമം വ്യവസ്ഥചെയ്കയുംവേണം. ഇന്ത്യാസെക്രട്ടറി തന്നെ ബർമ്മായുടെ ചുമതലയും വഹിക്ക

ണം. ഗവർണരുടെ നേരത്തേയുള്ള അനുമതിയോടുകൂടി ഇന്ത്യയിൽനിന്നുള്ള കുടിയേറിപ്പാർപ്പിനെ നിയന്ത്രിക്കാൻ ബർമ്മാനിയമസഭയ്ക്കു അധികാരമുണ്ടായിരിക്കണം.

വിസമ്മതറിപ്പോർട്ടുകൾ

മേജർ അററ്ലിയും മററു മൂന്നു അംഗങ്ങളും ഭിന്നറിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടു്. പാർലമെൻറിനെ വീണ്ടും ആശ്രയിക്കാതെതന്നെ ഇന്ത്യയുടെ ലക്ഷ്യത്തെ ഡോമിനിയൻ സ്റ്റാററസ് ആയി പ്രഖ്യാപനംചെയ്യണമെന്നു അവർ ആവശ്യപ്പെടുന്നു. അവർ രണ്ടാംമണ്ഡലത്തെ എതിർക്കുകയും ഫെഡറേഷനെ അംഗീകരിക്കയും ഫെഡറേഷൻ നടപ്പിൽവരുത്തുന്നതീയതി നിശ്ചയിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. വിശേഷാൽ ഉത്തരവാദിത്വങ്ങൾ വളരെ വിപുലമായിപ്പോയെന്നും വിവേചനാപരമായ നിയമനിർമ്മാണത്തിനു ഗവർണർജനറലിൻെറ നേരത്തെയുള്ള അനുമതിവേണമെന്നും അതൊഴിച്ചാൽ വർഗ്ഗീയസമുദായങ്ങൾ തമ്മിൽ പരസ്പരാലോചനകൊണ്ടു തീരുമാനമുണ്ടാക്കാൻ സൗകര്യംകൊടുക്കണമെന്നുംഅവർ നിർദ്ദേശിക്കുന്നു കേന്ദ്രത്തിൽ ഏകമണ്ഡലനിയമസഭ മതിയെന്നും അതിൻെറ തിരഞ്ഞെടുപ്പു നേരിട്ടു നടത്തണമെന്നും അതിൽ തൊഴിലാളികൾക്കു പത്തിനുപകരം 26 സീററുകളുണ്ടായിരിക്കണമെന്നും ഇന്ത്യൻനാട്ടുരാജ്യങ്ങളും ക്രൗണും തമ്മിലുള്ള ബന്ധം ഒഴിച്ചുള്ള വിദേശകാര്യങ്ങളെ നിയന്ത്രിക്കാൻ ഇന്ത്യയ്ക്കു അധികാരം വേണമെന്നും 30 വർഷത്തിനകം സൈന്യത്തെ ഭാരതീയമാക്കണമെന്നും, നിയമസമാധാനങ്ങൾ സംബന്ധിച്ച മന്ത്രിമാരുടെ അധികാരം പരിമിതപ്പെടുത്തരുതെന്നും പ്രത്യേക നിയോജകമണ്ഡലങ്ങളരുതെന്നും അവശിഷ്ടാധികാരം കേന്ദ്രത്തിലിരിക്കണമെന്നും അവർ നിർദ്ദേശിക്കുന്നു.

മിഡിൽററൻപ്രഭു, റാങ്കിലോർപ്രഭു, സർ റജിനാൾഡ് ക്രാഡക്ക്, സർ ജോസഫ് നെയൽ എന്നിവരുടെ പിൻതുണയോടുകൂടി സാലിസ്ബറിപ്രഭു തയാറാക്കിയ ഒരു നോട്ടു കേന്ദ്രത്തിൽ ഉത്തരവാദിത്വം അനുവദിക്കാൻ തയാറില്ല. പ്രാദേശിക സ്വാതന്ത്ര്യഭരണവും അതിനെ പുഷ്ടിപ്പെടുത്താനായി ഒരു "കൌൺസിൽ ആഫ ഗ്രേറർ ഇൻഡ്യയും" മതിയെന്നും വേണ്ടിവരുന്നപക്ഷം പ്രാവിൻസുകളിലെ പോലീസുഭരണത്തെ നിയന്ത്രിക്കാൻ ഈ കൗൺസിലിനു വൈസ്രോയിയെ ഉപദേശിക്കാമെന്നുമാണു് ഈ നോട്ടിൽ പറയുന്നതു്.

ചെറുകഥാപംക്തി

"അനിയാ, ഞാൻ തോററു."

വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ.

വീയപുരം ഇ. എച്ച്. സ്കൂളിലെ അഞ്ചു വിദ്യാർത്ഥികൾ അന്നും സായാഹ്നസമയം അഞ്ചുമണിക്കു പതിവുപോലെ കുളക്കടവിലുള്ള ആൽത്തറയിൽ 'മീററിങ്ങു'കൂടി. ഇതൊരു നിത്യസംഭവമായിരുന്നതുകൊണ്ടു കുളിക്കാൻവരുന്നവരോ, മററാരെങ്കിലുമോ അവരുടെ സൈ്വരവിഹാരത്തിനു വിഘാതംവരുത്തിയില്ല. വിദ്യാർത്ഥികളുടെ നായകൻെറപേർ വിക്രമൻ എന്നായിരുന്നു. വ്യായാമംകൊണ്ടു സുദൃഢമായ അയാളുടെ ശരീരം ആരേയും ഹഠാൽ ആകർഷിക്കും. സുകുമാരമായ ആ മുഖത്തു് എന്തെന്നില്ലാത്ത ഒരു ഗാംഭീര്യം ജ്വലിക്കുന്നതു പ്രേക്ഷകന്മാർക്കു വീക്ഷിക്കാവുന്നതാണു്. മാത്രമല്ല മററുള്ളവരെ അനുസരിപ്പിക്കുന്നതിനുള്ള ഒരു ആജ്ഞാശക്തിയും അയാൾക്കു സ്വതസ്സിദ്ധമായിരുന്നു. നായകനാകാൻ സർവ്വഥാ യോഗ്യനായ വിക്രമനെ മററു നാലുപേരും ഏതുനിമിഷത്തിലും അനുസരിക്കാൻ തയാറാണു്. അവരെല്ലാവരും പതിനഞ്ചിനും ഇരുപതിനും മദ്ധ്യേ പ്രായമുള്ളവരും സദാസമയവും ഉന്മേഷചിത്തരും ആയിരുന്നു.

വിക്രമൻ പറഞ്ഞു:—

ഞാൻ നിങ്ങൾക്കു ഓരോരുത്തർക്കും ഓരോ പുതിയ പേരു തരാൻപോകുന്നു. ആർക്കെങ്കിലും വിരോധമുണ്ടോ?

വേലായുധൻ—വിരോധമോ, കൊള്ളാം. സന്തോഷം, ബഹുസന്തോഷം. ആദ്യം എനിക്കുതന്നെയാവട്ടെ.

വിക്രമൻ—വിഡ്ഢിത്തം പറയുന്നതു നിൻെറ പതിവാണു്. അതുകൊണ്ടു വിഡ്ഢിജ്ജീഹൻ എന്ന പേർ ഇരിക്കട്ടെ.

"വിഡ്ഢിജിഹ്വൻ, വിഡ്ഢിജിഹ്വൻ" എന്നു മററുള്ളവർ ആർത്തു വിളിച്ചു.

വിക്രമൻ—മററുള്ളവരുടെ പേരുകളും കേട്ടുകൊള്ളിൻ. അയ്യപ്പൻ 'അരച്ചാൺ'. എൻെറ പകുതി പൊക്കമേ അവനുള്ളു. ചെണ്ടപോലെ ഉരുണ്ടവൻ. (അയ്യപ്പൻെറ മുഖം കുനിഞ്ഞു. മററുള്ളവർ അരച്ചാൺ എന്നു തെരുതെരെ വിളിച്ചു.) കൃഷ്ണൻ 'കീചകൻ.' പെൺകുട്ടികളുടെ സാന്നിദ്ധ്യത്തിൽ അവൻ അതീവ തല്പരനാണു്. എപ്പോഴും സുന്ദരനായിട്ടേ നടക്കു. (മുൻപോലെ കീചകശബ്ദവും മുഴങ്ങി.) കേശവൻ 'കാർക്കോടകൻ.' ഇരുണ്ടുരുണ്ടു മെലിഞ്ഞു ക്രൂരനായിരിക്കുന്നതു കണ്ടില്ലേ!

വിഡ്ഢിജിഹ്വൻ—ആ പേരു എനിക്കു തരാമോ. എല്ലാവരെയും കടിച്ചുകൊല്ലാമല്ലോ.

വിക്രമൻ—നിനക്കു നിൻെറ പേരുതന്നെ നല്ലതു്. ഇനി എനിക്കു് ഒരു പേരു തരിൻ.

വിഡ്ഢിജിഹ്വൻ—വിക്രമൻ വിക്രമൻ തന്നെ. വേറെ പേരുവേണ്ട.

മററുള്ളവർ—വിഡ്ഢിജിഹ്വൻ ചിലപ്പോൾ വേണ്ടതും പറയും. വിക്രമൻ വിക്രമൻതന്നെ.

എല്ലാവരും പുതിയ പേരുകളും വിളിച്ചുകൊണ്ടു കുളത്തിൽചാടി.

II

രണ്ടുദിവസം വിക്രമനെക്കൂടാതെയായിരുന്നു മററുള്ളവരുടെ സായന്തനവിഹാരങ്ങൾ. ഒരിക്കൽ അവർ സ്കൂൾവിട്ടു വരുന്നസമയം റോഡിൽക്കൂടി ഒരു യുവാവും അയാളുടെ ഭാര്യയും യാത്രചെയ്യുന്നു. യുവാവിൻെറ നിറം വെളുപ്പും യുവതിയുടെ നിറം കറുപ്പും ആയിരുന്നു അവരെ സമീപിച്ച ഉടൻ വിഡ്ഢിജിഹ്വൻ ചോദിക്കയാണു്.

"ഹേ, കാളെ, ഈ എരുമയെയുംകൊണ്ടു എവിടെപ്പോകുന്നു" അയാൾ തിരിഞ്ഞുനോക്കി. ഉടൻ യുവതിയുടെ സമീപമെത്തിയ അരച്ചാൺ, "മ്പ" 'മ്പ" (പോത്തിനെ ആട്ടുന്ന ശബ്ദം) എന്നു ശബ്ദിച്ചു. യുവതി നമ്രശിരസ്കയായി. യുവാവു ക്രോധാരുണനേത്രനായി അവരോടു അടുക്കാൻ തുടങ്ങുമ്പോൾ കണ്ടതു ഒരുസൈന്യമെന്നവണ്ണം തന്നെ ചുററിനില്ക്കുന്ന വിദ്യാർത്ഥികളെയാണു്. അവരെല്ലാം ആർത്തുവിളിച്ചു. ഇതികർത്തവ്യമൂഢനായ അയാൾ കുറച്ചുകഴിഞ്ഞു തലകുനിച്ചു മുമ്പോട്ടു നടന്നുപോയി. കീചകനാകട്ടെ ഈ നടപടി അത്ര പിടിച്ചില്ല.

പിറേറദിവസം വിക്രമൻ വന്നുചേർന്നു. അന്നത്തെ ആൽത്തറമീററിംഗിൽ കീചകൻ തലേദിവസത്തെ സംഭവങ്ങൾ വിവരിച്ചു കേൾപ്പിച്ചു വിക്രമനു വിഡ്ഢിജിഹ്വൻെറയും അരച്ചാണൻെറയും പ്രവൃത്തി അശേഷം സമ്മതമായില്ല.

"നിങ്ങൾ പ്രവർത്തിച്ചതു വളരെ ചീത്തയായിപ്പോയി എൻെറ കൂട്ടുകാർ എന്ന നിലയ്ക്കു് ഇതു് എനിക്കും വളരെ കുറച്ചിലാണു്. ഞാൻ പറയുന്നതുപോലെ കേൾക്കുകയും എന്നോടാലോചിക്കാതെ ഒന്നും പ്രവർത്തിക്കാതിരിക്കയും ചെയ്യാൻ തയ്യാറുണ്ടെങ്കിൽമാത്രമേ ഞാൻ നിങ്ങളുടെ കൂട്ടത്തിലുള്ളു.

കീചകൻ—ഞാൻ തയ്യാറാണു്.

കാർക്കോടകൻ—ഞാനും.

വിഡ്ഢി—ഒരു വിഡ്ഢിത്തംപററി. ഇനി അങ്ങിനെ വരില്ല.

അരച്ചാൺ—വിക്രമൻ പറയുംപോലെ ഞാനും നടന്നോളാം.

വിക്രമൻ—കാർക്കോടകാ, ഇവരെക്കൊണ്ടു ആരു ഏത്തംവീതം ഇടീക്കു.

രണ്ടുപേരും ഒട്ടും മടിച്ചില്ല. കാക്കോടകൻ ഒന്ന്, രണ്ട്, എന്നു എണ്ണിത്തുടങ്ങി. കീചകൻ ചിരിച്ചു രസിച്ചുകൊണ്ടിരുന്നു. വിക്രമന്റെ മുഖം ഗംഭീരഭാവത്തിൽ തന്നെ

കുറേനേരം എല്ലാവരും നിശ്ശബ്ദരായിരുന്നതിശേഷം വിക്രമൻ പറഞ്ഞു.

"ഞാൻ കുറച്ചുദിവസമായി ഒരു കാര്യം ആലോചിക്കുന്നുണ്ട്. നമ്മുടെ കോലപ്പനില്ലേ, പോലീസ് ഇൻസ്പെക്ടരുടെ മകൻ. അവന്റെ തണ്ടൊന്നു കുറയ്ക്കാൻ ഇൻസ്പെക്ടരാണെന്നാണു അവന്റെ ഭാവം."

വിസ്ഥിജചിഫചൻ—സൂപ്രണ്ടു ആണെന്നാ ഭാവം.

അരച്ചാൺ—അവനു രണ്ടു കൊടുത്താലെന്താ.

വിക്രമൻ—വിസ്ഥിജചിഫചന്റെ നാക്കും അരച്ചാന്റെ കയ്യും അവിവേകികളാണു്. ഇനിയും ഇടയ്ക്കുകയറി പറയരുതു്. ഇന്നു അവന്റെ ചെറുവിരലിൽ ഒരു കല്ലുവച്ച മോതിരം കണ്ടില്ലേ. അവന്റെ അച്ഛൻ പുതിയതായി പണിയിച്ചുകൊടുത്തതാണതു്. അതുംകൊണ്ടു അവൻ എന്റെ അടുക്കൽ വന്നു "വിക്രമൻ കണ്ടോ മോതിരം, വിക്രമനുണ്ടോ മോതിരം" എന്നു ചോദിച്ചു. നോക്കട്ടെ എന്നു പറഞ്ഞു ഞാനതു വാങ്ങി മുററത്തേയ്ക്കൊരേറുകൊടുത്തു. അവൻ ഹെഡ്മാസ്റ്ററുടെഅടുക്കൽ കേസു കൊടുത്തു. സാർ എന്നെ വിളിച്ചു ചോദിച്ചപ്പോൾ ഉണ്ടായ സംഗതികൾ ഞാൻ വിവരിച്ചു. അദ്ദേഹം ചിരിച്ചുംകൊണ്ടു രണ്ടുപേരോടും പൊയ്ക്കൊള്ളാൻ പറഞ്ഞു.

അരച്ചാൺ—കോലപ്പന്റെ ചെറുവിരൽ ഇന്നു് ആകാശംനോക്കിയായിരുന്നു.

വിഢി—അവന്റെ ഞെളിഞ്ഞുപിരിഞ്ഞുള്ള നടപ്പും വയ്ക്കത്തെ ഗംഗാധരന്റെ തലയെടുപ്പും ഢിണ്ടിക്കൽ ജംനകിയുടെ കഴുത്തുവെട്ടിക്കലും......

എല്ലാവരും ചിരിച്ചു. വിക്രമനും ചിരിച്ചു.

വിക്രമൻ—വിസ്ഥിജചിഫചൻ പറഞ്ഞതു നേരാണു്. അവനോടു എനിക്കു അസൂയയുണ്ടായിട്ടു പറയുകയല്ല. തണ്ടു കുറച്ചുവിടേണ്ടതു നമ്മുടെ ധർമ്മമാണു്. അടുത്ത ദിവസംമുതൽ ഓരോഭാഗം ഓരോരുത്തർ അഭിനയിച്ചുകൊള്ളിൻ.

എല്ലാവരും 'ഹ, ഹ ഹ'എന്നൊക്കെ ചിരിച്ചാർത്തു

കീചകൻ ഞാൻ ചെറുവിരൽ പൊക്കിപ്പിടിക്കാം.

കാക്കോടകൻ - ഞാൻ തല പൊക്കിപ്പിടിക്കാം.

അരച്ചാൺ—ഞാൻ അതുപോലെ നടക്കാം.

വിസ്ഥിജചിഫചൻ—ഞാൻ കഴുത്തു വെട്ടിക്കാം.

അനന്തരം അവർ ഒരു നീന്തൽമത്സരത്തിനൊരുങ്ങി.

III

മുൻ നിശ്ചയപ്രകാരം പിറേറദിവസംമുതൽ വീയപുരംസ്കൂളിൽ കോലപ്പനെ അഭിനയിക്കാൻതുടങ്ങി. എത്ര ഹൃദയംഗമങ്ങളായിരുന്നു അവരുടെ നാട്യങ്ങൾ. ഭാവിയിലെ കലാവിലാസിനിസഭയിലെ അംഗങ്ങളാവാൻ അതിയോഗ്യർതന്നെ. കോലപ്പനാകട്ടെ ഇതിൽപരം വിഡ്ഢിയാകാനില്ല. ഹെഡ്മാസ്റ്ററുടെ അടുക്കൽ പരാതി പറഞ്ഞു. 'അദ്ദേഹം ആകട്ടെ, ചോദിക്കാം' എന്നു മാത്രം മന്ദസ്മിതവദനനായി മറുപടിപറഞ്ഞതേയുള്ളു ആരോടും ഒന്നും ചോദിക്കാത്തതുകൊണ്ടു മൗനാനുവാദമെന്നു വിദ്യാർത്ഥികളും ധരിച്ചു. കുട്ടികളുടെ കൂട്ടത്തിൽ പലരും അവരുടെ അഭിനയം പകർത്തി നടത്തി. ഒടുവിൽ കോലപ്പൻ പോലീസ് ഇൻസ്പെക്ടരോടു പരാതി പറഞ്ഞു.

ഇൻ: കോരപ്പൻ ഹെഡ്മാസ്റ്റർ, അവനൊന്നും ചോദിച്ചില്ലേ?

കോലപ്പൻ അയാൾ വിക്രമന്റെ ഭാഗത്താണു്. മോതിരം കളഞ്ഞതു പറഞ്ഞിട്ടും അനക്കമില്ല.

കോരപ്പൻ—എന്നാൽ ആ പോക്കിരിയോടു ഞാൻ ചോദിക്കാം.

ഇൻസ്പെക്ടർ ദേഷ്യപ്പെട്ടാൽ ആരേയും വിളിക്കുന്നതു് പോക്കിരിയെന്നാണു്. അതു നാട്ടിൽ പ്രസിദ്ധമായ ഒരുസംഗതിയാണു്. വിദ്യാഭ്യാസവും വിവേകവും കുറഞ്ഞയാളും കാൺസ്റ്റബിൾ മൂത്തു ഇൻസ്പെക്ടരായ "ദേഹ"വുമാണു്.

അടുത്തദിവസം ആൽത്തറമീററിംഗുകാരും വേറെ രണ്ടുമൂന്നു വിദ്യാർത്ഥികളുംകൂടി വിദ്യാർത്ഥി സംഘം കഴിഞ്ഞു വരുന്നവഴി ഇൻസ്പെക്ടർ എവിടെനിന്നോ അവരുടെ എതിരേവന്നു. വിക്രമനെ കണ്ടയുടൻ അവിടെ നിന്നു ക്രുദ്ധേക്ഷണനായി 'എടാ പോക്കിരി!' എന്നട്ടഹസിച്ചു. അപ്പോഴത്തേക്കും മററു കുട്ടികളും ചേർന്നുനിന്നു. വിക്രമൻ പറഞ്ഞു.

"സർ, നിങ്ങൾ ഒരു പോക്കിരിപ്രിയനാണെന്നു എല്ലാവർക്കുമറിയാം എന്താണു മിസ്റ്റർ പ്രിയപ്പോക്കിരി."

ഇൻസ്പെക്ടർ മീശപിരിച്ചുകൊണ്ടു് 'ഛട്! എന്തുപറഞ്ഞു.'

വിക്രമൻ ഇല്ലാത്തമീശ പിരിക്കുന്നു. ഇൻസ്പെക്ടർക്കു കലികേറി

"എന്തെടാ പോ നീ പിരിക്കുന്നതു്."

വിക്രമൻ—വരാൻപോകുന്ന മീശയെ. അതു് നിങ്ങളുടേതിലും ഉഗ്രമായിരിക്കും.

ഇൻ ഹടി, റാസ്കൽ.

വിക്രമൻ—പിള്ളേരെ, സാർ പറഞ്ഞു തരുന്നതു പഠിച്ചോളിൻ.

ഉടൻ "റാസ്കൽ, റാസ്കൽ" എന്ന വിളി മുഴങ്ങി. അപ്പോൾ "ആദ്യം പറഞ്ഞതും കേൾക്കട്ടെ" എന്നായി വിക്രമൻ. "പോക്കിരി" എന്ന വിളിയും സർവ്വത്ര കേൾക്കായി. ഇൻസ്പെക്ടർ ക്രോധം സഹിക്കവയ്യാതെ വിക്രമനെ അടിക്കാൻ ഒരുങ്ങുന്നു. അവൻ കൂസൽകൂടാതെ കൈനീട്ടിക്കൊണ്ടു ഇടിവെട്ടുംവണ്ണം പറഞ്ഞു

"നിങ്ങളുടെ രണ്ടു കൈയിനു ഒന്നര കൈയ് എന്റെ അടുക്കൽതന്നെയുണ്ടു്. ബാക്കി അരക്കയ്യിനു് അരച്ചാണും വിഢിജിഫചനും മതി. (ധാരാളംമതിയെന്നു അവർ ഒരുമിച്ചു പറഞ്ഞു-) അടി തുടങ്ങിയാൽ ബാക്കിയെല്ലാം നിങ്ങൾക്കു ലാഭമാകും." തുടങ്ങാം.

ഓങ്ങിയ കൈ പിൻവലിച്ചു 'നോക്കിക്കോടാ നീ' എന്നു ഗർജ്ജിച്ചുകൊണ്ടു ഇൻസ്പെക്ടർ നേരെപോയി.

IV

അടുത്തദിവസം സ്കൂളിൽവച്ചു കോലപ്പന്റെ കല്ലുവച്ച മോതിരം കാണാതെ പോയി അവൻ വിഷണ്ണവദനനായി ഹെഡ്മാസ്റ്ററുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. മോതിരം പോയവഴി ഏതാണെന്നു അദ്ദേഹം അനുമിച്ചെങ്കിലും കോലപ്പനോടു ചോദിച്ചു.

"നിങ്ങൾക്കു വല്ലവരേയും സംശയമുണ്ടോ, ഉണ്ടെങ്കിൽ അതിനു കാരണവും പറയണം"

കോലപ്പൻ—വിക്രമനറിയാതെ പോകയില്ല നിശ്ചയംതന്നെ മോതിരം വലിച്ചെറിഞ്ഞകേസ്സു സാറിനോടു പറഞ്ഞിട്ടു് അയാളെ അനുമോദിക്കയാണു ചെയ്തതു്. കൂട്ടുകാരൊന്നിച്ചു എന്നെ പരിഹസിച്ചകാര്യം പറഞ്ഞിട്ടും സാറിനു ഒരിളക്കവുമില്ല. സാറിന്റെ മൌനം അയാൾക്കു വളമായി. എന്തുപ്രവർത്തിച്ചാലും ചോദിക്കാനാളില്ല. ഇതിലും സാർ അനുകൂലിക്കയാണെങ്കിൽ ഞാൻ വേറെവഴിനോക്കും.

ഹെഡ്മാസ്റ്റർ—പ്രസംഗം കുറച്ചധികമായി. ഏതായാലും ഈ കേസ്സു ഞാൻ നല്ലവണ്ണം അന്വേഷിക്കാമെന്നു വച്ചിട്ടുണ്ടു്.

വിക്രമനെ പ്രൈവറുമുറയിൽ വിളിച്ചു വരുത്തി ഹെഡ്മാസ്റ്റർ ചോദിക്കുന്നു.

"വിക്രമാ! തന്റെ സാമർത്ഥ്യം അതിരുകവിഞ്ഞുപോയിരിക്കുന്നു ഇതിനുമുൻപു ഞാൻ ഉദാസീനനായിരുന്നതിനാൽ ഇപ്പോൾ കളവുചെയ്യാനും മടിക്കാതായി ഇത്തവണ തന്നെ ശരിയായ വിധം ശിക്ഷിക്കും. കോലപ്പന്റെ മോതിരം എവിടെവച്ചിരിക്കുന്നു.

വിക്രമൻ—അതു് അയാൾക്കുതന്നെ അറിയാംസാർ. മോഷണവും ഞാനുമായി ഇഹപരലോകങ്ങൾതമ്മിലുള്ള അടുപ്പമേയുള്ളു. നീചത്തരത്തിന്റെ കുത്തക ഇൻസ്പെക്ടരും മകനുംകൂടി പിടിച്ചിരിക്കയാണല്ലൊ.

ഹെഡ്മാസ്റ്റർ—മതി സംസാരം നിർത്തുക. മോതിരം താൻ എടുത്തിട്ടുണ്ടെന്നാണു് എന്റെയും വിശ്വാസം.

വിക്രമൻ—എപ്പോഴാണു സാർ

ഹെഡ്മാസ്റ്റർ—ആഹാ, ഇങ്ങോട്ടു ക്രാസ്സുതുടങ്ങിയോ? ഈ കേസിന്റെ ഗൌരവം വിക്രമനറിഞ്ഞുകൂടാ. മോതിരം എന്നെ ഏൽപ്പിച്ചാൽ തനിക്കു ദോഷംകൂടാതെ കേസു ഒതുക്കാം. പിന്നെ പറഞ്ഞതുകൊണ്ടു വിശേഷമില്ല

വിക്രമൻ – ഞാൻ എടുത്തിട്ടില്ല.

ഹെഡ്മാസ്റ്റർ നാലുമണിവരെ അവധിതരുന്നു. അതിനകം ശരിയായ സമാധാനം തരണം. ഇപ്പോൾ പോകാം.

ഉച്ചതിരിഞ്ഞു് ഒരു കാൺസ്റ്റബിൾവന്നു ഇൻസ്പെക്ടരുടെ ഒരെഴുത്തു ഹെഡ്മാസ്റ്റർക്കുകൊടുത്തു. അതിൽ മോതിരം വിക്രമനാണെടുത്തതെന്നു താൻ വിശ്വസിക്കുന്നുണ്ടെന്നും ഉടൻ സമാധാനമുണ്ടാക്കാത്തപക്ഷം താൻ നേരിട്ടു ഇക്കാര്യത്തിൽ പ്രവേശിക്കുന്നതാണെന്നും എഴുതിയിരുന്നു. ഹെഡ്മാസ്റ്റർ വിക്രമനെവിളിച്ചു് എഴുത്തുകാണിച്ചു. അയാൾ അതുനോക്കിയിട്ടുപറഞ്ഞു:

(ശേഷം പതിനെട്ടാംപുറം)

കൊട്ടാരക്കരത്തമ്പുരാനും കഥകളിയും.

കെ. പി. എസ്സ്. കണിയാർ—ഏനാനല്ലൂർ

പണ്ഡിതന്മാൎക്കു ആലോചിച്ചു രസിക്കുന്നതിനും, പാമരന്മാൎക്കു കണ്ടു രസിക്കുന്നതിനും, ഒരേസമയത്തു് ഉപകരിക്കുന്ന ഒരു ദൃശ്യകാവ്യമത്രേ കഥകളി. അനന്തരകാലങ്ങളിൽ ഒട്ടേറെ ജനങ്ങളുടെ ഉപജീവനമാൎഗ്ഗമായിത്തീൎന്നിട്ടുള്ള ഈ ദൃശ്യകലയുടെ ജനയിതാവു് "കൊട്ടാരക്കരത്തമ്പുരാൻ"എന്നു പ്രസിദ്ധനായ ഒരു പണ്ഡിതശിരോമണിയാകുന്നു.

ഈ മഹാനുഭാവന്റെ ജീവിതകാലം കൊല്ലവൎഷം 800-നും, 850-നും മദ്ധ്യേ എന്നും, 700-നും, 800-നും മദ്ധ്യേ എന്നും രണ്ടുപക്ഷമുണ്ടു്. ഇതിൽ ആദ്യത്തെ അഭിപ്രായം അടിസ്ഥാനരഹിതമെന്നു് സയുക്തികം തെളിയിക്കാം.

"പ്രാപ്താനന്തധനശ്രിയഃപ്രിയതമഃ
ശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവരവീരകേരളവിഭോ
രാജ്ഞെസ്സ്വസുസ്സൂനുനാ
ശിഷ്യേണ പ്രവണേന ശങ്കരകവേ
രാമായണം വൎണ്ണ്യതേ
കാരുണ്യേന കഥാഗുണേന കവയഃ
കുൎവ്വന്തു തൽകൎണ്ണയോഃ"

എന്നുള്ള അദ്ദേഹത്തിന്റെ ആട്ടക്കഥയിലെ ആദ്യശ്ലോകംകൊണ്ടു് അദ്ദേഹം രോഹിണീനാളിൽ ജനിച്ച 'വീരകേരള'വഞ്ചിരാജാവിന്റെ സഹോദരീപുത്രനെന്നും അദ്ദേഹത്തിന്റെ ഗുരു ശങ്കരകവിയെന്നും നിശ്ചയിക്കാം.

പൂൎവ്വകാലംമുതൽക്കേ കൊട്ടാരക്കരരാജവംശത്തിനു, വഞ്ചിരാജവംശത്തോടു വിദൂരസംബന്ധം ഉണ്ടായിരുന്നു. അവർ പണ്ടു്, ചെങ്കോട്ട, ക്ലാങ്ങാട്ടു്, കൎക്കടി ഈ ദേശങ്ങളും, നെടുമങ്ങാട്ടു്, കൊട്ടാരക്കര, പത്തനാപുരം ഈ താലൂക്കുകളും ഉൾപ്പെട്ട "ഇളയിടത്തുസ്വരൂപ"ത്തിൽ ചേൎന്നവരത്രേ! കൊല്ലവൎഷം 619 വരേയും ഈ രാജാക്കന്മാരുടെ രാജധാനി "വള്ളിയൂർ"എന്ന പട്ടണമായിരുന്നു കൊല്ലവൎഷം 557-മുതൽ, 619 വരെ വേണാടിനെ ഭരിച്ചിരുന്ന "ചേരഉദയമാൎത്താണ്ഡവൎമ്മ"മഹാരാജാവിന്റെ കാലത്തു് "ഭദ്രാപുരം" രാജാവും, വള്ളിയൂർ, (ഇളയിടത്തുസ്വരൂപം) രാജാവും തമ്മിൽ ഒരു യുദ്ധമുണ്ടാവുകയും, യുദ്ധത്തിൽ വള്ളിയൂർ രാജാവു് വീരസ്വൎഗ്ഗം പ്രാപിക്കുകയും ചെയ്തതിനാൽ അദ്ദേഹത്തിന്റെ ശേഷക്കാർ, തങ്ങളുടെ ബന്ധുവായ ചേരഉദയമാൎത്താണ്ഡവൎമ്മമഹാരാജാവിനെ അഭയംപ്രാപിച്ചു മഹാരാജാവു് അവരെ കൊട്ടാരക്കരെ താമസിപ്പിച്ചു. ഇതു കൊല്ലവൎഷം 619-ലത്രേ ഈ സംഭവത്തിനു ശേഷമാണു് അവരെ "കൊട്ടാരക്കരത്തമ്പുരാക്കന്മാർ" എന്നു വിളിച്ചുവരുന്നതു്.

"വീരകേരളവൎമ്മൻ" എന്നു പേരുള്ള വഞ്ചിരാജാവിന്റെ കാലത്താണു് കൊട്ടാരക്കരത്തമ്പുരാൻ കഥകളി ഉണ്ടാക്കിയതെന്നും അതു് ചേരഉദയമാൎത്താണ്ഡവൎമ്മാവിനു ശേഷമാണെന്നും ഇത്രയുംകൊണ്ടു സ്പഷ്ടമായല്ലൊ. ചേരഉദയമാൎത്താണ്ഡവൎമ്മാവിന്റെ കാലശേഷം, 738 നും, 750 നും മദ്ധ്യേ ഒരു കേരളവൎമ്മാവു് വഞ്ചിരാജ്യം ഭരിച്ചിരുന്നതായി കാണുന്നു. അതുകൊണ്ടു് ആട്ടക്കഥ ഉണ്ടാക്കിയതു് അദ്ദേഹത്തിന്റെ കാലത്തു ജീവിച്ചിരുന്ന ഒരു കൊട്ടാരക്കരത്തമ്പുരാനാണെന്നു് അനുമാനിക്കുന്നതിൽ അബദ്ധമില്ലതന്നെ. ഈ കൊട്ടാരക്കരത്തമ്പുരാനും ഒരു "കേരളവൎമ്മാവു്"തന്നെ ആയിരുന്നു. ഇത്രയുംകൊണ്ടു് തമ്പുരാന്റെ ജീവിതകാലം 700-നും, 800-നും മദ്ധ്യേ എന്നു് ഏറെക്കുറെ തീൎച്ചപ്പെടുത്താവുന്നതാണല്ലൊ

കേരളത്തിൽ 'തുള്ളൽ" പ്രസ്ഥാനം ഉണ്ടാകുന്നതിനു മുമ്പേ "ചാക്യാർകൂത്തു"നടപ്പുണ്ടായിരുന്നതുപോലെ, കഥകളി ഉണ്ടാകുന്നതിനു മുമ്പേ "കൃഷ്ണനാട്ടം" നടപ്പുണ്ടായിരുന്നു. തുള്ളൽക്കഥയുണ്ടാക്കുന്നതിനു് "നമ്പ്യാരാശാ"നെ പ്രേരിപ്പിച്ചതു ഒരു ചാക്യാരും തന്നിമിത്തം ചാക്യാർകൂത്തും ആണെന്നു പറയാവുന്നതുപോലെ കഥകളി ഉണ്ടാകുന്നതിനു് തമ്പുരാനെ പ്രേരിപ്പിച്ചതു് കൃഷ്ണനാട്ടകൎത്താവും തന്നിമിത്തം കൃഷ്ണനാട്ടവും ആണെന്നു പറയാവുന്നതാണു്. ഇതെങ്ങനെയെന്നു വിശദമാക്കാം.

കൊല്ലവൎഷം 350-നും, 440-നും മദ്ധ്യേ കോഴിക്കോടിനെ ഭരിച്ചിരുന്ന പ്രസിദ്ധനായ "മാനദേവൻ"രാജാവിന്റെ സഹചരനായിരുന്ന "വില്വമംഗലത്തുസ്വാമിയാർ" ഒരിക്കൽ മാനദേവൻ രാജാവിന്റെ അപേക്ഷപ്രകാരം, ഭഗവാൻ ഉണ്ണിക്കൃഷ്ണനെ കാണിച്ചുകൊടുത്തുവെന്നും, അപ്പോൾ ഭഗവാന്റെ തിരുമുടിയിൽ നിന്നും ഒരു മയിൽപീലി രാജാവിനു കിട്ടിയെന്നും, പരമഭക്തനായിരുന്ന രാജാവു് ആ മയിൽപീലി ചേൎത്തു കൃഷ്ണന്റെ കിരീടവും, വേറേ ആട്ടക്കോപ്പുകളും നിൎമ്മിക്കുകയും, കൃഷ്ണാവതാരംമുതൽ സ്വൎഗ്ഗാരോഹണം വരെയുള്ള കഥ സംസ്കൃതത്തിൽ എഴുതുകയും ചെയ്തുവെന്നും മററുമുള്ള ഐതിഹ്യമാണല്ലോ കൃഷ്ണനാട്ടത്തിന്റെ ഉത്ഭവകാരണമായി പറഞ്ഞുവരുന്നതു്. ഈ ഐതിഹ്യത്തിന്റെ യാഥാൎത്ഥ്യം എങ്ങനെയിരുന്നാലും, കൃഷ്ണനാട്ടത്തിന്റെ ഉത്ഭവത്തിനു കാരണഭൂതൻ കോഴിക്കോട്ടുരാജാവാണെന്നുള്ളതു തൎക്കമററ സംഗതിയാകുന്നു.

ഒരിക്കൽ, കൊട്ടാരക്കര രാജകുടുംബത്തിൽ ഒരടിയന്തിരത്തിനു തക്കവണ്ണം ആടുവാൻ, കേരളവൎമ്മരാജാവു്, അന്നു കോഴിക്കോട്ടു ഭരിച്ചിരുന്ന സാമൂതിരിമഹാരാജാവിനു്, കൃഷ്ണനാട്ടക്കാരെ അയച്ചുതരുവാൻ എഴുതിഅയച്ചു. എന്നാൽ സാമൂതിരിരാജാവു തമ്പുരാനയച്ച മറുപടി—"തെക്കൻദിക്കുകളിൽ കൃഷ്ണനാട്ടത്തിന്റെ രസം അനുഭവിക്കുവാൻ തക്കവണ്ണം വിദ്വാന്മാരില്ലായ്കയാൽ കൃഷ്ണനാട്ടക്കാരെ അയയ്ക്കുന്നില്ല" എന്നായിരുന്നു. ഈ ആക്ഷേപസൂചകമായ മറുപടി വിദ്വാനായ തമ്പുരാനെ അല്പമൊന്നു ചൊടിപ്പിച്ചു എന്നു പറയേണ്ടതില്ലല്ലൊ. ഇതിന്റെ ഫലമായി ഉത്തരകേരളത്തിൽ കൃഷ്ണനാട്ടത്തിനു പകരം, ദക്ഷിണകേരളത്തിൽ "രാമനാട്ട"മുണ്ടാക്കണമെന്നു് തമ്പുരാൻ നിശ്ചയിക്കുകയും, രാമായണകഥയെ എട്ടുകഥകളായിത്തിരിച്ചു് എട്ടു "രാമനാട്ടകഥകളെ അദ്ദേഹം നിൎമ്മിക്കുകയും ചെയ്തു ഇപ്രകാരമുണ്ടായ രാമനാട്ടമാണു് നാം ഇന്നു കാണുന്ന കഥകളി.

തമ്പുരാന്റെ എട്ടുകഥകൾ 1) പുത്രകാമേഷ്ടി 2) സീതാസ്വയംവരം 3) വിച്ഛിന്നാഭിഷേകം 4) ഖരവധം 5) ബാലിവധം 6) തോരണയുദ്ധം 7) സേതുബന്ധനം 8) യുദ്ധം എന്നിവയാകുന്നു. ശ്ലോകം, പദം എന്നീ ക്രമത്തിൽതന്നെയാണു് ആധുനികകവികൾക്കു് — ആട്ടക്കഥകളെ സംബന്ധിച്ചിടത്തോളം—ഒരു മാൎഗ്ഗദൎശിയായ തമ്പുരാനും തന്റെ കവിതകളെ നിബന്ധിച്ചിരിക്കുന്നതു്. ശ്ലോകങ്ങളിൽ അപൂൎവ്വം ചിലതു സംസ്കൃതത്തിൽ ഉണ്ടെങ്കിലും അധികവും മണിപ്രവാളംതന്നെ. പദങ്ങൾ ഗാനരീതിക്കു തക്കതായ മാത്രാഭേദങ്ങളോടുകൂടി രചിച്ചിരിക്കുന്ന ശുദ്ധമണിപ്രവാളരീതിതന്നെ. ഉദാഹരണത്തിനു വിശ്വാമിത്രൻ, ദശരഥനോടു യാഗരക്ഷണാൎത്ഥം ശ്രീരാമലക്ഷ്മണന്മാരെ, അയയ്ക്കണമെന്നു പറയുന്ന ഭാഗം താഴെ ഉദ്ധരിക്കാം—

(പദം)

"ധരണീന്ദ്ര! ചൊല്ലുവനഭിലാഷമതു-
തരുമെന്നു ദൃഢമായിച്ചൊല്ലിയല്ലൊ
ചെയ്വതായിട്ടൊരു യാഗം ചെയ്തിനായങ്ങു
തരസാ കോപ്പുകൾകൂട്ടി ഇങ്ങു വന്നു ഞാൻ"

(ശ്ലോകം)

"ഏവംമുനീന്ദ്രനരുൾചെയ്തതുകേട്ടു,ഭൂപൻ
താവന്മനാജ്ഞശിശുപുത്രവിയോഗഭീത്യാ
സാവേദനം മുനിയെയുള്ളഭയത്തിനാലും
ഏവം പരിപ്ലവമതിർനിജഗാദരാജാ."

ഇവയിൽ കവിതാഗുണം അത്ര അശ്ചൎയ്യപ്പെടത്തക്കവിധത്തിൽ ഒന്നുമില്ല. ഒരു വശ്യവചസ്സായ കവിയുടെ വചോവിലാസമോ, ഒരു നിരീക്ഷണപടുവിന്റെ നിരീക്ഷണപാടവമോ, സംസ്കാരപരിശുദ്ധമായ ഒരു വിശാലഹൃദയത്തിൽനിന്നും അനൎഗ്ഗളം പ്രവഹിക്കുന്ന ദിവ്യാശയസ്ഫുരണമോ, മററു കവിധൎമ്മമൎമ്മജ്ഞതാവിലാസമോ തമ്പുരാന്റെ കവിതകളിൽ മിക്കവാറും ശൂന്യംതന്നെ. എങ്കിലും കഥകളിപ്രസ്ഥാനത്തിന്റെ ജനയിതാവെന്നനിലയിൽ ഈ തിരുമേനിക്കു സിദ്ധിച്ചിട്ടുള്ള ഖ്യാതി മലയാളഭാഷ ഉള്ളിടത്തോളം കാലം നിലനില്ക്കുകതന്നെ ചെയ്യും.

ഇപ്രകാരം കഥകളിപ്രസ്ഥാനത്തെ മലയാളഭാഷയിൽ അവതരിപ്പിച്ചതിനുശേഷം അദ്ദേഹം ഒരു സംഘക്കാരെ പഠിപ്പിക്കുകയും, കൊട്ടാരക്കര ഗണപതിക്ഷേത്രസന്നിധിയിൽവച്ചു് "അരങ്ങേററം" കഴിക്കുകയും ചെയ്തു. എന്നാൽ ഇന്നു കാണുന്നപോലു

ള്ള കുപ്പായവും കിരീടവും അന്നില്ലായിരുന്നു. അതിനു പകരം, "കണിയാന്മാർ" കേരളത്തിൽ പുരാതനമായി കോലംകെട്ടിത്തുള്ളുന്ന പതിവിനെ അനുകരിച്ച്, പാളയിൽ കരികൊണ്ടു കോലമെഴുതി തലയിൽ ധരിച്ചുവന്നു. കുപ്പായമേ അന്നില്ലായിരുന്നു. പാട്ടുകൾ അരങ്ങത്തുവച്ച് ആട്ടക്കാർതന്നെയാണു പാടിവന്നതു്. മദ്ദളം, ചെണ്ട മുതലായ വാദ്യവിശേഷങ്ങൾ അന്നു് ഉപയോഗിക്കപതിവില്ലായിരുന്നു. ഈ വിധത്തിലുള്ള ഒരു വേഷസ്വീകരണം കണിയാന്മാരുടെ കോലംതുള്ളലിന്റെ ഏറക്കുറെയുള്ള ഒരനുകരണമാകയാൽ വേഷസ്വീകരണവിഷയത്തിൽ, രാമനാട്ടം (കഥകളി) കണിയാന്മാരോടു കടപ്പെട്ടിട്ടുണ്ടെന്നു ഭംഗ്യന്തരേണ പ്രസ്താവിക്കാവുന്നതാണു്.

അനന്തരം "വടക്കെവെട്ടത്തു നാട്ടുരാജാവു്" അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ രാമനാട്ടം നടപ്പാക്കി. പാളധരിക്കുന്ന സമ്പ്രദായം നിറുത്തി, കിരീടം ഉപയോഗിക്കണമെന്നും, മുഖത്തു മനയോല തേയ്ക്കണമെന്നും, കുപ്പായം ഉപയോഗിക്കണമെന്നും, അദ്ദേഹം ഏർപ്പാടുചെയ്തു. ആട്ടക്കാർതന്നെ പാട്ടുപാടിവന്നതിനാൽ കലാശം ചവിട്ടുമ്പോൾ അവർ വളരെ ക്ഷീണിച്ചുപോകുന്നതായിക്കണ്ടു് പാട്ടുപാടുന്നതിനു് പ്രത്യേകം ആളുകളെ നിയമിക്കുകയും ചെണ്ട, മദ്ദളം മുതലായ വാദ്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ വെട്ടത്തുതമ്പുരാൻ പരിഷ്കരിച്ച ഈ സമ്പ്രദായത്തെയാണു് "വെട്ടത്തുസമ്പ്രദായം" എന്നു പറഞ്ഞുവരുന്നതു്.

പിൽക്കാലത്തു ഇന്നു നാം കാണുന്ന രീതിയിൽ കഥകളിയെ പരിഷ്കരിച്ചതു്, "കപ്ലിങ്ങാട്ടു്" എന്നും "കല്ലടിക്കോട്ടു്" എന്നും രണ്ടു നമ്പൂതിരിമാർ ആയിരുന്നു. "കപ്ലിങ്ങാട്ടു" നമ്പൂതിരി കുപ്പായത്തിനു ആകൃതിഭേദം വരുത്തുകയും തലമുടിയും, കച്ചയും നടപ്പാക്കുകയും, അരിമാവും ചുണ്ണാമ്പും കൊണ്ടു "ചുട്ടി" കുത്തുന്ന സമ്പ്രദായം ഏർപ്പെടുത്തുകയും തേപ്പിലും കയ്യാട്ടത്തിലും കലാശത്തിലും ചില ഭേദഗതികൾ വരുത്തുകയും "നിണ"മണിയുന്ന സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു.

ഇത്രയുംകൊണ്ടു് തൃപ്തിപ്പെടാതെ ഇദ്ദേഹത്തിന്റെ സഹജീവി ആയിരുന്ന "കല്ലടിക്കോട്ടു" നമ്പൂതിരി, കലാശത്തിലും കൈകളിലും ചില പരിഷ്കാരങ്ങൾ വരുത്തി. കപ്ലിങ്ങാട്ടുസമ്പ്രദായപ്രകാരം ഒരു പദത്തിനു രണ്ടുപ്രാവശ്യം കൈകൾ കാണിക്കേണ്ടിയിരുന്നു. കല്ലടിക്കോട്ടുനമ്പൂതിരി ആ രീതിയെ ഭേദപ്പെടുത്തി ഒരു പ്രാവശ്യം മതിയെന്നു വ്യവസ്ഥചെയ്തു. കൂടാതെ അപ്രധാനങ്ങളായ ചില പരിഷ്കാരങ്ങൾകൂടി അദ്ദേഹം നടപ്പിൽ വരുത്തിയപ്പോൾ കഥകളിയുടെ പരിഷ്കാരം പൂർണ്ണമായി. ഈ രീതി തന്നെയാണു ഇന്നും നടപ്പിലിരിക്കുന്നതു്.

ചില സംഗതിവശാൽ ഇടക്കാലത്തു് കഥകളിക്കു് അല്പം ഇടിവുതട്ടിയിട്ടുണ്ടെങ്കിലും പൂർവ്വകാലത്തു, ഈ ദൃശ്യകലയെ ജനങ്ങൾ ഏതുവിധത്തിൽ കൊണ്ടാടിയിരുന്നുവെന്നു് ചരിത്രം അറിയാവുന്നവരോടു് പറഞ്ഞറിയിക്കേണ്ട ആവശ്യം ഇല്ലതന്നെ. എന്നാൽ ഇപ്പോൾ ജനങ്ങൾ കഥകളിയുടെ മാഹാത്മ്യത്തെ അറിഞ്ഞുതുടങ്ങിയിരിക്കുന്നു. ഇന്നു മലയാളഭാഷയ്ക്കു, "മിസ്റ്ററിസി സ്"ത്തേക്കാൾ അവശ്യം വേണ്ടതു് പ്രാചീനകലകളുടെ ഉദ്ധാരണമാണെന്നു്, ഭാഷാഭിമാനികളായ സഹൃദയന്മാരോടു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലെന്നു വിശ്വസിക്കുന്നു എന്നാൽ താദൃശമായ പ്രവൃത്തികളിൽ മനഃപൂർവ്വം ഏർപ്പെടുവാൻ തയാറുള്ള സഹൃദയന്മാർ മുമ്പോട്ടു വരാത്തതു് വ്യസനകരമായിരിക്കുന്നു കൈരളിയുടെ പ്രാചീനസമ്പത്തുകൾ സമുദ്ധൃതങ്ങളായി, ആ മഹതി പൂർവ്വാധികം ശോഭായമാനയായി വിലസട്ടെ എന്നു ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.



1934–നവംബർ 3-ാംനു- ആരംഭിച്ച രാഷ്ട്രഭാഷാവിശാരദപരീക്ഷയ്ക്കു് പാലക്കാട്ടുനിന്നു ചേർന്നിരുന്ന വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും. കസേരയിൽ നടുവിൽ ഇടതുവശം സി. ജെ ഗോപാലകൃഷ്ണൻ അവർകൾ (പ്രചാരക്) വലതു് ഹി. പ്രേ. മണ്ഡലം സിക്രട്ടറി വി. ദാമോദരൻനായർ അവർകൾ ബി. ഏ, ബി. എൽ. താഴെ ഇരിക്കുന്നതു് ശബരിയാശ്രമത്തിലെ ഒരു ഹരിജനവിദ്യാർത്ഥിയാണു്.

Photo Razalk Studio, Palghat.

"മലർമാത്ത്"

സി. വി. കുഞ്ഞുരാമൻ

അനുരാഗത്തിന്റെവിവിധവ്യാപാര
കഥകൾപാടുന്നകവിതകൾ
പലതുംവായിച്ചു,മനതാരങ്ങനെ-
യമൃതധാരയിൽ മുഴുകുമ്പോൾ;
കവിതയിൽകണ്ടകമനിമാരാരാൻ
ധരണിയിലെങ്ങാൻമരുവുകിൽ
മധുരസ്വപ്നത്തിലൊരുനാളെങ്കിലും
തരണേദർശനമിവനെന്നു
അധികമാർത്തിയോടകമേപ്രാർത്ഥിച്ചു
സുഖമായങ്ങനെയുറങ്ങുമ്പോൾ;
വരുന്നുമുന്നിലായൊരുവൾപുഞ്ചിരി-
പ്പൂനിലാവോടെൻനികടത്തിൽ;
കവിസങ്കല്പത്തെക്കവിയുമാറവൾ
കനിഞ്ഞുചോദിച്ചുകനിഞ്ഞുടൻ
"ഉറങ്ങുന്നോതങ്കം?എഴുന്നേല്ക്കുന്നില്ലേ?
മണിയാറായല്ലോ,സുഖമില്ലേ?"
ചുടുവീർപ്പോടൊരുമധുരസംഗീത
മാളിൽനിന്നെന്റെയധരത്തിൽ
പതിഞ്ഞുഞാൻപെട്ടെന്നുണർന്നമന്ദമായ്
പറഞ്ഞെവ്വളോടുപരമാർത്ഥം—
"ഭവതിയല്ലാതെയിവനെസ്നേഹിക്കാൻ
കമനിയാരുണ്ടുകവിതയിൽ?"

ഗ്രാമഫോൺ സമ്മാനം.

ചിത്രപ്രശ്നത്തിന്റെ ഉത്തരം.

വലത്തോട്ടു്.—(൧) സചിവൻ, (൪) കന്ദലത, (൭) രുധിരം, (൮) വശിതം (൯) മൂഗി, (൧൨) നളിനി, (൧൩) ഉർവ്വി, (൧൭) നേരു്, (൧൮) മാരാർ, (൨൦) രസന, (൨൨) മത്തകരി, (൨൩) വാനരൻ, (൨൪) നരൻ

കീഴ്പ്പോട്ടു്.—(൧) സരസിജം, (൨) ചികരം, (൩) വടു, (൫) തരംഗിണി, (൬) ശിശിരം, (൧൦) കാളിന്ദി, (൧൧) ശർവ്വരി, (൧൪) മനോരമ (൧൫) സംരാവം, (൧൬) ശമനൻ, (൧൯) കതിര, (൨൧) രമ, (൨൨) മന.

ഇതാണു് മാതൃഭൂമി ആഫീസിൽ ഏല്പിച്ച ഉത്തരം. ഈ ഉത്തരം കിട്ടിയ ആൾ ശ്രീമാൻ, കെ. വി. സുബ്രഹ്മണ്യയ്യർ (അസിസ്റ്റന്റു ടീച്ചർ ബോർഡ് ഹിന്ദുസ്കൂൾ ബാലിശ്ശേരി) മാത്രമാണു്. അതിനാൽ ൫൦ ക. വിലയ്ക്കുള്ള ഗ്രാമഫോൺ അദ്ദേഹത്തിനു അയച്ചുകൊടുക്കുന്നതാണു്. മെസ്സേഴ്സ് കെ. വി. കുഞ്ഞിരാമൻ ചെറുവ്വ, സി. നാരായണമേനോൻ, ഞാറയ്ക്കൽ എം. കെ. കുട്ടിവൈദ്യർ മൂവാറ്റുപുഴ ഇവർക്കു രണ്ടാംസമ്മാനമായ ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രവും ഏറ്റവും അധികം ഉത്തരം അയച്ചുതന്ന ശ്രീമാൻ ഇ. കേരൻ (കാരാച്ചിറ) അവർകൾക്കു ൬ ക. വിലയ്ക്കുള്ള പുസ്തകങ്ങളും മെസ്സേഴ്സ ടി. ജോൺ കരിങ്കണ്ട, ചാറയിൻകീഴിൽ, എം. കെ ദിവാകരൻ പുനലൂർ, എൻ. കുഞ്ഞിക്കുട്ടൻ മഞ്ചേരി ഇവർക്കു ഒന്നര രൂ. വിലയ്ക്കുള്ള പുസ്തകങ്ങളും മെസ്സേഴ്സ് ടി. ശംകുണ്ണിമേനോൻ, ജി. നാരായണപ്പണിക്കർ എം. എൻ. കുറുപ്പ് ജെ. ചെല്ലമ്മ ടി. രാമസ്വാമി, സി. കുഞ്ഞമ്മത് വി. എം. കുമാരൻ നായർ ശ്രീമതി വി. ലീലാവതി എന്നിവർക്കു ൧ ക. വിലയ്ക്കുള്ള പുസ്തകങ്ങളും ശ്രീമാൻ വള്ളത്തോൾ ഗോവിന്ദമേനോൻമുതൽ ൨൦൦ പേർക്കു ൪ ണ വിലയ്ക്കുള്ള പുസ്തകങ്ങളും അയച്ചുകൊടുക്കുന്നതാണു്. വിസ്തരഭയത്താൽ സമ്മാനാർഹന്മാരുടെ മുഴുവൻപേർ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നില്ല. അടുത്തുതന്നെ മറ്റൊരു ചിത്രപ്രശ്നം പ്രസിദ്ധപ്പെടുത്തുന്നതാണു്

മെസ്സേഴ്സ് കെ. പി. ദാമോദരൻബ്രദർസ
കോർട്ടുറോഡ്—തലശ്ശേരി.

പാചകകല:

എസ്സ്. എ. പിള്ള, കടയ്ക്കൽ.

രണ്ടാംഭാഗം (തുടച്ച്.)

(12) ഉരുളക്കിഴങ്ങുചുണ്ടൽ—ഇതിന്റെ തൊലിയിൽ രോഗങ്ങൾക്കു കാരണമാകത്തക്ക ഒരു ചെറിയ വിഷവീര്യമുണ്ടെന്നു കിഴങ്ങുവർഗ്ഗങ്ങളുടെ നിരൂപണഘട്ടത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ തോൽകളയാതെ ഈ കിഴങ്ങ് ഒരിക്കലും ഉപയോഗിച്ചുപോകരുത്. പുഴുങ്ങിയെടുത്താൽ നഷ്ടംകൂടാതെയും വേഗത്തിലും വൃത്തിയായും ഇതിന്റെ തൊലിയിളക്കിക്കളയാൻ സാധിക്കും. അപ്രകാരം തൊലിപോക്കി ഓരോ കിഴങ്ങും അതാതിന്റെ വലുപ്പം അനുസരിച്ച് രണ്ടോ നാലോ ആയി നുറുക്കിവച്ചുകൊള്ളണം. പിന്നീട് മസാല(ഇന്നതെല്ലാമെന്ന് അന്യത്ര ചേർത്തിരിക്കുന്നു)കൾ അരച്ചു ശുദ്ധജലത്തിൽ വളരെ കട്ടിയായി കലക്കി പാകത്തിന് ഉപ്പും ചേർത്തു അടുപ്പിൽവച്ചു തിളപ്പിച്ച് ഈ കഷണം ഇട്ടു വററിച്ച് മസാല കഷണത്തിൽ ശരിയായി പിടിച്ചശേഷം വാങ്ങിവയ്ക്കുക. നെയ്യിൽ കരിവേപ്പിലയും കടുകുംകൂടി കടുകുവറുത്ത് അതിൽ കഷണം തട്ടി ഉടഞ്ഞുപോകാതെ സാവധാനത്തിൽ ഇളക്കി നല്ലതുപോലെ മൊരിയിച്ച് എടുത്തുകൊള്ളണം ഇതു വളരെ ഗുണവും രുചിയും ഉള്ള ഒരു ചുണ്ടലാകുന്നു മസാലചേർക്കുന്നതിനോടുകൂടി അല്പം ഉഴുന്നുമാവൊ കടലമാവൊ അരിമാവൊ നേർമ്മയായി പൊടിച്ചുചേർക്കുന്നതു നല്ലതാകുന്നു പുളിരസം ആവശ്യമെന്നു കരുതുന്നവർ ആവശ്യമുള്ളിടത്തോളം ചെറുനാരങ്ങാനീരു പിഴിഞ്ഞുചേർത്തുകൊള്ളണം.

മസാലകൾ കൊല്ലമുളക്, നല്ലമുളക്, കൊത്തമല്ലി കറുവാപ്പട്ട, ജീരകം, ചുവന്നുള്ളി, തക്കോലപ്പുട്ടൽ, കരിവേപ്പില ഇവ എട്ടും ചേർത്താണ് സ്വാദുള്ള മസാല നിർമ്മിക്കുന്നത്. ഇതിൽ കറുവാപ്പട്ടയും തക്കോലപ്പുട്ടലും പെരുംജീരകവും സുഗന്ധത്തിനുവേണ്ടി മാത്രം ചേർക്കുന്നതാകയാൽ മാത്രയിൽ വളരെ കുറച്ചേ ചേർക്കേണ്ടതുള്ളു എന്ന് ഓർമ്മിക്കണം. ഇവയിൽ ഓരോന്നും, നെയ്യോ വെളിച്ചെണ്ണയോ പിരട്ടി പ്രത്യേകംപ്രത്യേകം മൂപ്പിച്ചു വറുത്ത് അരയ്ക്കണം. കൊത്തമല്ലിയുടെ ഉമി അശേഷം കാണാതെ നല്ല നേർമ്മയായി അരയാത്തപക്ഷം ഇതു ചേർക്കുന്ന കറികൾക്കു ശരിയായ സ്വാദുണ്ടായിരിക്കയില്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന ചുണ്ടലുകളേയും അതിന്റെ പാകരീതിയും ആസ്പദമാക്കി ഇനിയും അനേകതരം ചുണ്ടലുകൾ ശരിയായി പാകപ്പെടുത്താൻ കഴിയുന്നതാണ്.

പൊടിത്തുവൽ.

ചുണ്ടലിന്റെ പാകവിധത്തിൽനിന്നും ഇതിനു വലിയ വ്യത്യാസമുള്ളതായി തോന്നുന്നില്ല. ചുണ്ടൽ പാകപ്പെടുത്തിവച്ചുകൊണ്ടു ഇതിലേക്കു ഒരുമാതിരി പൊടി തയാറാക്കി അതിൽചേർക്കുന്നതുനിമിത്തം ചുണ്ടലിൽനിന്നും ഇതിനു അൽപവ്യത്യാസം കൽപിക്കാവുന്നതാകുന്നു. ഈ വാക്കുതന്നെ ആ അർത്ഥത്തെ മാത്രമാണല്ലൊ ദ്യോതിപ്പിക്കുന്നതു "പൊടിതൂവുക (വിതറുക) എന്നത്രെ പൊടിത്തുവൽകൊണ്ടു അനുമാനിക്കേണ്ടതു്. മസാലചേർത്തുണ്ടാക്കുന്ന ചുണ്ടലുകളിലും, കടല, പയർ, ഉഴുന്ന് മുതലായവയാൽ നിർമ്മിക്കപ്പെടുന്ന ചുണ്ടലുകളിലും ഈ പൊടി ചേർക്കുവാൻ പാടില്ലാത്തതുകൊണ്ടു അവയെ പൊടിത്തുവൽ ആക്കി പാകംചെയ്യാൻ നിവൃത്തിയില്ല. മെഴുക്കുപിരട്ടിക്കു കഷണംപാകമാക്കി (വേവിച്ച്) അതു മൂന്നു സമഭാഗമാക്കിയാൽ ഒന്നു മിഴുക്കുപിരട്ടിക്കും ഇനിയൊന്നു ചുണ്ടലിനും മൂന്നാമത്തെഭാഗം പൊടിത്തുവലിനും ഉപയോഗിക്കാവുന്നതാണ്". ഈ സൂത്രം പ്രയോഗിക്കണമെങ്കിൽ ഇതു മൂന്നിനുംപററുന്ന സാധനംകൊണ്ടുതന്നെ മിഴുക്കുപിരട്ടി ഉണ്ടാക്കണമെന്നു വരുന്നു സസ്യാദികൾ ഈ മൂന്നിനും ഉപയോഗിക്കത്തക്കതുതന്നെ തിരഞ്ഞെടുക്കണം മിഴുക്കുപിരട്ടിക്കു കൊള്ളാവുന്ന ചില സാധനങ്ങൾ ചുണ്ടലിനും അവ രണ്ടിനും ഉപയോഗിക്കാവുന്നവ പൊടിത്തുവലിനും യോഗ്യമല്ലാതിരിക്കും. അപ്രകാരമായാൽ ഈ തന്ത്രം പ്രയോഗത്തിൽവരുത്താൻ സാധിക്കയുമില്ല ഇപ്രകാരം നടകയ്യപ്പെടുത്തിക്കൊണ്ടാൽ ഒററ വെടിക്കു മൂന്നുപക്ഷികൾ എന്ന ന്യായേന മൂന്നുകൂട്ടം കൂട്ടുവാൻ പെട്ടെന്നു പാകം ചെയ്യാൻ സുസാധ്യമത്രെ.

പൊടിത്തുവലിനു പൊടി തയാറാക്കുന്ന രീതി ഇവിടെ പ്രസ്താവിക്കാം.

(1) പുഴക്കലരി കല്ലുപോക്കി അൽപമായി ഒന്നു വറുത്തുകൊള്ളുക. ആവശ്യമുള്ള എരിവിന്റെ ക്രമത്തിനു മുളകുവററലും വറുക്കണം സുഗന്ധത്തിനും പ്രത്യേകസ്വാദിനുമായി അൽപം ഉലുവായും വറുത്തുകൊള്ളണം. എണ്ണപിരട്ടാതെ ഇവ ഓരോന്നും പ്രത്യേകം പ്രത്യേകം വറുത്തുപൊടിച്ചു ശരിയായി യോജിപ്പിച്ചുകൊള്ളേണ്ടതാണ്.

(2) പുഴക്കലരിയും, വററൽമുളകും, കൊത്തമല്ലിയും അൽപം നല്ലമുളകും എണ്ണപിരട്ടാതെ പ്രത്യേകം പ്രത്യേകം വറുത്തുചേർത്തു നേർമ്മയായി പൊടിച്ചു യോജിപ്പിച്ചു സൂക്ഷിച്ചുകൊള്ളണം.

മേൽക്കാണിച്ചിരിക്കുന്ന രണ്ടുതരം പൊടികൾക്കും പരസ്പരം രുചിയിൽ വലിയ അന്തരമുണ്ട് ഇതിൽ ഏതെങ്കിലും ഒന്നു ഇഷ്ടംപോലെ പൊടിത്തുവലുകൾക്കു ഉപയോഗിച്ചുകൊള്ളേണ്ടതാകുന്നു. **കിഴങ്ങ്, കത്തിരിക്കാ, വാഴയ്ക്കാ, ഇവകൊണ്ടു ചെയ്യപ്പെടുന്ന പൊടിത്തുവലിനു രണ്ടാമതുപറഞ്ഞിരിക്കുന്ന പൊടിതന്നെയാണു ഉത്തമമായിട്ടുള്ളതു്. കഷണങ്ങൾ ചുണ്ടലിനുപറഞ്ഞിട്ടുള്ളപ്രകാരം പുഴുങ്ങി ക്രമത്തിൽവേവിച്ചു ശരിയായി കടുകുവറുത്തശേഷം കഷണങ്ങളിൽ അല്പാൽപം പററിയിരിക്കാൻ തക്കവണ്ണം പൊടിചേർത്തുകൊള്ളണം.**

ബജി.

ഇതു മഹാരാഷ്ട്രപാകരീതിയിൽ ഉൾപ്പെടുന്നു. ഇതിനെ ഒരുതരത്തിൽ ഉപ്പേരിയായും വേറൊരുതരത്തിൽ പലഹാരമായും ഗണിക്കാവുന്നതാണ്.

ഉഴുന്നു തൊലിമുഴവൻപോക്കി തിരുകല്ലിൽ പൊടിച്ചു നേർമ്മയും വെണ്മയും ഉള്ള മാവാക്കണം. ഈ പൊടി നല്ലതുപോലെ പുളിച്ച തൈരിൽ കുഴമ്പുപരുവത്തിൽ കലക്കിചേർക്കണം. അതോടുകൂടി പാകത്തിനു പച്ചമുളകും പച്ചക്കൊത്തമല്ലിയുംചേർത്തു ആ മാവിൽ ചുവടെ പ്രസ്താവിച്ചിരിക്കുന്ന സസ്യങ്ങൾഇട്ടു മുക്കി അവയിൽ ശരിയായി മാവുപിടിപ്പിച്ചു വെളിച്ചെണ്ണയിൽ ഉപ്പേരി എന്നപോലെ പാകത്തിനു മൂപ്പിച്ചെടുത്തുകൊള്ളാവുന്നതാകുന്നു. അപ്പോൾ കഷണങ്ങളിൽ മാവുകലൻ മൃദുവായി മൊരിഞ്ഞു്, അധികം രുചികരമായിത്തീരും ഇവയിൽ എണ്ണ അധികം പിടിച്ചിരിക്കുന്നതായി കാണപ്പെട്ടാൽ ഓരോ കഷണങ്ങളായി തുണിയിൽഇട്ടു തുണി കൂട്ടിപ്പിടിച്ചമർത്തി എണ്ണപോക്കിക്കൊള്ളേണ്ടതും ആവശ്യമാകുന്നു. ഇതിനുപയോഗിക്കുന്ന കഷണങ്ങൾ തീരെ ചെറുതായി നുറുക്കുന്നതു നന്നല്ല വളരെ വലുതായിപ്പോയാൽ പാകത്തിനു മൊരിഞ്ഞു് തക്ക സ്വാദുപുരപ്പെടുകയുമില്ലെന്നറിയേണ്ടതാകുന്നു. പുറമെ കഷണങ്ങളിൽ ഒരു നെല്ലിടകനത്തിൽ കൂടുതൽ മാവു പൊതിഞ്ഞിരിക്കുമെന്നുള്ളതുകൊണ്ടു അതു മൊരിഞ്ഞു കഷണം മൊരിഞ്ഞുതുടങ്ങുമ്പോൾ കോരി എടുത്തുകൊള്ളുന്നതാണ് വേവു നിശ്ചയിക്കുന്നതിൽ അനുസരിക്കേണ്ട ഉത്തമമാർഗ്ഗം.

യാതൊരു കഷണങ്ങളുംഇടാതെ ഉഴുന്നുമാവുകൊണ്ടു മാത്രവും ബജി പാകപ്പെടുത്താവുന്നതാണ്. ഉഴുന്നുമാവു തൈരിൽ കലക്കി എരിവിന്റെ ക്രമാനുസരണം പച്ചമുളകും, പച്ചക്കൊത്തമല്ലിയും, പൊടിയായി കൊത്തിഅരിഞ്ഞിട്ടുള്ള ഇഞ്ചിയും, പാകത്തിനു ഉപ്പുംചേർത്തു കലക്കി നെല്ലിക്കാപ്രമാണം ഉരുട്ടി (കുഴമ്പുപോലെയിരിക്കുന്ന മാവാകയാൽ കോരിവീഴ്ത്തി എന്നാണല്ലൊ പറയേണ്ടതു് എന്നാൽ അതു മൊരിഞ്ഞു പാകമാകുമ്പോൾ ഒരു നെല്ലിയ്ക്കയോളം വലിപ്പംവരത്തക്കവണ്ണം കോള്ളുകണ്ടു മാവുകോരിവീഴ്ത്തി) വെളിച്ചെണ്ണയിൽ മൂപ്പിച്ചു കോരിക്കൊള്ളണം. (വെളിച്ചെണ്ണയിൽ ഇവ മുങ്ങിക്കിടന്നുതന്നെ വെന്തു മൊരിയേണ്ടതാണ്.) ബജിയിൽ ചേർക്കുവാനുള്ള കഷണങ്ങൾ വളരെ നേർമ്മയായും വൃത്തിയായും നുറുക്കിയിരിക്കണം. ഒന്നോ രണ്ടോ പനയോല കനവും അരരൂപാവൃത്തവും (അല്ലെങ്കിൽ ചതുരവും) വരത്തക്കവിധത്തിൽ നുറുക്കിക്കൊള്ളുന്നതു നന്നായിരിക്കും.

ഇതിലേക്കുപയോഗിക്കാവുന്ന പ്രധാന സാധനങ്ങൾ:—ഉരുളക്കിഴങ്ങു, കത്തിരിക്ക,

കാച്ചിൽ, വെള്ളരിക്കാ, വെണ്ടയ്ക്കാ, ബാംബെഉള്ളി, മുതലായവയാകുന്നു.

കോസ്സംബരികൾ.

ഇവയും മഹാരാഷ്ട്രസമ്പ്രദായമനുസരിച്ചുള്ള പാകത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവ തോരനെപ്പോലെ കട്ടിയായ രൂപത്തിലിരിക്കുന്നു. ഇവയ്ക്കു അഗ്നിസംബന്ധം നിഷിദ്ധമാണ്. അതായതു് അടുപ്പിൽ (തീയിൽ) വച്ചു പാകപ്പെടുത്തിക്കൂടാത്തതാണ്. കടുകുവറുക്കുന്നതുതന്നെ, കടുകു വറുത്തു് കോസംബരി തയാറാക്കിവച്ചിരിക്കുന്ന പാത്രത്തിലേക്കു വീഴ്ത്തിക്കൊള്ളുകയല്ലാതെ ഒരിക്കലും കടുകുവറുക്കുന്ന പാത്രത്തിലേക്കു കോസ്സംബരിചേർത്തു ചൂടുപിടിപ്പിക്കാൻ പാടില്ലാത്തതാകുന്നു. പ്രധാന ചില കോസ്സംബരികളെ ചുവടെ പ്രസ്താവിക്കാം:—

1 വെള്ളരിക്കാകോസ്സംബരി:—ഇതിനു പഴുത്തിട്ടുള്ള വെള്ളരിക്ക അനുയോജ്യമല്ല. വെള്ളരിക്കായുടെ അകത്തുള്ള കുടലും പുറത്തുള്ള തൊലിയുംകളഞ്ഞു ചെറുപയർ വലിപ്പത്തിൽ വളരെ ചെറുതായി കൊത്തി അരിഞ്ഞു പിഴിഞ്ഞു നീരുമുഴുവൻ പോക്കിക്കൊള്ളണം. പച്ചയായി കുത്തിഎടുത്തു തൊൽപോക്കീട്ടുള്ള ചെറുപരിപ്പും പൊടിയായി തിരുകിയ നാളികേരവും അൽപം ചെറുനാരങ്ങയുടെ നീരും അതോടുകൂടിചേർത്തു ഇളക്കി യോജിപ്പിച്ചു ഒരു പാത്രത്തിൽ വച്ചുകൊള്ളണം. ഉഴുന്നുപരിപ്പും, കടുകും, വററൽമുളകും, കരിവേപ്പിലയും കൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു ശരിയായ സുഗന്ധം ആരംഭിക്കുമ്പോൾ തയാറാക്കിവച്ചിരിക്കുന്ന കോസ്സംബരിയിൽ ചേർത്തു ഇളക്കി യോജിപ്പിച്ചുകൊള്ളണം കോസ്സംബരികൾക്കെല്ലാം കടുകുവറുപ്പു തുല്യമാണ്. കടുകുവറുത്ത പാത്രത്തിൽ ഒഴിച്ചു കഷണം വാടുന്നതിനിടവന്നാൽ സ്വാദുകുറയും. എല്ലാ കോസ്സംബരികളും തോരൻ എന്നപോലെ നിബിഡമായിരിക്കണം.

2. വെള്ളരിക്കാകോസ്സംബരി (നമ്പർ 2) വെള്ളരിക്കാ, കിച്ചടിക്കരിയുന്നതുപോലെ അൽപംവലുതായി അരിയണം. പിഴിഞ്ഞു നീരുകളയേണ്ടതില്ല. പാകത്തിനു അതോടുകൂടി ആവശ്യമുള്ള പുളി ഉരുട്ടിഇടണം. പുളിയുടെ അളവിൽ ഒന്നരഇരട്ടി ശർക്കരയും അൽപം ഉപ്പും ചേർക്കണം. ഇവയെല്ലാം ശരിയായി യോജിക്കത്തക്കവണ്ണം ഇളക്കി അൽപനേരം അടച്ചുവച്ചിരുന്നാൽ പുളിയും ശർക്കരയും അലിഞ്ഞു കഷണത്തിൽ ചേർന്നുകൊള്ളും. അതിനുശേഷം വെളിച്ചെണ്ണയിൽ, വററൽമുളകും ഉഴുന്നുപരിപ്പും കടുകും, കരിവേപ്പിലയും കൂടി കടുകുവറുത്തു കോസ്സംബരിയിൽചേർത്തു ഇളക്കി ഉപയോഗിക്കാം. വളരെ രുചിപ്രദമായ ഒരു കൂട്ടുവാനായിരിക്കും.

3 വെള്ളരിക്കാകോസ്സംബരി (നമ്പർ 3) വെള്ളരിക്കാ വളരെ ചെറുതായികൊത്തിഅരിഞ്ഞു പിഴിഞ്ഞു നീരുപോക്കി ഒററതെരിൽ പാകത്തിനു ഉപ്പുംചേർത്തു അതിൽ കഷണംഇട്ടു ഇളക്കിവച്ചുകൊണ്ടു, വെളിച്ചെണ്ണയിൽ, കടുകും, വററൽമുളകും, കരിവേപ്പിലയും, ഉഴുന്നുപരിപ്പുംകൂടി കടുകുവറുത്തു കോസ്സംബരിയിൽവീഴ്ത്തി ശരിയായി ഇളക്കി യോജിപ്പിച്ചുകൊള്ളണം.

4 വെള്ളരിക്കാകോസ്സംബരി (4) വെള്ളരിക്കാ കിച്ചടിക്കെന്നപോലെ അരിഞ്ഞു പിഴിഞ്ഞു നീരുപോക്കി നല്ലമുളകു വറുക്കാതെ പച്ചയായി പൊടിച്ചു് അതും പാകത്തിനു ഉപ്പും ചെറുനാരങ്ങാനീരുംചേർത്തു് ഒരു പാത്രത്തിലാക്കി അതിൽ വെളിച്ചെണ്ണയിൽ മുൻപറഞ്ഞതുപോലെ കടുകുവറുത്തു ഇളക്കിഉപയോഗിച്ചുകൊള്ളണം.

5. മാങ്ങാകോസ്സംബരി (1) മാങ്ങാതൊലി ചെത്തി കൊത്തി അരിഞ്ഞു്, ശർക്കരയും ഉപ്പും ഏലപ്പൊടിയും ഇട്ടു് ഇളക്കി യോജിപ്പിച്ചു് ഒരു പാത്രത്തിൽവച്ചുകൊള്ളണം. ഒരുമണിക്കൂർ കഴിഞ്ഞു മുൻപ്രസ്താവിച്ചതുപോലെ കടുകുവറുത്തുചേർത്തു ഇളക്കികൊള്ളേണ്ടതാകുന്നു.

6. മാങ്ങാകോസ്സംബരി (2) മാങ്ങാതൊലികളഞ്ഞു് ചെറുതായി കൊത്തിഅരിയണം. അതോടുകൂടി വെള്ളരിക്കാ തൊലിയും കുടലുംപോക്കി ചെറുതായി കൊത്തി അരിഞ്ഞു ചേർക്കണം. പച്ചയായികുത്തിപ്പാററി എടുത്തിട്ടുള്ള ചെറുപരിപ്പും ചെറുതായി ചുരണ്ടിഎടുത്ത തേങ്ങായുംകൂടിചേർത്തു ഇളക്കി, വെളിച്ചെണ്ണയിൽ മുളകുവററലും, കടുകും, കറിവേപ്പിലയും, ഉഴുന്നുപരിപ്പുംചേർത്തു കടുകുവറുത്തു് അതിൽ വീഴ്ത്തി യോജിപ്പിച്ചുകൊള്ളണം. ഇതിനെ "കൂട്ടുമാങ്ങാകോസ്സംബരി" എന്നു പറഞ്ഞുവരുന്നു. (തുടരും)

THE MALAYALA RAJYAM

26th NOV. 1934. **CHITRAVARIKA.** Vol. VII No. 12

ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കറവുകൾ ലഭിച്ച
ആരോഗ്യസിദ്ധ എന്ന

കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറെറല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചൂടിൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൎന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുംകുഴിഞ്ഞ്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞ്, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മംകൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

പിത്തകുലാന്തകൻ.

പിത്തരോഗികൾക്ക് ഒരു വലിയ
അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പ്പോഴും വിയൎക്കുക, ശരീരത്തിന്നു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മഞ്ഞക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചമിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളൎച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്ട്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അൎശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—
ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.